# ബജറ്റ് പ്രസംഗം

## 2022 - 2023

ശ്രീമതി. കെ.എ. അൻസിയ
ഡെപ്യൂട്ടി മേയർ

2022 മാർച്ച് 24

കൊച്ചി മുനിസിപ്പൽ കോർപ്പറേഷൻ

# ഉള്ളടക്കം

പേജ് നമ്പർ


1. ആമുഖം ........ 11
2. 2021-2022 ലെ പുതുക്കിയ ബജറ്റും 2022-2023 ലെ ബജറ്റ് നിർദ്ദേശവും 14
3. ഇ-ഗവേണൻസ് ........ 15
4. സുസ്ഥിര വികസന ലക്ഷ്യങ്ങൾ ........ 16
5. പുതിയ ആസ്ഥാന മന്ദിരം ........ 17
6. മാസ്റ്റർ പ്ലാൻ ........ 19
7. മറൈൻഡ്രൈവ് എക്സ്റ്റൻഷൻ ........ 20
8. സമൃദ്ധി @ കൊച്ചി ........ 21
9. സമൃദ്ധി @ ഫോർട്ട് കൊച്ചി ........ 22
10. സമൃദ്ധി @ കൊച്ചി സാറ്റ്ലൈറ്റ് യൂണിറ്റുകൾ ........ 22
11. സമൃദ്ധി @ കൊച്ചി ഫുഡ് ഡെലിവറി യൂണിറ്റ് ........ 22
12. സമൃദ്ധി @ കൊച്ചി കാറ്ററിംഗ് യൂണിറ്റ് ........ 23
13. സ്ട്രീറ്റ് വെൻഡിങ് പോളിസി ........ 23
14. ഫോർട്ടുകൊച്ചി ബീച്ച് ........ 24
15. ഫോർട്ടുകൊച്ചി ടൂറിസം ജെട്ടി ........ 25
16. എറണാകുളം ബോട്ട് ജെട്ടി സൗന്ദര്യവൽക്കരണ പദ്ധതി ........ 25
17. സ്മാർട്ട് സിറ്റീസ് മിഷൻ പദ്ധതികൾ ........ 25
18. വളണ്ടിയർ ബാങ്ക് ........ 26
19. മഹാകവി ജി സ്മാരകം ........ 26
20. പൈതൃക വീഥി ........ 27
21. മാർക്കറ്റുകൾ ........ 28
22. ശ്മശാനങ്ങൾ ........ 28
23. ഓപ്പൺ സ്പേസ് പോളിസി ........ 29

| | | |
|---|---|---|
| 24. | കേരള അർബൻ ഫോറം | 30 |
| 25. | ജി.ഐ.എസ്. ബിൽഡിങ് മേപ്പ് | 30 |
| 26. | ഇന്റർനാഷണൽ അർബൻ ഇന്നൊവേഷൻ ഹബ് | 30 |
| 27. | സി-ഹെഡ് | 31 |
| 28. | ടൗൺ ഹാൾ | 33 |
| 29. | പള്ളുരുത്തിയിൽ സിറ്റി ഹാൾ | 33 |
| 30. | കൊച്ചി ഇക്കോ ചലഞ്ച് | 34 |
| 31. | എൽ.ഇ.ഡി. സ്ട്രീറ്റ്ലൈറ്റ് | 35 |
| 32. | ഗതാഗത രംഗം | 35 |
| 33. | സ്മാർട്ട് റോഡുകൾ | 36 |
| 34. | റോഡുകളുടെ നവീകരണവും പരിപാലനവും | 37 |
| 35. | പ്രധാന റോഡുകളുടെ നിർമ്മാണവും പൂർത്തീകരണവും | 37 |
| 36. | ബി.എം. & ബി.സി. റോഡുകൾ | 38 |
| 37. | ബൗണ്ടറി റോഡുകൾ | 38 |
| 38. | റോഡ് ക്ലസ്റ്റർ പദ്ധതി | 38 |
| 39. | തമ്മനം-പുല്ലേപ്പടി റോഡ് | 38 |
| 40. | പള്ളുരുത്തി പാരലൽ റോഡ് | 40 |
| 41. | പള്ളുരുത്തി റിംഗ് റോഡ് | 40 |
| 42. | വെളി റോഡ് | 40 |
| 43. | എലവേറ്റഡ് ഹൈവേ | 40 |
| 44. | ആലിൻചുവട് ജംഗ്ഷൻ വികസനം | 41 |
| 45. | ഗതാഗത ഹബ്-മൊബിലിറ്റി പ്ലാൻ | 41 |
| 46. | വൈറ്റില ജംഗ്ഷൻ മൊബിലിറ്റി പ്ലാൻ | 41 |
| 47. | ജസ്റ്റിസ് കൃഷ്ണയ്യർ സ്ക്വയർ | 42 |
| 48. | നഗരം ഇലക്ട്രിക് വാഹനങ്ങളിലേക്ക് | 42 |
| 49. | ഇലക്ട്രിക്ക് ചരക്ക് വാഹനങ്ങൾ | 43 |

50. ഇ-ഓട്ടോ പദ്ധതി .......... 43
51. ബസ് സ്റ്റാന്റുകൾ .......... 44
52. ആധുനിക ബസ്സ്റ്റോപ്പുകൾ .......... 44
53. ഫുട്ട് ഓവർ ബ്രിഡ്ജുകൾ .......... 44
54. ഓപ്പറേഷൻ ഫുട്പാത്ത് .......... 45
55. മേൽപ്പാലങ്ങൾ .......... 45
56. മധുര കമ്പനി-കണ്ണങ്കാട്ട് പാലം .......... 45
57. തേവര വാക്ക്‌വേ .......... 46
58. പാർക്കിംഗ് .......... 46
59. ബസ് റൂട്ട് പുനഃക്രമീകരണം .......... 46
60. ട്രാൻസ്പോർട്ട് സെല്ലിന്റെ രൂപീകരണം .......... 47
61. റോ-റോ .......... 47
62. മൂന്നാമത്തെ റോ-റോ .......... 47
63. സീസൺ ടിക്കറ്റ് .......... 48
64. വാട്ടർ മെട്രോ .......... 48
65. സൈക്കിൾ വിത്ത് കൊച്ചി .......... 48
66. മൊബൈൽ ടാർ പാച്ചിംഗ് യൂണിറ്റുകൾ .......... 49
67. മാലിന്യസംസ്ക്കരണം .......... 50
68. ഗ്രീൻ ബെൽറ്റ് .......... 50
69. നിലവിലുള്ള പ്ലാന്റിന്റെ പ്രവർത്തനം .......... 51
70. ബയോ മൈനിങ് .......... 51
71. വേസ്റ്റ് ടു എനർജി പദ്ധതി .......... 52
72. എം.ആർ.എഫ്. സംവിധാനം .......... 52
73. കെട്ടിടാവശിഷ്ടങ്ങൾ .......... 53
74. ബയോമെഡിക്കൽ വേസ്റ്റ് .......... 53
75. ഇ-വേസ്റ്റ് പ്ലാന്റ് .......... 53

76. മാലിന്യനീക്കം ........ 53
77. മാലിന്യശേഖരണം-മൊബൈൽ ആപ്പ് ........ 54
78. സ്മാർട്ട് ഗാർബേജ് മോണിറ്ററിംഗ് സിസ്റ്റം ........ 54
79. വെൽത്ത് ഫ്രം വേസ്റ്റ് ........ 54
80. സ്വച്ഛ് ഭാരത് മിഷൻ ........ 54
81. സിറ്റി വൈഡ് ഇൻക്ലൂസീവ് സാനിറ്റേഷൻ ........ 55
82. ബയോബിൻ ........ 55
83. വെള്ളക്കെട്ട് ........ 56
84. പുതിയ ഓപ്പറേഷൻ ബ്രേക്ക് ത്രൂ പദ്ധതി ........ 58
85. ബൗണ്ടറി കനാൽ ........ 58
86. ഗ്രീൻ-ഗ്രേ പരിഹാര മാർഗ്ഗങ്ങൾ ........ 58
87. കനാൽ നവീകരണം ........ 59
88. കനാൽ പുനരുജ്ജീവനപദ്ധതി ........ 59
89. ക്ലസ്റ്റർ യോഗം ........ 60
90. വി.സി.ആർ.സി. ........ 61
91. കർമ്മപദ്ധതി ........ 61
92. മലിനജല സംസ്ക്കരണം ........ 62
93. സൂവേജ് പദ്ധതി ........ 62
94. സെപ്റ്റേജ് ........ 63
95. പുതിയ സെപ്റ്റേജ് പ്ലാന്റ് ........ 63
96. ഹീൽ ........ 63
97. പൊതുജനാരോഗ്യം ........ 65
98. ആശുപത്രികൾ ........ 67
99. പ്രാഥമിക ആരോഗ്യകേന്ദ്രങ്ങൾ ........ 67
100. ആയുർവേദ ആശുപത്രികൾ ........ 67
101. ഹോമിയോ ആശുപത്രി ........ 68

102. മെഡിക്കൽ ക്യാമ്പുകൾ ........ 68
103. ഡയാലിസിസ് ........ 68
104. പാലിയേറ്റീവ് കെയർ ........ 69
105. മാതൃകയായി കോവിഡ് കാലത്തെ പ്രവർത്തനങ്ങൾ ........ 69
106. ഓട്ടോ ആംബുലൻസ് ........ 73
107. മാനസികാരോഗ്യം ........ 74
108. ജീവിതം ലഹരി ........ 75
109. കരുതൽ ........ 75
110. എല്ലാവർക്കും വീട് ........ 76
111. തുരുത്തി കോളനി ........ 76
112. പി.&ടി. കോളനി പുനരധിവാസം ........ 77
113. കോന്തുരുത്തി-പുനരധിവാസം ........ 77
114. ശാന്തിപുരം കോളനി ........ 78
115. വെണ്ണലപ്പാറ ഭവനപദ്ധതി ........ 78
116. വേക്കന്റ് ലാൻഡ് സർവ്വേ ........ 78
117. സ്ത്രീ സൗഹൃദ നഗരം ........ 79
118. ജെൻഡർ റിസോഴ്സ് സെന്റർ ........ 79
119. ജെൻഡർ സെൻസിറ്റീവ് ആൻഡ് ഇൻക്ലൂസിവ് സിറ്റി ........ 80
120. ഷീ ലോഡ്ജ് ........ 81
121. ഡിജിറ്റൽ മേഖലയിലെ സംരംഭകത്വം ........ 81
122. വനിതാ സംരംഭക അവാർഡ് ........ 83
123. നന്മ പദ്ധതി ........ 83
124. പരിസ്ഥിതി പഠന പുസ്തകം ........ 84
125. കുട്ടികളുടെ പാർക്ക് ........ 84
126. മട്ടാഞ്ചേരി പാർക്ക് ........ 84
127. തണൽമരങ്ങൾ സംരക്ഷിക്കും ........ 84

128. 'കാവാക്കി' കൂടുതൽ സ്ഥലങ്ങളിലേക്ക് ........ 85
129. ജൈവവൈവിധ്യ പദ്ധതി-രണ്ടാം ഘട്ടം ........ 86
130. കാലാവസ്ഥാ വ്യതിയാനം-അതിജീവനത്തിനായി സമഗ്ര പദ്ധതി.... 87
131. കാലാവസ്ഥാ വ്യതിയാനം-ദുരന്തങ്ങളുടെ അതിജീവനത്തിനായി പ്രാദേശിക വ്യക്തതയുള്ള ശാസ്ത്രീയ പഠനങ്ങൾ ........ 88
132. പേമാരികളുടെ പ്രതിരോധത്തിനായി കർമ്മപദ്ധതി ........ 88
133. താപ ദ്വീപ് പ്രതിഭാസം കൊച്ചിയിലും ........ 89
134. വേലിയേറ്റ ക്രമ വ്യത്യാസം നേരിടാൻ സമഗ്ര കർമ്മപദ്ധതി........ 89
135. കാലാവസ്ഥാ മാറ്റവും ജനാരോഗ്യവും ........ 90
136. കാലാവസ്ഥാ വ്യതിയാനം-ഊർജ്ജരംഗം ........ 90
137. കാലാവസ്ഥാ വ്യതിയാനം-സർക്കാർ സഹായം ........ 91
138. പക്ഷി ഭൂപടം ........ 91
139. ജലവിതരണം ........ 92
140. കുടിവെള്ള പദ്ധതി........ 93
141. അമൃത് പദ്ധതി രണ്ടാം ഘട്ടം ........ 94
142. സ്മാർട്ട് വാട്ടർ ഡിസ്ട്രിബ്യൂഷൻ പദ്ധതി........ 94
143. ബാന്റിക്യൂട്ട് ക്ലീനിങ് റോബോർട്ട് ........ 95
144. ജലനയം ........ 95
145. ലൈബ്രറികൾ ........ 96
146. ആസ്ക്ക് സ്ഥിരം വേദികൾ........ 96
147. മട്ടാഞ്ചേരി സ്മാരകം........ 96
148. ഹെറിട്ടേജ് ബൈലോ........ 97
149. ബേസ് മേപ്പ് ........ 97
150. ഫുഡ് സ്ട്രീറ്റ് ........ 97
151. കൊച്ചി ഹാറ്റ് ........ 98
152. തീയറ്റർ കോംപ്ലക്സ് കം കൾച്ചറൽ സെന്റർ ........ 98

153. കൾച്ചറൽ ഫെസ്റ്റിവൽ ............ 98

154. പി.ജെ. ആന്റണി കൾച്ചറൽ സെന്റർ ............ 99

155. ഇ.കെ. നാരായണൻ സ്ക്വയർ ............ 99

156. എം.കെ. അർജുനൻ മാസ്റ്റർ സാംസ്കാരിക കേന്ദ്രം ............ 99

157. പ്രഭാഷണ പരമ്പര ............ 100

158. കൊച്ചി ഫ്യൂച്ചർ ഡെസ്റ്റിനേഷൻസ് പ്ലാൻ ............ 100

159. സുസ്ഥിര ചുറ്റുവട്ടം പദ്ധതി – രണ്ടാം ഘട്ടം ............ 100

160. അർബൻ ഒബ്സർവേറ്ററി ............ 101

161. അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതി ............ 102

162. അഭയകേന്ദ്രങ്ങൾ ............ 103

163. നൈപുണ്യ പരിശീലനവും തൊഴിൽ നിയമനവും ............ 103

164. സ്വയം തൊഴിൽപദ്ധതി (എസ്.ഇ.പി.) ............ 104

165. കമ്മ്യൂണിറ്റി എന്റർപ്രൈസസ് ഫണ്ട് (സി.ഇ.എഫ്.) ............ 104

166. പ്രധാനമന്ത്രി ഫോർമലൈസേഷൻ ഓഫ് മൈക്രോ എന്റർപ്രൈസസ് (പി.എം.എഫ്.എം.ഇ.) ............ 104

167. കോഫി ഷോപ്പ് ............ 104

168. ജോബ് ആപ്പ് ............ 105

169. ലിങ്കേജ് ലോൺ വഴി സംരംഭം ............ 105

170. വിദ്യാഭ്യാസ രംഗം ............ 105

171. വിദ്യാഭ്യാസ അവാർഡ് ............ 106

172. വിദ്യാർത്ഥികൾക്കുള്ള ടാബ് വിതരണം ............ 106

173. സ്കൂളുകൾ ഭിന്നശേഷി സൗഹൃദമാക്കൽ ............ 106

174. സ്കൂളുകളിൽ ആധുനിക ലാബ് സൗകര്യം ഒരുക്കൽ ............ 107

175. സ്കൂളുകളുടെ മാസ്റ്റർ പ്ലാൻ തയ്യാറാക്കൽ ............ 107

176. സ്മാർട്ട് ക്ലാസ് റൂമുകൾ ............ 107

177. വെണ്ണല സ്കൂൾ ഗ്രൗണ്ട് ............ 107

178. അംഗനവാടികൾ ..... 108
179. പട്ടികജാതി - പട്ടികവർഗ ക്ഷേമം ..... 108
180. കലാ - കായിക മത്സരങ്ങൾ ..... 108
181. മേയേർസ് കപ്പ് ഫുട്ബോൾ ..... 109
182. വെളി ഗ്രൗണ്ട് ..... 109
183. പള്ളുരുത്തി ഗ്രൗണ്ട് ..... 110
184. സ്പോർട്സ് കോംപ്ലക്സ് ..... 110
185. നീന്തൽ പരിശീലന കേന്ദ്രം ..... 110
186. വെണ്ണല മിനി സ്റ്റേഡിയം ..... 110
187. മാരത്തൺ ..... 110
188. കാർഷിക രംഗം ..... 111
189. മത്സ്യബന്ധന മേഖല ..... 113
190. ഫിഷ് ലാൻഡിങ് സെന്റർ ..... 114
191. അറവ് ശാലകൾ ..... 114
192. ബി.പി.എൽ. ലിസ്റ്റിൽ നിന്നും ഒഴിവാക്കിയവർ ..... 115
193. ഫുഡ് ടെസ്റ്റിംഗ് ലാബുകൾ ..... 115
194. ക്യാമറകൾ ..... 115
195. സാമ്പത്തികരംഗം ..... 115
196. ധനകാര്യ കമ്മീഷൻ ഗ്രാന്റ് ..... 117
197. കെ.എസ്.ഡബ്ല്യു.എം.പി. - ഗ്രാന്റ് (വേൾഡ് ബാങ്ക്) ..... 117
198. ഉപസംഹാരം ..... 117

**ആമുഖം**

1. 2022–2023 സാമ്പത്തിക വർഷത്തെ സംസ്ഥാന ബജറ്റിൽ കൊച്ചി നഗരത്തിന്റെ ഭാവി വികസനം മുൻനിർത്തിയുള്ള പദ്ധതികൾക്ക് പ്രത്യേക പരിഗണന നൽകിയ ബഹുമാനപ്പെട്ട സംസ്ഥാന സർക്കാരിന്, പ്രത്യേകിച്ച് ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്കും ധനകാര്യവകുപ്പ് മന്ത്രിക്കും വ്യവസായവകുപ്പ് മന്ത്രിക്കും തദ്ദേശ സ്വയംഭരണവകുപ്പ് മന്ത്രിക്കും കൊച്ചി പൗരാവലിയുടെ പേരിൽ പ്രത്യേകം നന്ദി പറഞ്ഞു കൊണ്ട് 2022–2023 സാമ്പത്തിക വർഷത്തെ കൊച്ചി മുനിസിപ്പൽ കോർപ്പറേഷന്റെ ബജറ്റ് അവതരണം എല്ലാവരുടെയും അനുമതി യോടെ ആരംഭിക്കുന്നു.

2. ലോക നഗരങ്ങൾ ഇന്ന് മാറ്റത്തിന്റെ പാതയിലാണ്. കേവലം തൊഴിൽ കേന്ദ്രങ്ങൾ മാത്രമായിരുന്ന നഗരങ്ങൾ ഇന്ന് പുതിയൊരു ആവാസ വ്യവസ്ഥയുടെ ഭാഗമായി സ്വയം ആധുനികവൽക്കരിക്കപ്പെട്ടുകൊണ്ടിരിക്കുകയാണ്. തൊഴിൽ, താമസം, പരിസ്ഥിതി, സംസ്കാരം, വിനോദം എന്നിങ്ങനെ വിവിധ ഘടകങ്ങൾ കൂടിച്ചേർന്നുകൊണ്ട് നഗരം എന്നത് ജനങ്ങളുടെ ഒരു സാംസ്കാരിക ഇടം കൂടിയായി വികസിച്ചുകൊണ്ടിരിക്കുകയാണ്. ലോകത്തിലെ വിവിധ നഗരങ്ങളിൽ സംഭവിച്ചുകൊണ്ടിരിക്കുന്ന ഈ ആധുനീകരണത്തിലേക്ക് കൊച്ചിയെ ഉയർത്തിക്കൊണ്ടുവരിക എന്ന സംഭവ്യമായ ലക്ഷ്യത്തിലൂന്നിയുള്ള പ്രവർത്തനങ്ങൾക്കാണ് കഴിഞ്ഞ ചുരുങ്ങിയ നാളുകൾക്കുള്ളിൽ ഈ കൗൺസിൽ തുടക്കംകുറിച്ചത്.

3. വിവിധ സംസ്കാരങ്ങളുടെ കൂടിച്ചേരലിലൂടെ കൊച്ചിക്ക് തനതായ ഒരു വ്യക്തിത്വമുണ്ട്. കച്ചവടത്തിന്റേയും വ്യവസായത്തിന്റേയും

കലയുടേയും സംസ്ക്കാരത്തിന്റേയും കേന്ദ്രമായി നിലകൊള്ളുമ്പോഴും പുതിയ മാറ്റങ്ങളെ സ്വീകരിക്കാനും പുതുമയെ ആദ്യമേ ഉൾക്കൊണ്ട് കാലത്തിനൊത്ത് മുന്നേറാനും കൊച്ചി നഗരത്തിന് പ്രത്യേകമായ ഒരു കഴിവുണ്ട്. അതുകൊണ്ടാണ് കൊച്ചിയുടെ പെരുമ കായലും കടലും കടന്ന് വ്യാപിക്കപ്പെട്ടത്. കൊച്ചി തേടി ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽനിന്നും കച്ചവടക്കാരും സഞ്ചാരികളും എത്തിച്ചേർന്നത്, പതിയെ പതിയെ കൊച്ചി ഒരു സാംസ്കാരിക-വാണിജ്യ സിരാകേന്ദ്രമായി മാറിയത്.

4. വിവര സാങ്കേതിക വിദ്യയുടെ വികാസത്തോടെ ലോകം ചുരുങ്ങി കൊണ്ടിരിക്കുകയാണ്. ഇന്റർനെറ്റിന്റെ സഹായത്തോടെ ലോകത്തിലെ ഏതു ബഹുരാഷ്ട്ര മൂലധനസ്ഥാപനത്തിനുവേണ്ടിയും വീട്ടിലിരുന്നു ജോലി ചെയ്യാമെന്ന അവസ്ഥ ഇന്നുണ്ട്. അതോടൊപ്പം കോവിഡിന്റെ പരിണിതഫലമായി പുതിയ ലോകത്തിന്റെ തൊഴിൽ രീതി മാറിമറിയുകയാണ്. ഈ മാറ്റം ഉൾക്കൊണ്ട് നവീകരിക്കപ്പെടുന്ന നഗരങ്ങൾ നാളെയുടെ കേന്ദ്രങ്ങളായി മാറും. അതിനനുസരിച്ചുള്ള അടിസ്ഥാന പശ്ചാത്തല സൗകര്യങ്ങൾ ഒരുക്കി നൽകിക്കൊണ്ട് പുതിയ നൂറ്റാണ്ടിലെ നഗരമായും വരുംകാലത്തിന്റെ നഗരമായും കൊച്ചിയെ ഒരുക്കേണ്ടതുണ്ട്. നമ്മുടെ അടുത്ത തലമുറയോട് നമുക്ക് നീതി പുലർത്തേണ്ടതുണ്ട്.

5. ഈ ഭരണസമിതിയുടെ ആദ്യ ബജറ്റിൽ ഏകദേശം ഇരുന്നൂറോളം പദ്ധതികളാണ് പ്രഖ്യാപിച്ചിരുന്നത്. അതിൽ ഹ്രസ്വകാലത്തേക്കും ദീർഘകാലത്തേക്കുമുള്ള പദ്ധതികളും തുടർച്ചകൾ വേണ്ടിവരുന്ന പദ്ധതികളുമുണ്ട്. ഒരു വർഷംകൊണ്ട് പൂർത്തീകരിക്കപ്പെടുന്ന പദ്ധതികളായിട്ടല്ല അവയിൽ പലതും വിഭാവനം ചെയ്തിട്ടുള്ളത്.

6. ഓരോ വർഷവും പുതിയ പുതിയ പദ്ധതികൾ ബജറ്റിൽ പ്രഖ്യാപിക്കുക എന്നതാണ് ഒരു ഭരണസമിതിയുടെ പ്രവർത്തനം എന്ന് ഞങ്ങൾ കരുതുന്നില്ല. പദ്ധതികൾ നമുക്ക് ആവശ്യത്തിലധികം ഉണ്ട്.

അവ നടപ്പിലാക്കുന്നതിലെ താമസവും തടസ്സങ്ങളുമാണ് നമ്മുടെ പ്രശ്നം. അതുകൊണ്ടുതന്നെ പുതിയ പദ്ധതികൾ അവതരിപ്പിക്കുക എന്നതിനപ്പുറം അവതരിപ്പിക്കപ്പെട്ട പദ്ധതികൾ യാഥാർത്ഥ്യമാക്കുവാൻ നിരന്തരശ്രമങ്ങൾ നടത്തുക എന്നതാണ് ഈ കൗൺസിൽ പ്രാമുഖ്യം നൽകുന്നത്. സ്വപ്നങ്ങൾ വാരിവിതറുന്നതിലല്ല, പറഞ്ഞത് പ്രാവർത്തികമാക്കുന്നതിലാണ് ശ്രദ്ധ ചെലുത്തുന്നത്.

7. കഴിഞ്ഞ ഒരു വർഷക്കാലയളവിൽ തുടക്കമിട്ട വിവിധ പ്രവർത്തനങ്ങളും പദ്ധതികളും കൊച്ചിയെ ഒരു ചലനാത്മക നഗരമാക്കിക്കൊണ്ട് ലോകത്തിലെ ജീവിക്കാൻ പറ്റിയ മികച്ച നഗരങ്ങളിലൊന്നായി (ലിവബിൾ സിറ്റി) മാറ്റിയെടുക്കുക എന്നതിലേക്കായിരുന്നു. എല്ലാവർക്കും വീട്, എല്ലാവർക്കും തൊഴിൽ, മികച്ച റോഡുകൾ, ശക്തമായ പൊതുഗതാഗത സംവിധാനം, മാലിന്യ സംസ്ക്കരണം, പൊതു ഇടങ്ങളുടെ നവീകരണം, കലാകേന്ദ്രങ്ങൾ, ആരോഗ്യ കേന്ദ്രങ്ങൾ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ എന്നിങ്ങനെയുള്ള വിവിധങ്ങളായ സൗകര്യങ്ങൾ കൂടുതൽ മികച്ച നിലയിൽ ലഭ്യമാക്കിക്കൊണ്ട് കൊച്ചിയെ ഏറ്റവും മികച്ച ഒരു നഗരകേന്ദ്രമായി മാറ്റുക എന്നതാണ് ഞങ്ങളുടെ ലക്ഷ്യം.

8. ഒരൊറ്റ ദിവസംകൊണ്ട് പൂർത്തീകരിക്കാവുന്ന ലക്ഷ്യമല്ലിത് എന്ന പൂർണ്ണ ബോധ്യമുണ്ട്. നമുക്കുള്ളത് പരിമിതമായ വിഭവങ്ങളാണ്, പരിമിതമായ സമയമാണ്. പക്ഷേ, കൃത്യമായ ആസൂത്രണത്തിലൂടെ, വിഭവങ്ങളുടെ ശാസ്ത്രീയമായ വിനിയോഗത്തിലൂടെ, ജനങ്ങളെ പങ്കെടുപ്പിച്ചുകൊണ്ടുള്ള പ്രയത്നങ്ങളിലൂടെ നമുക്ക് നേടിയെടുക്കാവുന്നതേയുള്ളൂ ഇത്. ആ വലിയ ലക്ഷ്യത്തിലേക്കുള്ള ചെറിയൊരു തുടക്കമായിരുന്നു ‘സമൃദ്ധി’ ജനകീയ ഭക്ഷണശാല. ഒരു നഗരം വലുതാകുന്നത് വലിയ കെട്ടിടങ്ങളും വലിയ റോഡുകളും നിർമ്മിക്കപ്പെടുമ്പോൾ മാത്രമല്ല. ആരും വിശന്നിരിക്കാത്ത അവസ്ഥ ഉണ്ടാകുമ്പോൾ, അവരുടെ സന്തോഷത്തിൽ നിന്നുമാണ്, അവരുടെ പുഞ്ചിരിയിൽ നിന്നുമാണ് ഒരു മികച്ച നഗരം പൊട്ടിവിരിയുന്നത്.

9. എല്ലാ വിഭാഗം ജനങ്ങൾക്കും അവരുടെ വൈദഗ്ദ്ധ്യമേഖലയിൽ തൊഴിൽ നൽകുന്ന കേരളത്തിലെ ഏറ്റവും വലിയ നഗരമാണ് കൊച്ചി. കൂടുതൽ കൂടുതൽ തൊഴിൽ മേഖലകൾ കൊച്ചിയിൽ തുടക്കം കുറിക്കപ്പെടണം. ഉൽപ്പാദിപ്പിക്കപ്പെടുന്ന ഉൽപ്പന്നങ്ങൾക്ക് മൂല്യമുള്ള വിപണി ഉണ്ടാകണം. ഓരോ തൊഴിൽശാലയും വിപണിയും അതുമായി ബന്ധപ്പെട്ടവരെ മാത്രമല്ല ഉൾക്കൊള്ളുന്നത്. വിവിധ ഉപവഴികളിലൂടെ വിവിധ വിഭാഗം ജനങ്ങളുടെ ഉപജീവനമാർഗ്ഗത്തിനുള്ള സ്ഥലമായി കൊച്ചി മാറട്ടെ. കൂടുതൽ വ്യവസായങ്ങൾക്ക്, പുതിയ തൊഴിൽ മേഖലകൾക്ക് അനുയോജ്യമായ രീതിയിലുള്ള സൗഹൃദ നഗരമായി കൊച്ചി നവീകരിക്കപ്പെടേണ്ടതുണ്ട്. ആധുനിക രീതിയിലുള്ള സൗകര്യങ്ങളും മികച്ച അടിസ്ഥാന സൗകര്യങ്ങളും നഗരത്തിൽ ഒരുക്കേണ്ടതുണ്ട്. അത്തരമൊരു വിശാലമായ ലക്ഷ്യത്തിലൂന്നിയുള്ള വിവിധ പദ്ധതികളാണ് കഴിഞ്ഞ ബജറ്റിലും അതിന്റെ തുടർച്ചയെന്നോണമുള്ള ഈ ബജറ്റിലും ഉൾക്കൊള്ളിച്ചിരിക്കുന്നത്.

10. കഴിഞ്ഞ ഒരു വർഷം കൊണ്ട് നേടിയെടുത്ത പ്രവർത്തന മികവ് തുടരുക എന്നതിന് ഊന്നൽ നൽകി, കൊച്ചിയെ ലോകത്തിലെ മികച്ച നഗരങ്ങളിൽ ഒന്നാക്കി മാറ്റുന്നതിനായി നാം ഏറ്റെടുത്തു നടത്തേണ്ട കർമ്മ പദ്ധതികൾ, അതിനായി നാം ആവിഷ്കരിക്കേണ്ട 'മാനേജ്മെന്റ് തന്ത്രങ്ങൾ' അവയെല്ലാം സമന്വയിപ്പിക്കാൻ വേണ്ട നിർദ്ദേശങ്ങൾ എന്നിവയാണ് ഈ ബജറ്റിന്റെ ഉള്ളടക്കം.

**2021–2022 ലെ പുതുക്കിയ ബജറ്റും 2022–2023 ലെ ബജറ്റ് നിർദ്ദേശവും**

11. 2020–21 സാമ്പത്തിക വർഷത്തെ 671,24,22,737.00 രൂപ വരവും 573,19,01,980.00 രൂപ ചെലവും 98,05,20,757.00 രൂപ നീക്കിബാക്കിയുമുള്ള യഥാർത്ഥ കണക്കുകളും, 2021–22 സാമ്പത്തിക വർഷത്തെ 847,92,97,136.00 രൂപ വരവും 793,92,66,505.00 രൂപ ചെലവും 54,00,30,631.00 രൂപ നീക്കിബാക്കിയും പ്രതീക്ഷിക്കുന്ന പുതുക്കിയ ബജറ്റും.

12. 2022–2023 സാമ്പത്തിക വർഷത്തെ 1099,09,95,015.00 രൂപ വരവും 1059,02,29,790.00 രൂപ ചെലവും 40,07,65,225.00 രൂപ നീക്കിബാക്കിയും പ്രതീക്ഷിക്കുന്ന ബജറ്റ് എസ്റ്റിമേറ്റും അംഗീകരിക്കുവാനും ആയത് ബഹുമാനപ്പെട്ട കൗൺസിലിന്റെ അംഗീകാരത്തിന് സമർപ്പിക്കുന്നതിനും തീരുമാനിച്ചു.

## ഇ-ഗവേണൻസ്

13. കൊച്ചി മുനിസിപ്പൽ കോർപ്പറേഷന്റെ പ്രവർത്തനങ്ങൾ പൂർണമായും ഇ-ഗവേണൻസ് സംവിധാനത്തിലധിഷ്ഠിതമാക്കുക എന്നത് ഈ കൗൺസിലിന്റെ പ്രഖ്യാപിത ലക്ഷ്യമാണ്. കഴിഞ്ഞ ഒരു വർഷക്കാലമായി ബഹുമാനപ്പെട്ട സംസ്ഥാന സർക്കാരുമായി സഹകരിച്ചുകൊണ്ട് ഈ ലക്ഷ്യം നിറവേറ്റുന്നതിനുള്ള നിരന്തര പരിശ്രമങ്ങളാണ് നാം നടത്തിക്കൊണ്ടിരിക്കുന്നത്. ആയതിന്റെ ഫലമായി ജനന-മരണ-വിവാഹ രജിസ്ട്രേഷനുകളും സർട്ടിഫിക്കറ്റ് വിതരണവും 2021 സെപ്റ്റംബർ മുതൽ ഓൺലൈൻ സംവിധാനത്തിലേക്ക് മാറ്റുവാൻ നമുക്ക് സാധിച്ചിട്ടുണ്ട്.

14. ബിൽഡിംഗ് അപേക്ഷകൾ പരിഗണിക്കുന്നതും പാസാക്കുന്നതും ഓൺലൈൻ സംവിധാനത്തിലേക്ക് ഇതിനകം തന്നെ മാറ്റിയിട്ടുണ്ട്. തൊഴിൽ നികുതി അടക്കമുള്ളവ ഓൺലൈനായി അടയ്ക്കുന്നതിനുള്ള സംവിധാനങ്ങളും തയ്യാറാക്കിയിട്ടുണ്ട്. 2013 ഏപ്രിലിന് ശേഷം നികുതി നിർണയിക്കപ്പെട്ട കെട്ടിടങ്ങളുടെ വസ്തുനികുതി ഓൺലൈനായി അടയ്ക്കുന്ന സംവിധാനം ആരംഭിച്ചുകഴിഞ്ഞു. 2013 ഏപ്രിൽ മാസത്തിനുമുമ്പ് നിർണ്ണയിക്കപ്പെട്ട കെട്ടിടങ്ങളുടെ നികുതി ഓൺലൈനായി അടയ്ക്കുന്നതിനുള്ള സംവിധാനം തയ്യാറാക്കിക്കൊണ്ടിരിക്കുകയാണ്.

15. അടുത്ത ആറുമാസത്തിനുള്ളിൽ കൊച്ചി മുനിസിപ്പൽ കോർപ്പറേഷന്റെ മുഴുവൻ സേവനങ്ങളും പൂർണ്ണമായും ഓൺലൈൻ സംവിധാന

ത്തിലേക്ക് മാറ്റുവാനുള്ള കൃത്യവും കാര്യക്ഷമവുമായ പ്രവർത്തനങ്ങളും ഏകോപനവുമാണ് നിലവിൽ നടന്നുവരുന്നത്. ഡി&ഒ ലൈസൻസ്, ഒക്കുപ്പൻസി സർട്ടിഫിക്കറ്റ്, ഉടമസ്ഥാവകാശ സർട്ടിഫിക്കറ്റ് എന്നിവ ഓൺലൈനിൽ ലഭ്യമാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ഏറെക്കുറെ പൂർത്തീകരിച്ചിട്ടുണ്ട്. പൊതുജനങ്ങളുടെ പരാതികൾ സ്വീകരിക്കാനും പരിഹരിക്കാനുമുള്ള ഒരു 'മൊബൈൽ ആപ്പ്' അധിഷ്ഠിത സംവിധാനവും ഇ-ഗവേണൻസ് പദ്ധതിയുടെ ഭാഗമായി വികസിപ്പിക്കും.

16. ഇ-ഗവേണൻസ് രംഗത്ത് കൊച്ചി നഗരത്തിനു മാത്രമായി ഒരു പുതിയ സോഫ്റ്റ്‌വെയർ ഐ.കെ.എം.നെ കൊണ്ട് തയ്യാറാക്കുന്നതിനു സംസ്ഥാന സർക്കാർ തീരുമാനമെടുത്തിട്ടുണ്ട്. ഇത് കൊച്ചി മുനിസിപ്പൽ കോർപ്പറേഷൻ സേവനങ്ങൾ പൂർണ്ണമായും ഓൺലൈനാക്കുന്നതിനുള്ള ശ്രമങ്ങൾക്ക് ഏറെ സഹായകരമാവും.

17. ടി.സി.എസ്.ന്റെ കൈയ്യിലുള്ള 'ഡേറ്റയും' മറ്റും പൂർണ്ണമായും കൈമാറി നമുക്കു ലഭ്യമാവുക എന്നത് ഇത്തരുണത്തിൽ വളരെ പ്രധാനമാണ്. ഇത്തരത്തിൽ എല്ലാ സാങ്കേതിക പ്രശ്നങ്ങളും പരിഹരിച്ചു കൊണ്ട് സേവനങ്ങൾ മുഴുവനും ഓൺലൈൻ സംവിധാനത്തിലേക്ക് മാറ്റുന്നതിനുള്ള പ്രവർത്തനങ്ങൾ സമയബന്ധിതമായി പൂർത്തീകരിക്കും.

18. ഇ-ഗവേണൻസ് പദ്ധതിക്കായി ഈ സാമ്പത്തിക വർഷം എട്ട് കോടി രൂപ നീക്കിവെക്കുന്നു.

## സുസ്ഥിര വികസന ലക്ഷ്യങ്ങൾ

19. കൊച്ചി മുനിസിപ്പൽ കോർപ്പറേഷന്റെ പ്രവർത്തനങ്ങൾ ഐക്യരാഷ്ട്ര സഭയുടെ 'സുസ്ഥിര വികസന ലക്ഷ്യങ്ങൾ 2030'-മായി ബന്ധിപ്പിക്കുന്നതിനും അജണ്ട-2030 പ്രാദേശികതലത്തിൽ യാഥാർത്ഥ്യമാക്കുന്നതിനുള്ള ഒരു പ്രവർത്തന പദ്ധതി ഈ ബജറ്റ് വിഭാവനം ചെയ്യുന്നു.

ഓരോ സ്റ്റാൻഡിങ് കമ്മിറ്റിയും സുസ്ഥിര വികസന ലക്ഷ്യങ്ങളെയും സൂചികകളേയും അടിസ്ഥാനമാക്കി കൊച്ചി നഗരത്തിന്റെ ആവശ്യങ്ങൾ വിലയിരുത്തുകയും മുൻഗണനകൾ നിർവചിക്കുകയും ലക്ഷ്യങ്ങൾ നിശ്ചയിക്കുകയും നഗരത്തിന്റെ സുസ്ഥിര വികസനത്തിനായുള്ള പദ്ധതികളും നിർദ്ദേശങ്ങളും മുന്നോട്ടുവയ്ക്കുകയും ചെയ്യുക എന്നതാണ് ഇതിൽ ഏറ്റവും പ്രധാനപ്പെട്ടത്. ഇതിനായി ഓരോ സ്റ്റാൻഡിങ് കമ്മിറ്റിയും അവരുടെ ഉത്തരവാദിത്വത്തിൽപ്പെട്ട സുസ്ഥിര വികസന ലക്ഷ്യങ്ങൾ നിശ്ചയിക്കുകയും തീരുമാനങ്ങളെടുക്കുകയും ചെയ്യേണ്ടതുണ്ട്. ഇതിനു പുറമേ ഓരോ സുസ്ഥിരവികസന ലക്ഷ്യങ്ങളുടെയും ലക്ഷ്യപ്രാപ്തിയിലേക്കുള്ള പ്രവർത്തനങ്ങൾ നിരീക്ഷിക്കുകയും റിപ്പോർട്ട് ചെയ്യുകയും ചെയ്യേണ്ടതുണ്ട്. ഇതിനായി നഗരത്തിന്റെ 'എസ്.ഡി.ജി. ഇൻഡിക്കേറ്റർ ഫ്രെയിംവർക്ക്' തയ്യാറാക്കേണ്ടതും ഉപയോഗപ്പെടുത്തേണ്ടതുമുണ്ട്. ഇത് സംബന്ധിച്ചുള്ള ഒരു പ്രവർത്തന മാർഗ്ഗരേഖ തയ്യാറാക്കും.

20. നമ്മുടെ പ്രവർത്തനങ്ങൾ ഐക്യരാഷ്ട്ര സഭയുടെ സുസ്ഥിര വികസന ലക്ഷ്യങ്ങളുമായി സമന്വയിപ്പിച്ചുകൊണ്ട് പുതിയൊരു ഭരണമാതൃക സൃഷ്ടിക്കുക എന്നൊരു വലിയ ദൗത്യമാണ് കൗൺസിൽ ഇതിലൂടെ ഏറ്റെടുക്കുന്നത്. ഈ പദ്ധതികളുടെ നടത്തിപ്പിനുള്ള സാങ്കേതികമായ എല്ലാ പിന്തുണയും നൽകുന്നത് സുസ്ഥിര നഗര വികസന പദ്ധതിയുടെ ഭാഗമായി ജി.ഐ.ഇസഡാണ്.

## പുതിയ ആസ്ഥാനമന്ദിരം

21. കൊച്ചി മുനിസിപ്പൽ കോർപ്പറേഷൻ ആസ്ഥാന മന്ദിരത്തിന്റെ നിർമ്മാണത്തിൽ വളരെയേറെ പുരോഗതി കൈവരിക്കുവാൻ നമുക്ക് സാധിച്ചിട്ടുണ്ട് എന്നത് വസ്തുതയാണ്. സാങ്കേതികവും സാമ്പത്തികവുമായ തടസ്സങ്ങൾ നീക്കിക്കൊണ്ട് ഈ വർഷം തന്നെ ആസ്ഥാന മന്ദിര നിർമ്മാണത്തിന്റെ പണി പൂർത്തീകരിക്കുമെന്ന് കൗൺസിൽ ഉറപ്പുനൽകുന്നു.

22. മറൈൻഡ്രൈവിൽ നിർമ്മിക്കുന്ന ബേസ്മെന്റും ഗ്രൗണ്ട്ഫ്ളോറും ആറു നിലകളുമുള്ള, കൗൺസിൽ ഹാൾ ഉൾപ്പെടെയുള്ള പതിനാറാ യിരത്തോളം സ്ക്വയർ മീറ്റർ (16350.86) പ്ലിന്ത് ഏരിയ വരുന്ന കെട്ടിട സമുച്ചയനിർമ്മാണം പൂർത്തീകരണ ഘട്ടത്തിലാണ്. ആദ്യഘട്ടത്തിൽ ഉൾപ്പെടുത്തിയ പ്രവർത്തികൾ പൂർത്തീകരിച്ചു കഴിഞ്ഞു. പ്ലംബിംഗ്, ഫില്ലിംഗ് തുടങ്ങിയ അനുബന്ധ പ്രവർത്തികൾ പുരോഗമിച്ചു വരുന്നു. ഇന്റേർണൽ പാർട്ടീഷൻ, കാബിൻ ഒരുക്കൽ, ഫോൾസ് സീലിങ്, ലിഫ്റ്റ് സ്ഥാപിക്കൽ എന്നിവയുടെ ടെൻഡറിങ് നടപടികൾ പൂർത്തീകരിച്ചു. ഇലക്ട്രിക്കൽ പ്രവർത്തികൾ, ഐ.ടി., ഇലക്ട്രോണി ക്സ് സംവിധാനം സംബന്ധമായ പ്രവർത്തികൾ, കൗൺസിൽ ഹാൾ ഫർണിഷിംഗ്, യാഡ് ഡെവലപ്മെന്റ് പ്രവർത്തികൾ എന്നിവയടക്ക മുള്ള വർക്കുകൾക്കായി എസ്റ്റിമേറ്റ് തയ്യാറാക്കി അനുമതി ഘട്ട ത്തിലാണ്. ഫയർ ഫൈറ്റിങ്, മലിനജല സംസ്ക്കരണ പ്ലാന്റ്, തുട ങ്ങിയ അവശ്യ സൗകര്യങ്ങൾ ഉൾപ്പെടുത്തിയാണ് കെട്ടിടം പൂർത്തി യാക്കുന്നത്. വീഡിയോ കോൺഫറൻസിങ്, സൗണ്ട് സിസ്റ്റം, സൗണ്ട് പ്രൂഫ് സംവിധാനങ്ങൾ ഉൾപ്പെടുത്തി നൂറ് കൗൺസിലർമാർക്കുള്ള സീറ്റുകൾ, മീഡിയയ്ക്കുള്ള സ്ഥലം, ഉദ്യോഗസ്ഥർക്കുള്ള സീറ്റുകൾ എന്നിങ്ങനെ മുന്നൂറ്റിതൊണ്ണൂറ്റി മൂന്ന് സ്ക്വയർ മീറ്റർ (393) പ്ലിന്ത് ഏരിയയിലാണ് കൗൺസിൽ ഹാൾ വിഭാവനം ചെയ്തിരിക്കുന്നത്.

23. പരിസ്ഥിതി സൗഹൃദമായ ഹരിത കെട്ടിടനിർമ്മാണ സംവിധാനങ്ങൾ ഉപയോഗിച്ച് 'ഗ്രീൻ ബിൽഡിംഗ്' ആയാണ് സമുച്ചയം തയ്യാറാക്കുക. കഴിഞ്ഞ ബജറ്റിൽ പ്രഖ്യാപിച്ച കൊച്ചിയെ ഭിന്നശേഷി സൗഹൃദ നഗരമാക്കുന്ന പദ്ധതിയുടെ ഭാഗമായി, ഭിന്നശേഷി സൗഹൃദമായ രീതിയിലാണ് പുതിയ ഓഫീസ് സമുച്ചയം തയ്യാറാക്കുന്നത്.

24. മെയിൻ ഓഫീസ് സമുച്ചയത്തിന്റെ പൂർത്തീകരണത്തിനായി ഈ സാമ്പത്തികവർഷം തനത് ഫണ്ട്, പ്ലാൻ ഫണ്ട്, ലോൺ, മറ്റു ഫണ്ടു കൾ എന്നിവയുടെ സഹായത്തോടെ നാൽപ്പത് കോടി രൂപ ചെല വഴിക്കും.

## മാസ്റ്റർ പ്ലാൻ

25. കൊച്ചി നഗരത്തിന്റെ ഇരുപത് വർഷത്തെ വികസന പരിപ്രേക്ഷ്യം മുന്നിൽ കണ്ടുകൊണ്ട് ഒരു മാസ്റ്റർപ്ലാൻ തയ്യാറാക്കുന്ന പ്രവർത്തനങ്ങൾ ഇതിനകം തന്നെ ആരംഭിച്ചിട്ടുണ്ട്. ജിയോഗ്രഫിക്കൽ ഇൻഫർമേഷൻ സിസ്റ്റം അടിസ്ഥാനമാക്കി നഗര വികസന രംഗത്തെ ഏറ്റവും നവീനമായ ആശയങ്ങൾ ഉൾക്കൊള്ളിച്ചുകൊണ്ടുള്ള മാസ്റ്റർ പ്ലാനാണ് തയ്യാറാക്കുന്നത്. കൊച്ചിയുടെ ജി.ഐ.എസ്. അടിസ്ഥാനമാക്കിയുള്ള ഭൂവിനിയോഗ മേപ്പ് ഇതിനകം തന്നെ തയ്യാറാക്കിയിട്ടുണ്ട്.

26. വാണിജ്യം, വ്യവസായം, വിദ്യാഭ്യാസം, ആരോഗ്യം, അടിസ്ഥാന സൗകര്യ വികസനം, മാലിന്യ സംസ്ക്കരണം, മലിനജല സംസ്ക്കരണം, ഊർജ്ജം, കുടിവെള്ളം, ടൂറിസം, ഭവനം, വനിത-ശിശു വികസനം, ഭിന്നശേഷി-വയോജന ക്ഷേമം, ഗതാഗതം, പരിസ്ഥിതി, ദുരന്തനിവാരണം പൈതൃക മേഖല എന്നിങ്ങനെയുള്ള വിവിധ മേഖലകളിലെ നിലവിലുള്ള അവസ്ഥ, പ്രശ്നങ്ങൾ, ആവശ്യങ്ങൾ എന്നിവ വിശകലനം ചെയ്ത് വർഷം 2040 ലേക്കുള്ള സ്ഥലപരമായ ഘടനയുടെ അടിസ്ഥാനത്തിൽ മാസ്റ്റർപ്ലാൻ തയ്യാറാക്കുന്ന പ്രവർത്തനങ്ങൾ നടന്നുവരുന്നു. കൊച്ചി നഗരത്തിലെ ഓരോ സ്ഥലത്തിന്റേയും ഭൂവിനിയോഗം എങ്ങനെയാവണമെന്ന് നിശ്ചയിക്കുകയും ആയതിനാവശ്യമായ നിയമനിർമ്മാണങ്ങളും ഈ മാസ്റ്റർപ്ലാനിന്റെ ഭാഗമാകും.

27. കൊച്ചി മുനിസിപ്പൽ കോർപ്പറേഷൻ രൂപീകരിച്ച മാസ്റ്റർപ്ലാൻ കമ്മിറ്റിയുടേയും വർക്കിംഗ് ഗ്രൂപ്പുകളുടേയും നിർദ്ദേശങ്ങളുടെ പിൻബലത്തിൽ സംസ്ഥാന ടൗൺ ആൻഡ് കൺട്രി പ്ലാനിങ് ഡിപ്പാർട്ട്മെന്റിന്റെ നേതൃത്വത്തിലാണ് മാസ്റ്റർപ്ലാൻ തയ്യാറാക്കുന്ന പ്രവർത്തനങ്ങൾ നടന്നുവരുന്നത്.

28. രണ്ടുമാസത്തിനകം മാസ്റ്റർപ്ലാൻ പൂർത്തീകരിച്ച് കൗൺസിൽ മുന്നിൽ അവതരിപ്പിച്ച് സർക്കാർ അംഗീകാരം ലഭ്യമാക്കുവാൻ സാധിക്കും.

**മറൈൻഡ്രൈവ് എക്സ്റ്റൻഷൻ**

29. കൊച്ചി നഗരത്തിന്റെ വികസനത്തിനും വികസനത്തിന് ഫണ്ട് കണ്ടെത്തുന്നതിനും പുതിയ 'ഡീറ്റെയിൽഡ് ടൗൺ പ്ലാനിങ് സ്കീമുകൾ' തയ്യാറാക്കുക എന്നത് ഈ കൗൺസിലിന്റെ നയമാണ്. ഈ കൗൺസിൽ നിലവിൽ വന്ന ഉടനെ മറൈൻഡ്രൈവ് അടക്കമുള്ള പ്രദേശങ്ങൾക്കായി ഡീറ്റെയ്ൽഡ് ടൗൺ പ്ലാനിംഗ് സ്കീമുകൾ തയ്യാറാക്കുന്നതിനും അതിനനുസരിച്ചുള്ള സാമ്പത്തികാസൂത്രണത്തിനായി മുനിസിപ്പൽ ബോണ്ട് തയ്യാറാക്കുന്നതിനും അനുമതി അഭ്യർത്ഥിച്ചതിനെ തുടർന്ന് ബഹുമാനപ്പെട്ട സംസ്ഥാന സർക്കാർ ഇത് സംബന്ധിച്ച് വളരെ അനുകൂലമായ നിലപാടാണ് എടുത്തിരുന്നത്. ഈ പശ്ചാത്തലത്തിൽ മറൈൻഡ്രൈവ് ദീർഘിപ്പിച്ചുകൊണ്ട് പുതിയ വികസനം സാധ്യമാകുന്ന ഒരുപദ്ധതി സംസ്ഥാന സർക്കാർ ആസൂത്രണം ചെയ്യുന്നു.

30. കൊച്ചി നഗരം ഏറ്റവും ആധുനിക രീതിയിൽ പുനർ രൂപകല്പ്പന ചെയ്യുന്നതിന്റെ ഭാഗമായി മറൈൻ ഡ്രൈവിനെ ചേരാനെല്ലൂരുവരെ ദീർഘിപ്പിച്ച് സുസ്ഥിര പരിസ്ഥിതി സൗഹാർദ്ദമായി വികസിപ്പിക്കുന്നതിനുള്ള ഒരു പദ്ധതിയാണിത്. മറൈൻഡ്രൈവും അതിനോട് ചേർന്ന പ്രദേശങ്ങളും കൊച്ചിയുടെ വികസനത്തിന്റെ പ്രധാന കേന്ദ്രമാക്കുന്നതിനാണ് പദ്ധതി ലക്ഷ്യമിടുന്നത്.

31. പാരിസ്ഥിതിക ആഘാതം ഏറ്റവും കുറഞ്ഞ രീതിയിലാകും ഈ പദ്ധതി തയ്യാറാക്കുക. മംഗളവനം പക്ഷി സങ്കേതത്തിന്റേയും അതിന്റെ സ്വാധീനമേഖലയുടെയും പാരിസ്ഥിതിക പുനരുദ്ധാരണവും സംരക്ഷണവും പദ്ധതിയിലുൾപ്പെടും. സംസ്ഥാന സർക്കാരിന്റെ

നേതൃത്വത്തിൽ കൊച്ചി മുനിസിപ്പൽ കോർപ്പറേഷന്റെയും ജി.സി.ഡി.എ.യുടെയും ജിഡ തുടങ്ങിയ ഏജൻസികളുടെ സഹായത്തോടെയാണ് പദ്ധതി നടപ്പിലാക്കുക.

## സമൃദ്ധി @ കൊച്ചി

32. വിശപ്പ് രഹിത കൊച്ചി എന്ന ആശയം മുൻനിർത്തി കൊച്ചി മുനിസിപ്പൽ കോർപ്പറേഷൻ ആരംഭിച്ച 'സമൃദ്ധി @ കൊച്ചി' ജനകീയ ഭക്ഷണശാല രാജ്യത്തിന് തന്നെ മാതൃകയാകുന്ന തരത്തിലുള്ള ഒരു സ്ഥാപനമായി മാറിയിരിക്കുകയാണ്. കൊച്ചി നഗരം നെഞ്ചിലേറ്റിയ, ലോകം മുഴുവൻ അഭിനന്ദിച്ച, ഈ മാതൃക പിന്തുടർന്നുകൊണ്ട് സമൃദ്ധി മോഡൽ ഹോട്ടലുകൾ സ്ഥാപിക്കുന്നതിന് നിരവധി പ്രാദേശിക സർക്കാരുകൾ മുന്നോട്ടുവരുന്നുണ്ട്.

33. നിരവധി വ്യക്തികളുടെയും സ്ഥാപനങ്ങളുടെയും അകമഴിഞ്ഞ പിന്തുണയാണ് സമൃദ്ധിയുടെ വിജയത്തിന് പിന്നിലെ ഏറ്റവും പ്രധാനഘടകം. കഴിഞ്ഞ ബജറ്റിൽ വ്യക്തികളുടെയും സ്വകാര്യ സ്ഥാപനങ്ങളുടെയും പങ്കാളിത്തത്തോടെ ഇത്തരമൊരു സ്ഥാപനം ആരംഭിക്കുമെന്ന് പ്രഖ്യാപിച്ചപ്പോൾ പദ്ധതിക്ക് സഹായഹസ്തവുമായി നിരവധി വ്യക്തികളും സ്ഥാപനങ്ങളുമാണ് മുന്നോട്ടുവന്നത്. സമൃദ്ധിയുടെ സംസ്ഥാപനത്തിൽ പങ്കുവഹിച്ച, സഹായവും സഹകരണവും നൽകിയ, എല്ലാ സ്ഥാപനങ്ങൾക്കും വ്യക്തികൾക്കും പ്രത്യേക നന്ദി അറിയിക്കുന്നു.

34. 'സമൃദ്ധിയുടെ' പ്രവർത്തനങ്ങൾ കൂടുതൽ വിപുലീകരിക്കുകയും നഗരത്തിനകത്ത് കൂടുതൽ യൂണിറ്റുകൾ ആരംഭിക്കുകയും ചെയ്യും. ഈ കൗൺസിലിന്റെ കാലയളവിൽ നഗരത്തിലെ ഏഴ് സോണുകളിലും ഏറ്റവും ആധുനിക സജ്ജീകരണങ്ങളോട് കൂടിയ മനോഹരമായി രൂപകല്പന ചെയ്ത സമൃദ്ധി യൂണിറ്റുകൾ തുടങ്ങുക എന്നതാണ് ലക്ഷ്യമിടുന്നത്.

35. പതിനഞ്ച് ജീവനക്കാരുടെ സേവനം ലഭ്യമാക്കിയാണ് സമൃദ്ധിയുടെ പ്രവർത്തനം ആരംഭിച്ചത്. നിലവിൽ മുപ്പത് ജീവനക്കാരാണ് സമൃദ്ധി യുടെ ഭാഗമായി പ്രവർത്തിക്കുന്നത്. പ്രതിദിനം ശരാശരി രണ്ടായിര ത്തഞ്ഞൂറ് ഉച്ച ഭക്ഷണമാണ് പത്ത് രൂപ നിരക്കിൽ നൽകിവരുന്നത്. കൂടാതെ പ്രഭാത ഭക്ഷണവും നൽകിവരുന്നു. പ്രവർത്തന മികവിനും ശുചിത്വത്തിനും പ്രൊഫഷണൽ സമീപനത്തിനും പ്രത്യേക പരിഗണന നൽകിയാണ് സമൃദ്ധി @ കൊച്ചി പ്രവർത്തിക്കുന്നത്.

## സമൃദ്ധി @ ഫോർട്ട് കൊച്ചി

36. നഗരത്തിലെ എല്ലാ സോണുകളിലും സമൃദ്ധി യൂണിറ്റുകൾ ആരംഭി ക്കുക എന്ന ലക്ഷ്യം മുൻനിർത്തി സമൃദ്ധിയുടെ പൂർണ്ണതോതിലുള്ള രണ്ടാമത്തെ യൂണിറ്റ് കേരള ബാങ്കിന്റെ സാമ്പത്തിക സഹായത്തോ ടെ ഫോർട്ടുകൊച്ചിയിൽ ആരംഭിക്കും. ഇതിനായുള്ള സ്ഥലം കണ്ടെത്തുകയും ഏറ്റവും ആധുനിക രീതിയിലുള്ള, ഫോർട്ടുകൊച്ചി യുടെ പാരമ്പര്യത്തിന് ഇണങ്ങുന്ന രീതിയിലുള്ള ഡിസൈൻ തയ്യാറാ ക്കുകയും ചെയ്യും. സമൃദ്ധി@ഫോർട്ടുകൊച്ചി മൂന്നു മാസത്തിനു ള്ളിൽ ആരംഭിക്കും.

## സമൃദ്ധി @ കൊച്ചി സാറ്റ്ലൈറ്റ് യൂണിറ്റുകൾ

37. നഗരത്തിലെ വിവിധ ഇടങ്ങളിൽ സമൃദ്ധി @ കൊച്ചി എന്ന പേരിൽ ചെറിയ സാറ്റ്ലൈറ്റ് യൂണിറ്റുകൾ കുടുംബശ്രീ സംരംഭകരുടെ നേതൃത്വത്തിൽ ആരംഭിക്കും. കേന്ദ്രീകൃത യൂണിറ്റിൽനിന്നും ഉണ്ടാക്കുന്ന ആഹാരം വാഹനങ്ങളുടെ സഹായത്തോടെ യൂണിറ്റു കളിൽ എത്തിക്കുന്ന രീതിയിലാണ് പദ്ധതി ആവിഷ്ക്കരിക്കുന്നത്.

## സമൃദ്ധി @ കൊച്ചി ഫുഡ് ഡെലിവറി യൂണിറ്റ്

38. വീടുകളിലും ഫ്ളാറ്റുകളിലും ഓഫീസുകളിലും ഓർഡർ പ്രകാരം ഭക്ഷണം ആവശ്യമുള്ളവർക്ക് ഇരുചക്രവാഹനം വഴി എത്തിച്ചു

നൽകുന്നതിന് 'ഫുഡ് ഓൺ ഡെലിവറി' ഗ്രൂപ്പുകൾ ആരംഭിക്കും. വാഹനത്തിനു ആവശ്യമായ ലോൺ, സബ്സിഡി എന്നിവ എൻ.യു. എൽ.എം. പദ്ധതിവഴി ലഭ്യമാക്കും. ഈ പദ്ധതിക്ക് ആവശ്യമായ ഒരു 'ഫുഡ് ഓൺ ഡെലിവറി ആപ്പ്' കൂടി ഇതിനോട് അനുബന്ധിച്ചു തയ്യാറാക്കും.

## സമൃദ്ധി @ കൊച്ചി കാറ്ററിംഗ് യൂണിറ്റ്

39. സമൃദ്ധി @ കൊച്ചിയുടെ നേതൃത്വത്തിൽ കാറ്ററിംഗ് യൂണിറ്റ് ആരംഭിക്കും. കുടുംബശ്രീ അംഗങ്ങൾക്ക് പരിശീലനം നൽകി ഇതിനായി സജ്ജമാക്കും. കല്യാണങ്ങൾ, മറ്റ് ആഘോഷങ്ങൾ എന്നിവയ്ക്ക് ഓർഡർ പ്രകാരം ഭക്ഷണവിതരണം ഈ ഗ്രൂപ്പ് ഏറ്റെടുക്കും.

## സ്ട്രീറ്റ് വെൻഡിങ് പോളിസി

40. നമ്മുടെ നഗരം നേരിടുന്ന ഏറ്റവും വലിയ വെല്ലുവിളികളിൽ ഒന്നാണ് തെരുവ് കച്ചവടവുമായി ബന്ധപ്പെട്ടത്. നിരവധി കുടുംബങ്ങളുടെ ജീവനോപാധിയാണെങ്കിൽ തന്നെയും അനിയന്ത്രിതമായ തെരുവ് കച്ചവടം പ്രോത്സാഹിപ്പിക്കാൻ ഒരു തദ്ദേശ സ്വയംഭരണ സ്ഥാപനത്തിനും ആവില്ല. ജനങ്ങളുടെ സഞ്ചാര സ്വാതന്ത്ര്യം ഹനിക്കുക മാത്രമല്ല, നഗരത്തിന്റെ ശുചിത്വ മേഖലയിലെ പ്രധാന പ്രവർത്തനങ്ങൾക്കും പരിപാലനത്തിനും തെരുവ് കച്ചവട സ്ഥലങ്ങൾ വലിയ തരത്തിലുള്ള പ്രതിബന്ധങ്ങളാണ് സൃഷ്ടിക്കുന്നത്. ഈ പശ്ചാത്തലത്തിൽ തെരുവ് കച്ചവടം ഏറ്റവും അർഹരായവർക്ക് മാത്രമായി നിജപ്പെടുത്തുക എന്നത് നമ്മുടെ കർത്തവ്യമാണ്. കൃത്യമായ നിയമ സംവിധാനത്തിന്റെ അകത്തു നിന്നുകൊണ്ട് വേണം ഇത്തരം നിയന്ത്രണ നടപടികൾ സ്വീകരിക്കാൻ. നാഷണൽ സ്ട്രീറ്റ് വെൻഡിങ് പോളിസി അടിസ്ഥാനമാക്കിയുള്ള പ്രവർത്തനങ്ങളാണ് നടത്തേണ്ടത്. ഇതിന്റെ അടിസ്ഥാനത്തിലാണ് കൊച്ചി മുനിസിപ്പൽ കോർപ്പറേഷൻ കഴിഞ്ഞ ഒരു വർഷത്തെ നിരന്തരമായ ശ്രമങ്ങളുടെ അടിസ്ഥാന

ത്തിൽ 'നഗര തെരുവ് കച്ചവട നിയമാവലി' തയ്യാറാക്കിയതും ആയത് കൗൺസിൽ പാസാക്കിയതും. ഇതിന്റെ അടിസ്ഥാനത്തിൽ തെരുവ് കച്ചവടത്തിനായി വെൻഡിംഗ് സോണുകൾ തയ്യാറാക്കിയിട്ടുണ്ട്. അർഹരായ എല്ലാ തെരുവ് കച്ചവടക്കാർക്കും ലൈസൻസും ഐ.ഡി. കാർഡും ലഭ്യമാക്കിയിട്ടുണ്ട്. 840 ഓളം കച്ചവടക്കാർക്ക് വിവിധ പദ്ധതികളിൽ ഉൾപ്പെടുത്തി ബാങ്ക് ലോണുകളും ലഭ്യമാക്കിയിട്ടുണ്ട്. ഈ നിയമാവലി പ്രാവർത്തികമാകുന്നതോടെ നമ്മുടെ നഗരത്തിലെ തെരുവ് കച്ചവടം നിയന്ത്രണവിധേയമാക്കുകയും കൃത്യമായ സംവിധാനങ്ങളുടെ ഭാഗമാവുകയും ചെയ്യും. തെരുവു കച്ചവട നിയമാവലി തയ്യാറാക്കിയത് ഈ കൗൺസിലിന്റെ വലിയ നേട്ടങ്ങളിൽ ഒന്നാണ്. എല്ലാ അനുമതികൾക്കും ശേഷം അവ കൃത്യമായി നടപ്പിലാക്കുന്നതിനുള്ള നടപടികൾ ബഹുമാനപ്പെട്ട കോടതികളുടെയും സംസ്ഥാന സർക്കാരിന്റേയും ജില്ലാ ഭരണകൂടത്തിന്റേയും പോലീസ് വകുപ്പിന്റേയും മറ്റ് സ്ഥാപനങ്ങളുടെയും സംഘടനകളുടെയും സഹകരണത്തോടെ സ്വീകരിക്കും.

## ഫോർട്ടുകൊച്ചി ബീച്ച്

41. ഐ.ഐ.ടി. ചെന്നൈ നടത്തിയ പഠനത്തിന്റെ അടിസ്ഥാനത്തിലും വിവിധ ഏജൻസികൾ തയ്യാറാക്കിയ വികസന സൗന്ദര്യവൽക്കരണ പദ്ധതികളുടെയും അടിസ്ഥാനത്തിൽ ഫോർട്ടുകൊച്ചി ബീച്ചും പരിസരവും സംരക്ഷിക്കുന്നതിനും സൗന്ദര്യവൽക്കരിക്കുന്നതിനുമുള്ള പദ്ധതി പ്രവർത്തനങ്ങൾ ഈ സാമ്പത്തിക വർഷം തന്നെ ആരംഭിക്കും. സംസ്ഥാന വിനോദ സഞ്ചാര വകുപ്പിന്റെ സഹകരണത്തോടെയായിരിക്കും പദ്ധതി നടപ്പിലാക്കുക.

42. കേന്ദ്ര-സംസ്ഥാന സർക്കാർ പദ്ധതികളിലൂടെയും തനത് ഫണ്ടിലൂടെയും പദ്ധതിക്കായി അഞ്ച് കോടി രൂപ ചെലവഴിക്കും.

## ഫോർട്ടുകൊച്ചി ടൂറിസം ജെട്ടി

43. ഫോർട്ടുകൊച്ചി ടൂറിസം ജെട്ടി മനോഹരമായ രീതിയിൽ പുതുക്കിപ്പണിത് ടൂറിസം ഫെസിലിറ്റി കം കൾച്ചർ സെന്ററാക്കി മാറ്റും. ഇതിനായി ഫോർട്ടുകൊച്ചിയുടെ പൈതൃക മേഖലയ്ക്കിണങ്ങുന്ന രീതിയിലുള്ള ഒരു ഡിസൈൻ തയ്യാറാക്കുന്നതിന് ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂറ്റ് ഓഫ് ആർക്കിടെക്ച്ചറിന്റെ സഹായം ലഭ്യമാക്കും. കൊച്ചി മുനിസിപ്പൽ കോർപ്പറേഷൻ ഓഫീസ് മുതൽ സൗത്ത് ബീച്ച് വരെ സംരക്ഷണഭിത്തി നിർമ്മാണവും സൗന്ദര്യവൽക്കരണവും നടപ്പിലാക്കും. പദ്ധതിക്കായി രണ്ടു കോടി രൂപ വകയിരുത്തുന്നു.

## എറണാകുളം ബോട്ട് ജെട്ടി സൗന്ദര്യവൽക്കരണ പദ്ധതി

44. എറണാകുളം ബോട്ടുജെട്ടി പരിസരവും കെ.എസ്.ആർ.ടി.സി. സ്റ്റാൻഡ് ഉൾപ്പെടെയുള്ള സ്ഥലവും പരിസരവും റവന്യൂ വകുപ്പ്, ടൂറിസം വകുപ്പ്, കെ.എസ്.ആർ.ടി.സി., ജില്ലാഭരണകൂടം എന്നിവരുടെ സഹകരണത്തോടെ ഏറ്റവും ആധുനികമായ രീതിയിൽ രൂപകല്പന ചെയ്തു നഗരത്തിലെ ഏറ്റവും മനോഹരമായ പൊതുഇടമാക്കി മാറ്റാനുള്ള പദ്ധതി ആവിഷ്ക്കരിച്ച് നടപ്പിലാക്കും.

## സ്മാർട്ട് സിറ്റീസ് മിഷൻ പദ്ധതികൾ

45. സ്മാർട്ട് സിറ്റി മിഷനുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനും നേതൃത്വപരമായ പങ്ക് വഹിക്കുന്നതിനും കൊച്ചി മുനിസിപ്പൽ കോർപ്പറേഷൻ പ്രത്യേക ശ്രദ്ധ നൽകുന്നുണ്ട്. നിരവധി വർഷങ്ങളായി മുടങ്ങിക്കിടന്ന പ്രവർത്തനങ്ങൾ സജീവമാക്കുന്നതിനായി കൊച്ചി മുനിസിപ്പൽ കോർപ്പറേഷന്റെ നിരന്തരമായ ഇടപെടലുകൾ കൊണ്ട് സാധിച്ചിട്ടുണ്ട്. ആയതുകൊണ്ടുതന്നെ സ്മാർട്ട്സിറ്റി മിഷനുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ നല്ല രീതിയിൽ പുരോഗമിക്കുന്നുണ്ട്.

46. സ്മാർട്ട് സിറ്റീസ് മിഷൻ പദ്ധതികളുടെ ഭാഗമായി. അഞ്ഞൂറ്റി മുപ്പത്തി രണ്ട് കോടിയോളം രൂപയുടെ (532.68 കോടി) പദ്ധതികളാണ് പല ഘട്ടങ്ങളിലായി പുരോഗമിച്ചു കൊണ്ടിരിക്കുന്നത്. എഴുപത്തിയാറ് കോടി രൂപ മറ്റു പദ്ധതികൾക്കായുള്ള സാമ്പത്തിക സഹായമായി നൽകുന്നുണ്ട്. ഇതിൽ മുപ്പത്തിമൂന്ന് കോടി രൂപയോളം കൊച്ചി മുനിസിപ്പൽ കോർപ്പറേഷന്റെ വിവിധ ഭവന നിർമ്മാണ പദ്ധതികൾക്കായി ലഭ്യമായിട്ടുണ്ട്.

47. കഴിഞ്ഞ സാമ്പത്തിക വർഷം നൂറ്റി ഇരുപത് കോടിയോളം രൂപയുടെ (120.03 കോടി) പന്ത്രണ്ട് പദ്ധതികളാണ് സി.എസ്.എം.എൽ. നടപ്പിലാക്കിയത്. സി.എസ്.എം.എൽ. ഏറ്റെടുത്ത് നടപ്പിലാക്കുന്ന പദ്ധതികൾ സമയബന്ധിതമായി നടപ്പിലാക്കാനുള്ള നേതൃത്വപരമായ പങ്ക് വഹിക്കും.

## വളണ്ടിയർ ബാങ്ക്

48. ഒരു നഗരത്തിന്റെ വളർച്ചയിലും വികസനത്തിനും നഗരത്തിലെ മുഴുവൻ ജനങ്ങളുടെയും പിന്തുണ പല രീതിയിൽ ലഭ്യമാക്കേണ്ടതുണ്ട്. വ്യത്യസ്തമായ തുറകളിൽ പ്രവർത്തിക്കുന്നവർ അവരുടെ സാങ്കേതികവും മറ്റുമായ അറിവ് നഗരവികസന രംഗത്ത് പ്രവർത്തിക്കുന്നവരുമായി പങ്കുവെക്കേണ്ടതുണ്ട്. എന്നാൽ, നിലവിൽ ഇത്തരമൊരു സമന്വയത്തിനുള്ള സംവിധാനമില്ല. ഈ പശ്ചാത്തലത്തിൽ മുനിസിപ്പൽ കോർപ്പറേഷൻ പ്രവർത്തനങ്ങളെ സഹായിക്കാൻ സന്നദ്ധരായ വിദ്യാർത്ഥികളടക്കമുള്ളവരുടെ ഒരു 'വളണ്ടിയർ ബാങ്ക്' രൂപീകരിച്ച് നഗരത്തിന്റെ വികസനപ്രവർത്തനങ്ങൾക്ക് ഉപയോഗമാക്കുന്ന ഒരു പദ്ധതി മുന്നോട്ട് വയ്ക്കുന്നു.

## മഹാകവി ജി സ്മാരകം

49. മഹാകവി ജി. സാംസ്കാരിക സമുച്ചയത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾക്ക് അഭിവന്ദ്യനായ പ്രൊഫസർ എം.കെ. സാനുമാസ്റ്റർ തറക്ക

ല്ലിട്ടുകൊണ്ട് തുടക്കം കുറിച്ചു. പ്രശസ്ത ആർക്കിടെക്ട് ശ്രീ. എസ്. ഗോപകുമാർ തയ്യാറാക്കിയ രൂപരേഖയുടെ അടിസ്ഥാനത്തിലുള്ള നിർമ്മാണ പ്രവർത്തനങ്ങളാണ് നടന്നുവരുന്നത്. മഹാകവി ജി. സാംസ്കാരിക സമുച്ചയ നിർമ്മാണത്തിന്റെ സമയ ബന്ധിതമായ പൂർത്തീകരണത്തിന് പ്രത്യേക പ്രാധാന്യം നൽകികൊണ്ടാണ് ഈ കൗൺസിൽ പ്രവർത്തിക്കുന്നത്. ജി. സ്മാരക നിർമ്മാണ പ്രവർത്തനങ്ങൾക്കായി ഈ സാമ്പത്തിക വർഷം മൂന്ന് കോടി രൂപ ചിലവഴിക്കും.

## പൈതൃക വീഥി

50. മംഗളവനം മുതൽ ഹൈക്കോടതി ജംഗ്ഷൻ ഉൾപ്പെടെ രാജേന്ദ്ര മൈതാനം വരെയുള്ള ഭാഗം കൊച്ചി പൈതൃക വീഥിയായി പുനക്രമീകരിക്കും. ഇതിനായി ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് അർബൻ ഡിസൈനേഴ്സിന്റെ സഹായത്തോടെ പ്രവർത്തന പദ്ധതിയും പ്ലാനും തയ്യാറാക്കും. ചരിത്രപ്രാധാന്യമുള്ള കെട്ടിടങ്ങളും പ്രകൃതിപരമായ പൈതൃകവും വീഥികളും മറ്റു ചിഹ്നങ്ങളും സംരക്ഷിക്കുന്നതിന് പദ്ധതിയിൽ പ്രത്യേക പ്രാധാന്യം നൽകും. പൈതൃക വീഥിക്കനുയോജ്യമായ രീതിയിൽ സൈനേജുകളും സ്ട്രീറ്റ് ഫർണിച്ചറുകളും ലൈറ്റിംഗ് സംവിധാനങ്ങളും ഒരുക്കും. കാൽനടയാത്ര സൗകര്യം സൈക്ലിംഗ് പാത്ത് എന്നിവ ഉറപ്പാക്കും. ഈ പ്രദേശം 'നൊ–ഹോൺ' ഏരിയ ആയി പ്രഖ്യാപിക്കും.

51. ഞായറാഴ്ചകളിൽ ചിൽഡ്രൻസ് പാർക്ക് മുതൽ രാജേന്ദ്ര മൈതാനം വരെയുള്ള ഭാഗങ്ങൾ 'നൊ–വെഹിക്കിൾ സോൺ' ആക്കി മാറ്റും. അന്നേദിവസം ഈ പ്രദേശത്ത് കുട്ടികൾക്കും മുതിർന്നവർക്കുമുള്ള താൽക്കാലിക റിക്രിയേഷൻ സംവിധാനങ്ങളും ആധുനികമായ തെരുവ് വിൽപ്പന ശാലകളും ഒരുക്കും.

52. കേന്ദ്ര–സംസ്ഥാന സർക്കാർ പദ്ധതികളിലൂടെയും തനത് ഫണ്ടിലൂടെയും പദ്ധതിക്കായി അഞ്ച് കോടി രൂപ ചെലവഴിക്കും.

## മാർക്കറ്റുകൾ

53. ഏറെക്കാലത്തെ കാത്തിരിപ്പിനുശേഷം എറണാകുളം മാർക്കറ്റ് നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്. നിർമ്മാണ പ്രവർത്തനങ്ങൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനുള്ള ഏകോപന പ്രവർത്തനങ്ങൾ കൊച്ചി മുനിസിപ്പൽ കോർപ്പറേഷൻ നടത്തുന്നുണ്ട്. തോപ്പുംപടി മാർക്കറ്റിന്റെ നിർമ്മാണം ഇതിനകം തന്നെ പൂർത്തീകരിച്ചിട്ടുണ്ട്. തേവര, ചമ്പക്കര, പള്ളുരുത്തി കച്ചേരിപ്പടി എന്നിവ അടക്കമുള്ള നഗരത്തിലെ മുഴുവൻ മാർക്കറ്റുകളും നവീകരിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ആരംഭിച്ച് സമയബന്ധിതമായി നടപ്പിലാക്കും.

54. മാർക്കറ്റുകളുടെ നവീകരണത്തിന് വിവിധ പദ്ധതികളുടെ സഹായമടക്കം ഉൾക്കൊള്ളിച്ച് എഴുപത്തിമൂന്ന് കോടി രൂപ ചെലവഴിക്കും.

## ശ്മശാനങ്ങൾ

55. പുല്ലേപ്പടി ശ്മശാനം മരണാനന്തര ചടങ്ങുക്കൾക്കുള്ള എല്ലാ സംവിധാനങ്ങളോടും കൂടി പുതുക്കിപ്പണിയും. കൂടാതെ, പൊതുജനങ്ങൾക്കുള്ള സംഗമസ്ഥലമെന്ന നിലയിൽ പാർക്കും റിക്രിയേഷൻ സെന്ററും പണിത് ഒരു വിവിധോദ്ദേശ കേന്ദ്രമാക്കും. റോട്ടറി ക്ലബ്ബിന്റെ സഹായത്തോടെയായിരിക്കും പദ്ധതി നടപ്പിലാക്കുക. എല്ലാ അപാകതകളും പരിഹരിച്ചുകൊണ്ട് പള്ളുരുത്തി ശ്മശാനം പുനർനിർമിച്ച് പൂർണതോതിൽ പ്രവർത്തന സജ്ജമാക്കും. നഗരത്തിലെ എല്ലാ ശ്മശാനങ്ങളും നവീകരിക്കുന്ന പ്രവർത്തനം പൂർത്തീകരിക്കും.

56. നഗരത്തിലെ ശ്മശാനങ്ങളുടെ നവീകരണ പ്രവർത്തനങ്ങൾക്കായി സാമ്പത്തിക വർഷം രണ്ട് കോടി രൂപ ചെലവഴിക്കും

## ഓപ്പൺ സ്പേസ് പോളിസി

57. നമ്മുടെ നഗരത്തിലെ തുറസ്സായ പൊതുവിടങ്ങളുടെ (ഓപ്പൺ സ്പേസ്) നവീകരണത്തിനും സംരക്ഷണത്തിനുമായി ഒരു പ്രത്യേക പദ്ധതി ഈ ബജറ്റ് വിഭാവനം ചെയ്യുന്നു. നഗരത്തിലെ ചെറുതും വലുതുമായ നൂറോളം പാർക്കുകൾ അടക്കമുള്ള തുറന്ന പൊതു ഇടങ്ങൾ ഏറ്റവും മനോഹരമായ രീതിയിൽ രൂപകൽപ്പന ചെയ്ത് ശാസ്ത്രീയമായി സംരക്ഷിക്കുന്നതിനുള്ള പദ്ധതിയാണിത്. നിലവിലുള്ള ചെറുതും വലുതുമായ എല്ലാ പാർക്കുകളും പൊതു ഉടമസ്ഥതയിലുള്ള മറ്റു പൊതു ഇടങ്ങൾ എന്നിവ ഈ പദ്ധതിയുടെ ഭാഗമാകും.

58. സുഭാഷ് പാർക്ക് മാതൃകയിൽ നടപ്പിലാക്കുന്ന ഈ പദ്ധതിയുടെ ആദ്യഘട്ടത്തിൽ പി.ജെ. ആന്റണി ഗ്രൗണ്ട്, വഞ്ചി സ്ക്വയർ, നെഹ്റു പാർക്ക്, പള്ളത്ത്രാമൻ സാംസ്കാരിക കേന്ദ്രം, ഫോർട്ടുകൊച്ചി വെളി ഗ്രൗണ്ട്, വൈറ്റില ചിലവന്നൂർ പാർക്ക്, എം.കെ. ആർജുനൻ മാസ്റ്റർ ഗ്രൗണ്ട്, പെരുമ്പടപ്പ് പാർക്ക് എന്നിവ പദ്ധതിയുടെ ഭാഗമാക്കും.

59. നഗരത്തിലെ പാർക്കുകൾ, ഗ്രൗണ്ടുകൾ മുതലായ പൊതുവിടങ്ങൾ, പാതയോരങ്ങളിലേയും മറ്റ് പൊതു സ്ഥലങ്ങളിലേയും തണൽമരങ്ങൾ എന്നിവയുടെയെല്ലാം നവീകരണവും പൊതുവായ പരിപാലനവുമാണ് ഈ സംവിധാനത്തിലൂടെ ലക്ഷ്യംവയ്ക്കുന്നത്. ഇതിനാവശ്യമായ വിദഗ്ദ്ധരുടേയും വിദഗ്ദ്ധ തൊഴിലാളികളുടേയും സേവനങ്ങളും പ്രത്യേക ഉപകരണങ്ങളും ആവശ്യാനുസരണം ലഭ്യമാക്കും.

60. ഈ പദ്ധതിയുടെ പ്രാരംഭ പ്രവർത്തനങ്ങൾക്കായി കേന്ദ്ര-സംസ്ഥാന സർക്കാർ പദ്ധതികളുടെ സഹായം, സി.എസ്.ആർ. ഫണ്ട്, സ്പോൺസർഷിപ്പ് എന്നിവ ലഭ്യമാക്കും.

61. പദ്ധതിക്കായി പത്ത് കോടി രൂപ ചെലവഴിക്കും.

## കേരള അർബൻ ഫോറം

62. ഐക്യരാഷ്ട്രസഭയുടെ നേതൃത്വത്തിൽ നടക്കുന്ന വേൾഡ് അർബൻ ഫോറത്തിന്റെ മാതൃകയിൽ സംസ്ഥാന തദ്ദേശസ്വയംഭരണ വകുപ്പിന്റെ നേതൃത്വത്തിൽ കിലയുമായി സഹകരിച്ച് കേരളത്തിലെ മുനിസിപ്പൽ കോർപ്പറേഷനുകളേയും മുനിസിപ്പാലിറ്റികളേയും പങ്കെടുപ്പിച്ചുകൊണ്ട് 'കേരള അർബൻ ഫോറം' നടത്തുന്നതിന് നേതൃത്വം നൽകും.

63. നഗരവികസനരംഗത്തും ആസൂത്രണരംഗത്തും നടക്കുന്ന പുതിയ ആശയങ്ങളും സാങ്കേതികവിദ്യയും കേരളത്തിന് പരിചയപ്പെടുത്തുക എന്നതാണ് കേരള അർബൻ ഫോറം കൊണ്ടുദ്ദേശിക്കുന്നത്.

64. ഇതിന്റെ നടത്തിപ്പിനായി ഇരുപത് ലക്ഷം രൂപ വകയിരുത്തുന്നു.

## ജി.ഐ.എസ്. ബിൽഡിങ് മേപ്പ്

65. കഴിഞ്ഞ ബജറ്റിൽ പ്രഖ്യാപിച്ച ജി.ഐ.എസ്. സംവിധാനമുപയോഗിച്ച് നഗരത്തിലെ മുഴുവൻ കെട്ടിടങ്ങളെയും കൃത്യമായി അടയാളപ്പെടുത്തി ഡിജിറ്റൽ മേപ്പിങ്ങ് ചെയ്യുന്ന പദ്ധതി നടപ്പിലാക്കും. തുടർന്ന് ഓരോ കെട്ടിടങ്ങളുടെയും ഫിസിക്കൽ വേരിഫിക്കേഷൻ കൂടി നടത്തി സമ്പൂർണമായ ഒരു ഡേറ്റാബേസ് തയ്യാറാക്കും. ഈ ഡേറ്റാബേസിന്റെ അടിസ്ഥാനത്തിൽ നികുതി പുനപരിശോധിക്കുകയും പുനർനിർണ്ണയം നടത്തുകയും ചെയ്യും.

66. പദ്ധതിക്കായി ഈ സാമ്പത്തികവർഷം രണ്ടു കോടി രൂപ ചെലവഴിക്കും.

## ഇന്റർനാഷണൽ അർബൻ ഇന്നൊവേഷൻ ഹബ്

67. ഇന്ത്യയിലെ സ്റ്റാർട്ട് അപ്പുകളുടെയും നവീന ആശയങ്ങളുടെയും ഒരു കേന്ദ്രമായി കേരളം മാറിയിരിക്കുന്നു. നവീന ആശയങ്ങൾക്ക്

പിന്തുണ നൽകുന്ന സംസ്ഥാന സർക്കാരിന്റെ പ്രവർത്തനം സ്റ്റാർട്ട് അപ്പിന്റെയും സംരംഭകരുടെയും വളർച്ചയ്ക്ക് വളരെയേറെ സഹായകരമാണ്. കൂടാതെ, ടെക്നോളജി ഇന്നൊവേഷൻ സോണിൽ ഒരു ഡിജിറ്റൽ ഹബ് സ്ഥാപിക്കുമെന്ന് സംസ്ഥാന സർക്കാർ പ്രഖ്യാപിച്ചതും കൊച്ചിക്ക് സഹായകരമാകും.

68. നഗരങ്ങളുടെ പ്രവർത്തനങ്ങൾക്ക് സഹായകരമായി സാങ്കേതികമായ നിരവധി പരിഹാരമാർഗ്ഗങ്ങളാണ് സ്റ്റാർട്ടപ്പുകളിലൂടെ കണ്ടെത്തുന്നത്. ജലവിതരണ രംഗത്തും മലിനജല സംസ്ക്കരണത്തിലും കെട്ടിടങ്ങളുടെ സാന്ദ്രത കണ്ടെത്തുന്നതിനും നികുതി വരുമാനം വർധിപ്പിക്കുന്നതും അടക്കമുള്ള നിരവധി മേഖലകളിലാണ് ഇത്തരം പുത്തൻ സാങ്കേതിക വിദ്യകൾ ഉപയോഗിക്കാൻ സാധിക്കുന്നത്. ഈ സാങ്കേതിക വിദ്യകൾ കൊച്ചി നഗരത്തിന്റെ വളർച്ചയ്ക്ക് ഉപയോഗപ്പെടുത്താനും ഇത്തരം സ്റ്റാർട്ടപ്പുകളെ പ്രോത്സാഹിപ്പിക്കുന്നതിനുമായി സംസ്ഥാന വ്യവസായ വകുപ്പും ഐ.ടി. വകുപ്പുമായി ചേർന്ന് 'കൊച്ചി ഇന്റർനാഷണൽ അർബൻ ഇന്നോവേഷൻ ഹബ്' രൂപീകരിക്കും.

## സി–ഹെഡ്

69. കൊച്ചി നഗരത്തിന്റെ പരിസ്ഥിതി, പൈതൃക, സുസ്ഥിര വികസന മേഖലകളിൽ വിലപ്പെട്ട സംഭാവന നൽകിയിട്ടുള്ള കൊച്ചി മുനിസിപ്പൽ കോർപ്പറേഷന്റെ കീഴിലുള്ള പൊതുസ്ഥാപനമായ (പബ്ലിക് ഇൻസ്റ്റിറ്റ്യൂഷൻ) സി–ഹെഡ് 2022 മെയ് 30ന് അതിന്റെ പ്രവർത്തനങ്ങളുടെ രണ്ട് പതിറ്റാണ്ട് പിന്നിടുകയാണ്. പരിമിതമായ സാമ്പത്തിക, മനുഷ്യ വിഭവശേഷി വിനിയോഗിച്ചുകൊണ്ട് ഒരു നഗരത്തിന്റെ സുസ്ഥിര വികസനത്തിന് പിന്തുണ നല്കുന്നതിൽ ദക്ഷിണേഷ്യൻ നഗരങ്ങൾക്ക് അനുകരണീയമായ മാതൃകയായി സി–ഹെഡിനെ ഐക്യ രാഷ്ട്രസഭയുടെ വേൾഡ് അർബൻ ഫോറം തിരഞ്ഞെടുത്തിരുന്നു. എണ്ണൂറ് നഗരങ്ങളിലെ വിവിധ സ്ഥാപനങ്ങളെ

വിലയിരുത്തിക്കൊണ്ട് നടന്ന ഒരു അന്തർദേശീയ മത്സരത്തിലാണ് ഇങ്ങനെയൊരംഗീകാരം സി-ഹെഡിന് ലഭിച്ചത് എന്നത് ഈ സ്ഥാപനത്തിന്റെ പ്രാധാന്യം വെളിവാക്കുന്നതാണ്.

70. കൊച്ചി നഗരത്തിന്റെ സുസ്ഥിര വികസനത്തിന് സഹായകരമായ എല്ലാ പ്രവർത്തനങ്ങളിലും സി-ഹെഡ് നൽകി കൊണ്ടിരിക്കുന്ന സേവനങ്ങൾ ഏവരും അംഗീകരിക്കുന്നതാണ്. ദേശീയ അന്തർ ദേശീയ ഏജൻസികളും കൊച്ചി നഗരവും തമ്മിലുള്ള ബന്ധങ്ങളുടെ മുഖ്യകണ്ണിയായി പ്രവർത്തിക്കുന്നത് സി-ഹെഡ് ആണ്. വിവിധ രംഗങ്ങളിലെ പ്രവർത്തന മികവാണ് കേന്ദ്ര നഗരവികസന ഭവന കാര്യമന്ത്രാലയത്തിന്റെ ഹഡ്കോ അവാർഡിന് സി-ഹെഡിനെ അർഹമാക്കിയത്.

71. സി-ഹെഡ് കഴിഞ്ഞ ഇരുപത് വർഷം കൊച്ചി നഗരത്തിന് വേണ്ടി ചെയ്ത എല്ലാ പ്രവർത്തനങ്ങളേയും ഈ കൗൺസിൽ വിലമതി ക്കുന്നു. ഇങ്ങനെയൊരു സ്ഥാപനം ആരംഭിക്കുന്നതിൽ നേതൃത്വം നല്കിയ നമ്മുടെ മുൻ മേയർ ശ്രീ. സി.എം. ദിനേശ് മണി, ഈ സ്ഥാപനത്തിന്റെ വളർച്ചയിൽ നിർണായക പങ്ക് വഹിച്ച വിവിധ മേയർമാർ, കൗൺസിലർമാർ, മറ്റ് ജനപ്രതിനിധികൾ, സി-ഹെഡിന്റെ സംസ്ഥാപനത്തിന് സംസ്ഥാന സർക്കാർ അംഗീകാരം ലഭ്യമാക്കുന്ന തിന് മുൻകൈയെടുത്ത അന്നത്തെ തദ്ദേശ സ്വയംഭരണ വകുപ്പ് സെക്രട്ടറി ശ്രീ. ഏലിയാസ് ജോർജ് ഐ.എ.എസ്., മറ്റ് ഉദ്യോഗസ്ഥർ എന്നിവരുടേയെല്ലാം പങ്കിനെ ഈ കൗൺസിൽ കൃതജ്ഞതയോടെ ഓർക്കുന്നു.

72. ഈ വർഷത്തെ സംസ്ഥാന സർക്കാർ ബജറ്റിൽ സി-ഹെഡിന്റെ പ്രവർത്തനങ്ങൾക്കായി ഇരുപത്തഞ്ച് ലക്ഷം രൂപ വകയിരുത്തിയത് ഈ സ്ഥാപനത്തിന്റെ രണ്ട് ദശാബ്ദ കാലത്തെ പ്രവർത്തനത്തിനുള്ള അംഗീകാരമായി വിലയിരുത്താം. ആദ്യമായാണ് സംസ്ഥാന സർക്കാർ ബഡ്ജറ്റ് വിഹിതം സി-ഹെഡിന് ലഭിക്കുന്നത്.

ദക്ഷിണേന്ത്യയിലെ സുസ്ഥിര, നഗര പരിസ്ഥിതി, പൈതൃക വികസന രംഗത്തെ ഏറ്റവും പ്രമുഖ സ്ഥാപനങ്ങളിലൊന്നായി സിഹെഡിനെ വളർത്തിക്കൊണ്ടു വരുക എന്നതാണ് ഈ കൗൺസിലിന്റെ ലക്ഷ്യം. ഇതിനായി സി-ഹെഡിനെ കൂടുതൽ ശാക്തീകരിക്കേണ്ടതുണ്ട്. പരിസ്ഥിതി, പൈതൃക, സുസ്ഥിര വികസന മേഖലകളിലെ കൂടുതൽ വിദഗ്ദ്ധരെ ഈ സ്ഥാപനത്തിൽ നിയമിച്ച് കൊച്ചി നഗരത്തിന് വിദഗ്ദ്ധ സേവനം നൽകുന്ന ഒരു സ്ഥാപനമായി ഈ കൗൺസിലിന്റെ കാലത്തു തന്നെ സി-ഹെഡ് വളരേണ്ടതുണ്ട്. സി-ഹെഡിന്റെ ശാക്തീകരണത്തിനായി നാല്പ്പത് ലക്ഷം രൂപ ഈ ബഡ്ജറ്റിൽ വകയിരുത്തുന്നു.

## ടൗൺ ഹാൾ

73. എറണാകുളം ടൗൺ ഹാൾ, ഇ.എം.എസ്. ടൗൺഹാൾ എന്നിവ ആധുനികരീതിയിൽ പുനർനിർമിക്കും. പുതിയ ലൈറ്റിംഗ്, സൗണ്ട് സംവിധാനവും കേന്ദ്രീകൃത എയർകണ്ടീഷൻ സംവിധാനവും ഏർപ്പെടുത്തും. ഇൻബിൽറ്റ് ജനറേറ്റർ സംവിധാനം ഏർപ്പെടുത്തും. മട്ടാഞ്ചേരി ടൗൺ ഹാളിന്റെ നവീകരണവും ഈ സാമ്പത്തിക വർഷം നടത്തും.

74. പദ്ധതിക്കായി രണ്ട് കോടി രൂപ ചെലവഴിക്കും.

## പള്ളുരുത്തിയിൽ സിറ്റി ഹാൾ

75. പള്ളുരുത്തിയിൽ ഒരു സിറ്റി ഹാൾ നിർമ്മിക്കുക എന്നത് ഈ കൗൺസിലിന്റെ പ്രധാന കർമ്മപദ്ധതികളിലൊന്നാണ്. ഇതു സംബന്ധിച്ചുള്ള പ്രാരംഭപഠനവും പദ്ധതിരേഖ തയ്യാറാക്കലും ഈ സാമ്പത്തികവർഷം ആരംഭിക്കും. പദ്ധതിയുടെ പ്രാരംഭ പ്രവർത്തനങ്ങൾക്കായി 50 ലക്ഷം രൂപ നീക്കിവെക്കുന്നു.

## കൊച്ചി ഇക്കോ ചലഞ്ച്

76. യുവതയുടെ ശബ്ദവും ആശയവും പങ്കാളിത്തവും പ്രാദേശിക സർക്കാരുകളുടെ പ്രവർത്തനത്തിൽ ഉറപ്പാക്കുക എന്ന ലക്ഷ്യം മുൻനിർത്തി ഐക്യരാഷ്ട്ര സഭയുടെ 'ഇക്കോ റെസ്റ്റോറേഷൻ ദശാബ്ദം' പദ്ധതിയുടെ ഭാഗമായി കൊച്ചിയിലെ സ്കൂൾ കോളേജ് വിദ്യാർത്ഥികൾക്കായി നടപ്പിലാക്കിയ മത്സരാധിഷ്ഠിത പദ്ധതി നിർദ്ദേശ രൂപീകരണ പരിപാടിയായിരുന്നു 'കൊച്ചി ഇക്കോ ചലഞ്ച്'. പ്രശസ്ത സിനിമാ താരങ്ങളായ ഇന്ദ്രജിത്തും പൂർണിമ ഇന്ദ്രജിത്തും അമ്പാസിഡർമാരായ പ്രസ്തുത ചലഞ്ചിൽ മൂന്ന് വിഭാഗങ്ങളിലായി നിരവധി പദ്ധതി നിർദ്ദേശങ്ങളാണ് വന്നത്.

77. കൊച്ചിയിലെ കനാലുകളുടെ നവീകരണവും മലിന ജല സംസ്ക്കരണവും, മംഗളവനത്തിന്റെ നവീകരണം, വയോജനങ്ങൾക്കും കുട്ടികൾക്കുമായി പരിസ്ഥിതി സൗഹൃദ പാർക്കുകൾ ഒരുക്കൽ, സീ ബിൻ എന്ന സാങ്കേതിക വിദ്യ ഉപയോഗിച്ചുള്ള കായൽ ഖര മലിനീകരണ നിർമാർജ്ജനം, നടപ്പാതകളുടെ നവീകരണം, ഖര മാലിന്യ സംസ്ക്കരണം, കൊതുകു നിർമാർജ്ജനത്തിനുള്ള ജൈവ സാങ്കേതിക വഴികൾ, ആഫ്രിക്കൻ ഒച്ച്, കുളവാഴ തുടങ്ങിയ പരിസ്ഥിതിയ്ക്ക് ദോഷകരമായ അധിനിവേശ സ്പീഷ്യസുകളുടെ നിർമാർജ്ജനം, കണ്ടൽ സസ്യങ്ങളുപയോഗിച്ചുള്ള തീര സംരക്ഷണം, വെണ്ണലയിലെ ഉപേക്ഷിച്ച ക്വാറിയെ ജൈവ വൈവിധ്യ പാർക്ക് ആക്കി മാറ്റുക തുടങ്ങി പരിസ്ഥിതി പരിപാലനത്തിന് വിദ്യാർത്ഥികളുടെ നേതൃത്വത്തിൽ ബോധവത്ക്കരണത്തിലൂടെ സമൂഹമൊന്നായി ചെയ്യേണ്ട ജീവിത വ്യവസ്ഥാ നിർദ്ദേശവും പരിസ്ഥിതി സംരക്ഷണത്തിലൂടെ സാമുഹിക സാമ്പത്തിക ഉന്നമനം ലക്ഷ്യംവച്ചുള്ള പദ്ധതികൾ ഉൾപ്പെടെയുള്ള നിർദേശങ്ങളായിരുന്നു ഇക്കോ ചലഞ്ചിന്റെ ഭാഗമായി വിദ്യാർത്ഥികൾ സമർപ്പിച്ചത്. കൊച്ചി ഇക്കോ ചാലഞ്ച് എല്ലാ വർഷവും നടത്തുകയും കേരളത്തിലെ മുഴുവൻ വിദ്യാഭ്യാസ സ്ഥാപനങ്ങളേയും പങ്കെടുപ്പിക്കുകയും ചെയ്യും.

78. ഇക്കോ ചലഞ്ചിന്റെ ഭാഗമായി വന്ന പദ്ധതികളുടെ സാമ്പത്തികവും സാങ്കേതികവുമായ പ്രായോഗികത വിലയിരുത്താൻ എഞ്ചിനീയറിംങ് വിദഗ്ദ്ധരുൾപ്പെട്ട ഒരു സമിതിയെ ചുമതലപ്പെടുത്തും. ഈ വിദഗ്ദ്ധ സമിതിയുടെ മേൽനോട്ടത്തിൽ തിരഞ്ഞെടുക്കുന്ന പ്രൊജക്റ്റുകളുടെ ഡി.പി.ആർ. തയ്യാറാക്കി നടപ്പിലാക്കാൻ രണ്ട് കോടി രൂപ ഈ ബജറ്റിൽ വകയിരുത്തുന്നു.

## എൽ.ഇ.ഡി. സ്ട്രീറ്റ്ലൈറ്റ്

79. നഗരത്തിലെ എല്ലാ തെരുവ് വിളക്കുകളും എൽ.ഇ.ഡി. സംവിധാനത്തിലേക്ക് മാറ്റുന്നതിനുള്ള പദ്ധതി ഈ സാമ്പത്തിക വർഷം നടപ്പിലാക്കും.

80. പദ്ധതിക്ക് രണ്ട് കോടി രൂപ നീക്കി വെക്കുന്നു

## ഗതാഗത രംഗം

81. ഗതാഗത രംഗത്ത് വരുത്തേണ്ട പരിഷ്കാരങ്ങളും നടപ്പിലാക്കേണ്ട പദ്ധതി പ്രവർത്തനങ്ങളും സംബന്ധിച്ച് ഈ കൗൺസിലിന്റെ സമീപനവും പദ്ധതികളും കഴിഞ്ഞ ബജറ്റിൽ വളരെ വിശദമായി പ്രതിപാദിച്ചിരുന്നു. ആയതിന്റെ അടിസ്ഥാനത്തിലുള്ള പ്രവർത്തനങ്ങൾ കൊച്ചി നഗരത്തിലെ ഗതാഗതരംഗത്ത് പ്രവർത്തിക്കുന്ന വിവിധ ഏജൻസികളുമായി സഹകരിച്ചുകൊണ്ട് നടപ്പിലാക്കി വരുന്നുണ്ട്. ബഹുമാനപ്പെട്ട സംസ്ഥാന സർക്കാരിന്റെ പിന്തുണയോടെ നടപ്പിലാക്കുന്ന ഗതാഗതരംഗത്തെ പദ്ധതികൾ നഗര ഗതാഗതരംഗത്ത് വൻ മാറ്റങ്ങളാണ് വരുത്തിയിരിക്കുന്നത്.

82. നഗര ഗതാഗതരംഗത്ത് പ്രവർത്തിക്കുന്ന മുഴുവൻ ഏജൻസികളുടെയും പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിന് കൊച്ചി മുനിസിപ്പൽ കോർപ്പറേഷൻ പ്രത്യേക താൽപര്യമെടുത്ത് പ്രവർത്തിക്കുന്നുണ്ട്. ഗതാഗത രംഗത്തെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനും

പദ്ധതി നടത്തിപ്പ് സുഗമമാക്കുന്നതിനും പ്രത്യേക പരിഗണന നൽകി പ്രവർത്തിക്കും.

## സ്മാർട്ട് റോഡുകൾ

83. ഈ കൗൺസിൽ നിരന്തരമായ ഇടപെടലുകൾ നടത്തിയതിന്റെ അടിസ്ഥാനത്തിലും പ്രവർത്തനങ്ങൾ കൃത്യമായ രീതിയിൽ ഏകോപിപ്പിച്ചതിനാലും സ്മാർട്ട്സിറ്റി പദ്ധതിയിലൂടെ വിഭാവനം ചെയ്ത, കഴിഞ്ഞ ബജറ്റിൽ പ്രഖ്യാപിച്ച സ്മാർട്ട് റോഡുകളുടെ നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. നഗരത്തിലെ മറ്റു പ്രധാന റോഡുകളും സ്മാർട്ട് റോഡുകളായി പുനർനിർമ്മിക്കേണ്ടത് അനിവാര്യമാണ്. ഇന്ത്യൻ റോഡ് കോൺഗ്രസ്സ് മാനദണ്ഡപ്രകാരമുള്ള നിർമ്മാണവും ശരിയായ മീഡിയനുകളും ലൈറ്റിംഗും കാൽനട യാത്രാസൗകര്യവും സൈക്കിൾപാത്തും കേബിൾ ഡക്ടും സൈനേജുകളും സ്ട്രീറ്റ് ഫർണിച്ചറുകളും അടക്കം നിർമ്മിച്ചുകൊണ്ട് ഏറ്റവും ആധുനിക രീതിയിൽ പുനർനിർമ്മിച്ച് നഗര റോഡുകളെ സ്മാർട്ട് റോഡുകളാക്കാനുള്ള പദ്ധതി നടപ്പിലാക്കും.

84. സഹോദരൻ അയ്യപ്പൻ റോഡ്, ചിറ്റൂർ റോഡ്, വെളി-ജൂബിലി റോഡ്-നസ്രത്ത് റോഡ്, ഫോർഷോർ റോഡ്, എസ്.ആർ.എം. റോഡ്, എം.ഐ. ഷാനവാസ് റോഡ് (നോർത്ത് റെയിൽവേ സ്റ്റേഷൻ റോഡ്), മാന്ത്രകനാൽ സമാന്തര റോഡ്, സൗത്ത് റെയിൽവേ സ്റ്റേഷൻ റോഡ്, കർഷക റോഡ്, ചർച്ച് ലാൻഡിങ് റോഡ്, രവിപുരം റോഡ്, സലീംരാജൻ റോഡ്, മാവേലി റോഡ്, സലീംരാജൻ റോഡ്-സൗത്ത് റെയിൽവേ സ്റ്റേഷൻ റോഡ്, പി.വി. ആന്റണി റോഡ്, പള്ളുരുത്തി-ആലപ്പുഴ റോഡ് എന്നീ റോഡുകൾ മോഡൽ റോഡുകളാക്കി പുനർനിർമ്മിക്കുന്ന പദ്ധതിക്ക് തുടക്കം കുറിക്കും. വിശദമായ പദ്ധതിരേഖ തയ്യാറാക്കും. തനത് ഫണ്ട്, പ്ലാൻ ഫണ്ട്,

മറ്റ് കേന്ദ്ര-സംസ്ഥാന സർക്കാർ പദ്ധതികളിലൂടെ ലഭ്യമാകുന്ന ഫണ്ടും പദ്ധതിക്കായി ഉപയോഗിക്കും.

## റോഡുകളുടെ നവീകരണവും പരിപാലനവും

85. നഗരത്തിലെ ചെറുതും ഇടത്തരത്തിലുള്ളതുമായ എല്ലാ റോഡുകളും ആവശ്യമായ അറ്റകുറ്റപ്പണികൾ നടത്തി സംരക്ഷിക്കും. ജനങ്ങളുടെയും സ്ഥാപനങ്ങളുടെയും സഹകരണത്തോടെ ഈ റോഡുകളുടെ പരിപാലനത്തിനായി ഒരു സംവിധാനം നിലവിൽ വരുത്തും. റോഡുകളുടെ സംരക്ഷണവും പൂച്ചെടികൾ വെച്ച് റോഡരിക് മോടിപിടിപ്പിക്കുന്നതിനും അനധികൃതമായ നിർമ്മാണ പ്രവർത്തനങ്ങൾ ബന്ധപ്പെട്ടവരുടെ ശ്രദ്ധയിൽ കൊണ്ടുവരുന്നതിനും ഈ സംവിധാനത്തിലൂടെ സാധിക്കും. തനത് ഫണ്ടും സ്ഥാപനങ്ങളുടെയും വ്യക്തികളുടെയും സ്പോൺസർഷിപ്പ് എന്നിവയും ഉപയോഗിച്ച് പരിപാലനം നിർവ്വഹിക്കുന്ന രീതിയാണ് അവലംഭിക്കുന്നത്.

## പ്രധാന റോഡുകളുടെ നിർമ്മാണവും പൂർത്തീകരണവും

86. ഗോശ്രീ-മാമംഗലം റോഡിന്റെ നിർമ്മാണവും, കെ.പി. വള്ളോൻ റോഡിന്റെ വീതികൂട്ടലും, എളമക്കര-പേരണ്ടൂർ റോഡും ഈ കൗൺസിലിന്റെ പധാന അജണ്ടകളിലൊന്നാണ്. ഈ റോഡുകളുടെ നിർമ്മാണവും നവീകരണവുമായി ബന്ധപ്പെട്ട് ഡി.പി.ആർ. ഉടനടി തയ്യാറാക്കും. ഈ സാഹചര്യത്തിൽ സംസ്ഥാന ബജറ്റിൽ റോഡുകളുടെ വികസനത്തിനായി നീക്കിവെച്ച അഞ്ചു കോടി രൂപ ഉപയോഗിച്ച് ഡി.പി.ആർ. തയ്യാറാക്കി റോഡ് നിർമ്മാണവും വികസനവും സാധ്യമാക്കും. ജി.സി.ഡി.എ., കെ.എം.ആർ.എൽ, ആർ.ബി.ഡി.സി. കെ എന്നീ ഏജൻസികളുമായി സഹകരിച്ച് പദ്ധതി പ്രവർത്തനങ്ങൾ നടപ്പിലാക്കും.

## ബി.എം. & ബി.സി. റോഡുകൾ

87. നഗരത്തിലെ മുഴുവൻ റോഡുകളും ബി.എം.& ബി.സി. നിലവാരത്തിലേക്ക് ഉയർത്തുവാനുള്ള പ്രവർത്തനങ്ങൾ ഊർജ്ജിതമായി നടന്നുവരുന്നു. കൂടുതൽ റോഡുകൾ ആധുനിക രീതിയിൽ പുതുക്കിപ്പണിയുകയും ബി.എം.& ബി.സി. നിലവാരത്തിലേക്ക് ഉയർത്തുകയും ചെയ്യുന്ന പ്രവർത്തനങ്ങൾ സമയബന്ധിതമായി നടപ്പിലാക്കും.

## ബൗണ്ടറി റോഡുകൾ

88. കൊച്ചി നഗരത്തിന് ചുറ്റുമുള്ള ബൗണ്ടറി റോഡുകൾ പുതുക്കിപ്പണിയുന്നതിനുള്ള പദ്ധതി തയ്യാറാക്കി നടപ്പിലാക്കും. മറ്റ് തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടേയും ഏജൻസികളുടേയും അധീനതയിലുള്ള ബൗണ്ടറി റോഡുകൾ അത്തരം സ്ഥാപനങ്ങളുടെ സഹകരണത്തോടെ കൊച്ചി മുനിസിപ്പൽ കോർപ്പറേഷൻ ഫണ്ട് ഉപയോഗിച്ച് നവീകരിക്കും.

## റോഡ് ക്ലസ്റ്റർ പദ്ധതി

89. നഗരത്തിലെ എല്ലാ പ്രധാന റോഡുകളുടേയും ബന്ധിപ്പിച്ച് 'റോഡ് ക്ലസ്റ്ററുകൾ' രൂപീകരിക്കും. ഇത്തരം റോഡ് ക്ലസ്റ്ററുകൾക്ക് പ്രത്യേക മൊബിലിറ്റി പ്ലാൻ തയ്യാറാക്കും. പദ്ധതി കെ.എം.ടി.എ. യുടെ സഹായത്തോടെ നടപ്പിലാക്കും.

## തമ്മനം-പുല്ലേപ്പടി റോഡ്

90. ഈ കൗൺസിൽ ഏറ്റവും പ്രാധാന്യം നൽകി യാഥാർത്ഥ്യമാക്കാൻ ശ്രദ്ധപതിപ്പിച്ച പദ്ധതിയാണ് തമ്മനം-പുല്ലേപ്പടി റോഡ് വികസനം. കൊച്ചി മുനിസിപ്പൽ കോർപ്പറേഷന്റെ കൈവശമുള്ള തമ്മനം-പുല്ലേപ്പടി റോഡിന്റെ ഉടമസ്ഥത സംസ്ഥാന സർക്കാരിനു കൈമാറുന്നത് സംബന്ധിച്ച് ഒരു പ്രമേയമവതരിപ്പിക്കുക മാത്രാണ് കഴിഞ്ഞ കൗൺസിലിന്റെ കാലത്ത് നടന്നത്.

91. ഈ കൗൺസിൽ നിലവിൽ വന്നതിനുശേഷം ബഹുമാനപ്പെട്ട സംസ്ഥാന സർക്കാർ സഹായത്തോടെ തമ്മനം-പുല്ലേപ്പടി റോഡിനാവശ്യമായ ഭൂമി ഏറ്റെടുക്കുകയും ഫ്രീ സറണ്ടറായി ലഭ്യമായതടക്കമുള്ള ഭൂമി സംസ്ഥാന സർക്കാരിന് കൈമാറുന്നതിനുള്ള നടപടിക്രമങ്ങൾ പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്. കൊച്ചി മുനിസിപ്പൽ കോർപ്പറേഷൻ ബഹുമാനപ്പെട്ട സംസ്ഥാന തദ്ദേശ സ്വയംഭരണ വകുപ്പിന്റെ പിന്തുണയോടെ നടത്തിയ നിരന്തര ശ്രമങ്ങളുടെ ഫലമായാണ് ഇത് സാധ്യമായത്. സംസ്ഥാന പൊതുമരാമത്ത് വകുപ്പിന് കീഴിലുള്ള കേരള റോഡ് ഫണ്ട് ബോർഡ് പദ്ധതി നടത്തിപ്പിനാവശ്യമായ പ്രവർത്തനങ്ങൾ കൊച്ചി മുനിസിപ്പൽ കോർപ്പറേഷന്റെ സഹായത്തോടെ കാര്യക്ഷമമായി നടത്തിവരുന്നുണ്ട്. ഭൂമി ഏറ്റെടുത്ത് ബഹുമാനപ്പെട്ട സംസ്ഥാന സർക്കാരിന് കൈമാറുന്നതിന് എല്ലാ പിന്തുണയും നൽകിയ ബഹുമാനപ്പെട്ട ജില്ലാ കളക്ടർ, സബ്കളക്ടർ, മറ്റ് ഉദ്യോഗസ്ഥർ എന്നിവരെ ഞാൻ പ്രത്യേകം അഭിനന്ദിക്കുന്നു.

92. പദ്ധതിയുടെ ഡി.പി.ആർ. ഇതിനകം തന്നെ തയ്യാറാക്കിയിട്ടുണ്ട്. പദ്ധതിക്കായി കിഫ്ബിവഴി തൊണ്ണൂറ്റിമൂന്ന് കോടിയോളം രൂപ സർക്കാർ അനുവദിച്ചിട്ടുണ്ട്. സ്ഥലം ഏറ്റെടുക്കാൻ ആവശ്യമായ മുഴുവൻ തുകയും കിഫ്ബി വഴി അനുവദിക്കുന്നതിന് സംസ്ഥാന സർക്കാർ തീരുമാനം എടുത്തിട്ടുണ്ട്. പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട ഭൂമി ഏറ്റെടുക്കൽ പ്രവർത്തനങ്ങൾ ഒരു വർഷത്തിനുള്ളിൽ തന്നെ പൂർത്തീകരിക്കും.

93. പദ്ധതിയുടെ അടുത്ത ഘട്ടമായി തമ്മനം-പുല്ലേപ്പടി റോഡിനെ തമ്മനത്തുനിന്ന് കിഴക്കോട്ട് നീട്ടുന്നതിനുള്ള പദ്ധതിരേഖ തയ്യാറാക്കും. റോഡ് വികസനത്തിന്റെ കൊച്ചി നഗര പരിധിക്കുള്ളിലെ ഭൂമിയേറ്റെടുക്കൽ നടപടിയും ഡി.പി.ആർ. തയ്യാറാക്കലും കൊച്ചി മുനിസിപ്പൽ കോർപ്പറേഷൻ ഏറ്റെടുത്ത് നടപ്പിലാക്കും. നഗരപരിധിക്ക് പുറത്തുള്ള വികസന പ്രവർത്തനങ്ങൾ പി.ഡബ്ല്യു.ഡി. യുടെ നേതൃത്വത്തി

ലായിരിക്കും നടക്കുക. പദ്ധതി നടത്തിപ്പ് സംസ്ഥാന സർക്കാർ സഹായത്തോടെ മുന്നോട്ട് കൊണ്ടുപോകും.

94. കൊച്ചി നഗരത്തിലെ ഗതാഗത രംഗത്ത് ഏറെ പ്രാധാന്യമുള്ള ഈ നഗരപാത ഏറ്റവും ആധുനിക രീതിയിൽ സമയബന്ധിതമായി പുനർനിർമ്മിക്കുന്നതിന് കൊച്ചി മുനിസിപ്പൽ കോർപ്പറേഷൻ നേതൃത്വപരമായ പങ്ക് വഹിക്കും.

## പള്ളുരുത്തി പാരലൽ റോഡ്

95. പള്ളുരുത്തി പാരലൽ റോഡിന്റെ സ്ഥലമെടുപ്പ് നടപടികൾ പൂർത്തീകരിക്കുന്നതിനാവശ്യമായ തുക ചെലവഴിക്കും. സ്ഥലമെടുപ്പ് പ്രവർത്തനങ്ങൾ എത്രയും വേഗം പൂർത്തീകരിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടത്തും.

## പള്ളുരുത്തി റിംഗ് റോഡ്

96. പള്ളുരുത്തി റിംഗ് റോഡിന്റെ സ്ഥലമെടുപ്പും നിർമ്മാണ പ്രവർത്തനങ്ങളും സംസ്ഥാന സർക്കാർ സഹായത്തോടെ ഈ സാമ്പത്തിക വർഷം ആരംഭിക്കും. പി. ഗംഗാധരൻ റോഡ്, ഇന്ദിരാഗാന്ധി റോഡ് എന്നീ റോഡുകളുടെ നവീകരണ പ്രവർത്തനങ്ങളും ഈ സാമ്പത്തികവർഷം ആരംഭിക്കും.

## വെളി റോഡ്

97. ഫോർട്ടുകൊച്ചി വെളി ജൂബിലി റോഡിൽ ഇ.എം.ജി.എച്ച്.എസ്.എസ്. ന് മുൻഭാഗത്തുനിന്നും വൽദേജ്-ഓടത്ത റോഡുവരെ നിലവിലുള്ള വഴി രണ്ടര മീറ്ററാക്കി വീതി കൂട്ടി ബാക്കി ഭാഗം ഭൂമി ഏറ്റെടുത്ത് പുതിയ റോഡാക്കി പുനർനിർമ്മിക്കും.

## എലവേറ്റഡ് ഹൈവേ

98. സംസ്ഥാന സർക്കാർ സഹായത്തോടെ നടപ്പാക്കുന്ന തേവരയെ

നഗരഹൃദയവുമായി ബന്ധിപ്പിക്കുന്ന എലവേറ്റഡ് ഹൈവേ പദ്ധതിയുടെ ഡി.പി.ആർ. തയ്യാറാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ഉടനടി ആരംഭിക്കും. ഈ പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട് ഒരു സ്പെഷൽ സെൽ രൂപീകരിക്കും.

## ആലിൻചുവട് ജംഗ്ഷൻ വികസനം

99. നഗരത്തിൽ ഏറ്റവും കൂടുതൽ ഗതാഗത പ്രശ്നങ്ങൾ നേരിടുന്ന പ്രധാന കവലകളിൽ ഒന്നാണ് ആലിൻചുവട് ജംഗ്ഷൻ. കാക്കനാട്ടേയ്ക്കും വെണ്ണല പ്രദേശത്തേക്കുമുള്ള ഗതാഗതത്തിന്റെ ഒഴുക്കുമായി ബന്ധപ്പെട്ട നിരവധി പ്രശ്നങ്ങൾ നേരിടുന്ന സ്ഥലമാണിത്. ആലിൻ ചുവട് ജംഗ്ഷൻ വികസിപ്പിക്കുകയും ഗതാഗത സംവിധാനങ്ങൾ ശാസ്ത്രീയമായി പുനക്രമീകരിക്കുകയും ചെയ്യുന്ന ഒരു പദ്ധതി നടപ്പിലാക്കും. ജംഗ്ഷൻ സൗന്ദര്യവൽക്കരണം പദ്ധതിയുടെ ഭാഗമാക്കും.

## ഗതാഗത ഹബ്-മൊബിലിറ്റി പ്ലാൻ

100. എറണാകുളം കെ.എസ്.ആർ.ടി.സി. ബസ്സ്റ്റാൻഡ്, വൈറ്റില മൊബിലിറ്റി ഹബ്ബ്, കലൂർ ബസ്സ്റ്റാൻഡ്, നോർത്ത്-സൗത്ത് റെയിൽവേ സ്റ്റേഷനുകൾ, മെട്രോ സ്റ്റേഷനുകൾ, എറണാകുളം ബോട്ട് ജെട്ടി എന്നീ പ്രധാന ഗതാഗത ഹബ്ബുകൾ ബന്ധിപ്പിക്കുന്ന ആധുനിക രീതിയിൽ ഡിസൈൻ ചെയ്ത റോഡ് നെറ്റ്വർക്കും ആയതിന്റെ അടിസ്ഥാനത്തിൽ ഒരു മൊബിലിറ്റി പ്ലാനും തയ്യാറാക്കും. വൈറ്റില മൊബിലിറ്റി ഹബ്ബ് സൊസൈറ്റിയുമായി സഹകരിച്ചായിരിക്കും പദ്ധതി നടപ്പിലാക്കുക.

## വൈറ്റില ജംഗ്ഷൻ മൊബിലിറ്റി പ്ലാൻ

101. വൈറ്റില ജംഗ്ഷനിലെ ഗതാഗതക്കുരുക്ക് ഒഴിവാക്കി ഗതാഗതം സുഗമമാക്കുന്നതിന് പ്രത്യേക പദ്ധതി നടപ്പിലാക്കും. നിലവിൽ

നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന ഹ്രസ്വകാല പദ്ധതികൾക്ക് പുറമേ ദീർഘകാലാടിസ്ഥാനത്തിലുള്ള ഒരു മൊബിലിറ്റി പ്ലാൻ തയ്യാറാക്കും. ആയതുമായി ബന്ധപ്പെട്ട് നാറ്റ്പാക്ക് നടത്തിയ പ്രാഥമിക പഠനത്തിൽ ഏകദേശം രണ്ട് ഏക്കറോളം ഭൂമി ഇതിനു വേണ്ടി ഏറ്റെടുക്കേണ്ടി വരും എന്നാണ് കണ്ടെത്തിയിരുന്നത്. പദ്ധതിയുടെ ഡി.പി.ആർ. തയ്യാറാക്കുന്നത് നാറ്റ്പാക്ക് ആണ്. വൈറ്റില ജംഗ്ഷനിലെ ഗതാഗത ക്കുരുക്ക് ഒഴിവാക്കുന്നതിന് കൊച്ചി മുനിസിപ്പൽ കോർപ്പറേഷൻ മുൻകൈയെടുക്കും. ഇതുമായി ബന്ധപ്പെട്ട് എൻ.എച്ച്.എ.ഐ., പി.ഡബ്ല്യു.ഡി. അടക്കമുള്ള എല്ലാ വകുപ്പുകളുടെയും ഏകോപനം എറ്റെടുക്കും.

## ജസ്റ്റിസ് കൃഷ്ണയ്യർ സ്ക്വയർ

102. വിശ്വ പൗരൻ ജസ്റ്റിസ് കൃഷ്ണയ്യരുടെ നാമധേയത്തിൽ ഏറ്റവും ആധുനിക രീതിയിൽ രൂപകൽപ്പന ചെയ്ത ഒരു പൊതു ഇടം ഹൈ ക്കോടതി പരിസരത്ത് തയ്യാറാക്കുന്നതിന് തീരുമാനമെടുത്തിരുന്നു. ഇതുസംബന്ധിച്ച് ഈ കൗൺസിൽ വന്നതിനുശേഷം ഹൈക്കോടതി അഭിഭാഷക അസോസിയേഷൻ അടക്കമുള്ള പ്രധാനപ്പെട്ട എല്ലാ സ്റ്റേക്ക്ഹോൾഡേഴ്സുമായി ചർച്ചനടത്തുകയും ആയതിന്റെ അടി സ്ഥാനത്തിൽ ലോക പ്രശസ്ത അർബൻ ഡിസൈനറായ പ്രൊഫസർ കെ.ടി. രവീന്ദ്രൻ ഒരു ഡിസൈൻ പ്രൊപ്പോസൽ തയ്യാറാക്കുകയും ചെയ്തിട്ടുണ്ട്. ഈ ഡിസൈൻ പ്രൊപ്പോസലിന്റെ അടിസ്ഥാനത്തിൽ ഡി.പി.ആർ. തയ്യാറാക്കുകയും പദ്ധതി നടപ്പിലാക്കുകയും ചെയ്യും. പദ്ധതി പ്രവർത്തനങ്ങൾ ഈ സാമ്പത്തികവർഷം തന്നെ ആരംഭിക്കും.

## നഗരം ഇലക്ട്രിക് വാഹനങ്ങളിലേക്ക്

103. കൊച്ചി നഗരത്തിനായി ഒരു ഇ-മൊബിലിറ്റി പ്ലാൻ തയ്യാറാക്കുമെന്ന് ഇതിനകം തന്നെ പ്രഖ്യാപിച്ചിരുന്നെങ്കിലും നാളിതുവരെ അതിനു

സാധിച്ചിരുന്നില്ല. കൂടുതൽ പ്രകൃതിസൗഹൃദ ഗതാഗത സംവിധാനത്തിലക്ക് മാറുക എന്നത് ഈ കൗൺസിലിന്റെ നയമാണ്. ആയതിന്റെ അടിസ്ഥാനത്തിൽ ഇ-മൊബിലിറ്റി പ്ലാൻ തയ്യാറാക്കും. കൊച്ചി മുനിസിപ്പൽ കോർപ്പറേഷൻ ഇനിമുതൽ ഇലക്ട്രിക് വാഹനങ്ങൾ മാത്രമേ വാങ്ങൂ എന്ന് പ്രഖ്യാപിക്കുന്നു. ഘട്ടംഘട്ടമായി കൊച്ചി മുൻസിപ്പൽ കോർപ്പറേഷന്റെ മുഴുവൻ വാഹനങ്ങളും ഇലക്ട്രിക്ക് വാഹനങ്ങളാക്കുന്നതിനുള്ള നടപടി സ്വീകരിക്കും. കൊച്ചിയിൽ നഗരഗതാഗതത്തിന് ഇലക്ട്രിക്ക് വാഹനങ്ങൾ ഉപയോഗിക്കുന്നത് പ്രോത്സാഹിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കും.

## ഇലക്ട്രിക്ക് ചരക്ക് വാഹനങ്ങൾ

104. ഐ.സി.എൽ.ഇ.ഐ. ദക്ഷിണേഷ്യയുടെ സഹകരണത്തോടെ നടപ്പിലാക്കി കൊണ്ടിരിക്കുന്ന ഇക്കോലോജിസ്റ്റിക്ക് പദ്ധതിയിലുൾപ്പെടുത്തി ചരക്ക് നീക്കങ്ങൾക്ക് ഇലക്ട്രിക് വാഹനങ്ങൾ ഉപയോഗിക്കുന്നതിന് ഒരു പൈലറ്റ് പ്രൊജക്ട് ഈ വർഷം നടപ്പിലാക്കും. പദ്ധതിയുടെ ആദ്യ ഘട്ടമായി എറണാകുളം മാർക്കറ്റിൽ ഉപയോഗിക്കുന്നതിനായി പത്ത് ഇലക്ട്രിക് ഗുഡ്സ് ഓട്ടോറിക്ഷകൾ വാങ്ങി നല്കും.

## ഇ-ഓട്ടോ പദ്ധതി

105. ഇ-ഓട്ടോ പൈലറ്റ് പദ്ധതിയുടെ ഭാഗമായ നൂറ് ഇ-ഓട്ടോറിക്ഷകളുടെ സേവനമാണ് നഗരത്തിൽ ലഭ്യമാക്കുക. ഇ-ഓട്ടോറിക്ഷകളുടെ സേവനം കടവന്ത്ര, നഗരത്തിലെ ഒന്ന് മുതൽ ഇരുപത്തെട്ട് വരെയുള്ള വാർഡുകൾ, തിരഞ്ഞെടുത്ത മെട്രോ സ്റ്റേഷനുകൾ, ബസ് സ്റ്റാൻഡുകൾ, ഫെറി, റെയിൽവേ സ്റ്റേഷൻ എന്നിവിടങ്ങളെ ഫീഡർ സംവിധാനമായി ലഭ്യമാക്കാനാണ് തീരുമാനിച്ചിട്ടുള്ളത്.

106. പദ്ധതിയുടെ ഭാഗമായുള്ള 'ഗ്രാന്റ്' ലഭ്യമാക്കുന്നതിന് കൊച്ചി മുനിസിപ്പൽ കോർപ്പറേഷനും ജി.ഐ.ഇസഡും ചേർന്ന് കരാർ ഒപ്പുവച്ചിട്ടുണ്ട്. ഇതിലൂടെ ലഭ്യമാവുന്ന തുക എറണാകുളം ജില്ലാ

ഓട്ടോറിക്ഷ ഡ്രൈവേഴ്സ് കോ ഓപ്പറേറ്റീവ് സൊസൈറ്റിക്ക് ഓട്ടോറിക്ഷകൾ വാങ്ങുന്നതിന് സബ്സിഡി നൽകുന്നതിനും പൈലറ്റ് പദ്ധതി നടപ്പിലാക്കുന്ന സ്ഥലങ്ങളിൽ ചാർജിങ് സ്റ്റേഷനുകളും മറ്റ് അടിസ്ഥാന സൗകര്യങ്ങൾ സ്ഥാപിക്കുന്നതിനും സൈനേജുകൾ, ഓട്ടോസ്റ്റാൻഡുകൾ എന്നിവ നിർമ്മിക്കുന്നതിനും വിനിയോഗിക്കും.

## ബസ് സ്റ്റാന്റുകൾ

107. പെരുമ്പടപ്പ്, ഇടക്കൊച്ചി എന്നിവിടങ്ങളിൽ പുതിയ ബസ് സ്റ്റാന്റുകൾ പണിയുക എന്ന തീരുമാനത്തിന് നിരവധി വർഷങ്ങളുടെ പഴക്ക മുണ്ട്. എന്നാൽ ഇവ നടപ്പിലാക്കുന്നതിനുള്ള കാര്യമായ ശ്രമങ്ങ ളൊന്നും നമ്മുടെ ഭാഗത്തുനിന്നും ഉണ്ടായിട്ടില്ല. ഈ സാഹചര്യ ത്തിൽ പെരുമ്പടപ്പിലും ഇടക്കൊച്ചിയിലും ബസ് സ്റ്റാന്റുകൾ നിർമ്മി ക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ആരംഭിക്കുകയും അവ സമയ ബന്ധിതമായി പൂർത്തീകരിക്കുകയും ചെയ്യും.

## ആധുനിക ബസ്സ്റ്റോപ്പുകൾ

108. തനത് ഫണ്ടും പ്ലാൻ ഫണ്ടും കേന്ദ്ര-സംസ്ഥാന സർക്കാർ സഹായ ത്തോടെ നടപ്പിലാക്കുന്ന പദ്ധതികളിൽ നിന്നുള്ള ഫണ്ടും സ്പോൺ സർഷിപ്പും ഉപയോഗിച്ച് എബ്രഹാം മടമാക്കൽ റോഡിൽ തയ്യാറാ ക്കിയ ബസ് ഷെൽട്ടറിന്റെ മാതൃകയിൽ നഗരത്തിലെ എല്ലാ പ്രധാന ബസ് ഷെൽട്ടറുകളും പുനർനിർമ്മിക്കും.

## ഫുട്ട് ഓവർ ബ്രിഡ്ജുകൾ

109. നഗരത്തിലെ മേനക ജംഗ്ഷൻ അടക്കമുള്ള പ്രധാന കേന്ദ്രങ്ങളിൽ എലവേറ്റഡ് സംവിധാനത്തോടുകൂടിയ ഫൂട്ട് ഓവർ ബ്രിഡ്ജുകൾ നിർമ്മിക്കും. ഇതിനുള്ള സാധ്യതാ പഠനം നടത്തി അനുയോജ്യമായ സ്ഥലങ്ങൾ കണ്ടെത്തി അവ സ്ഥാപിക്കും.

## ഓപ്പറേഷൻ ഫുട്പാത്ത്

110. നഗരത്തിലെ എല്ലാ റോഡുകളിലേയും ഫുട്പാത്തുകൾ സഞ്ചാര യോഗ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കും. ഫുട്പാത്തുകളിലെ മുഴുവൻ കയ്യേറ്റങ്ങളും ഒഴിപ്പിക്കും. അനധികൃതമായ എല്ലാ പരസ്യ ങ്ങളും നീക്കംചെയ്യും. ഫുട്പാത്തുകൾ കയ്യേറുന്നത് തടയാനുള്ള പ്രത്യേക സ്ക്വാഡുകൾ രൂപീകരിക്കും.

## മേൽപ്പാലങ്ങൾ

111. വടുതല ആർ.ഒ.ബി.യുടെയും അറ്റ്ലാന്റിക്സ് മേൽപ്പാലത്തിന്റെയും നിർമ്മാണവുമായി ബന്ധപ്പെട്ട സ്ഥലമെടുപ്പ് പ്രവർത്തനം ഈ സാമ്പത്തിക വർഷം പൂർത്തീകരിക്കുമെന്ന് ബഹുമാനപ്പെട്ട സംസ്ഥാന സർക്കാർ ഉറപ്പുനൽകിയിട്ടുണ്ട്. ഇതിനായി സംസ്ഥാന റോഡ്സ് ആൻഡ് ബ്രിഡ്ജസ് കോർപ്പറേഷനെ ചുമതലപ്പെടുത്തി യിട്ടുണ്ട്. പദ്ധതിയുമായി ബന്ധപ്പെട്ട് ബഹുമാനപ്പെട്ട മേയറുടെ നേതൃത്വത്തിൽ പ്രവർത്തന പുരോഗതി വിലയിരുത്തുന്നതിന് ഓരോ മാസവും റിവ്യൂ മീറ്റിംങ്ങുകളും പദ്ധതി സമയബന്ധിതമായി നടപ്പിലാ ക്കാനുള്ള ഏകോപനപ്രവർത്തനങ്ങളും നടത്തുന്നുണ്ട്.

## മധുര കമ്പനി-കണ്ണങ്കാട്ട് പാലം

112. വർഷങ്ങളായി മുടങ്ങിക്കിടന്നിരുന്ന സ്ഥലമെടുപ്പ് നടപടികൾ പൂർത്തീകരിച്ചുകൊണ്ട് മധുര കമ്പനി-കണ്ണങ്കാട്ട് പാലം നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിന് സജ്ജമായിട്ടുണ്ട്. കഴിഞ്ഞ സാമ്പത്തിക വർഷത്തെ ബജറ്റ് പ്രഖ്യാപനത്തിനുശേഷം നിയമ തടസ്സങ്ങൾ എല്ലാം നീക്കിക്കൊണ്ട് സ്ഥലമെടുപ്പിനായി എൺപത്ത് ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്.

113. പാലത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ മെയ് മാസത്തിൽ ആരംഭി ക്കും. അപ്രോച്ച് റോഡ് നിർമ്മാണം ഉടനടി പൂർത്തീകരിക്കും.

## തേവര വാക്ക്‌വേ

114. ഇറിഗേഷൻ വകുപ്പിന്റെ സഹകരണത്തോടെ തേവരയിൽ പുതിയ വാക്ക്‌വേ നിർമ്മിക്കും. ജി..ഐ.എസ്. സർവ്വേയിലൂടെ സ്ഥലം അടയാളപ്പെടുത്തി ഡി.പി.ആർ. തയ്യാറാക്കുന്ന പ്രവർത്തനങ്ങൾ ആരംഭിക്കും. വാക്‌വേ ഡിസൈൻ ചെയ്യുന്നതിന് ഇന്ത്യൻ ഇൻസ്റ്റി റ്റ്യൂട്ട് ഓഫ് അർബൻ ഡിസൈനേഴ്സിന്റെ സഹായം ലഭ്യമാക്കും.

## പാർക്കിംഗ്

115. നഗരത്തിനായുള്ള 'പാർക്കിംങ്ങ് പോളിസി' തയ്യാറാക്കാനുള്ള പ്രവർത്തനങ്ങൾ പുനരാരംഭിക്കും. പൊതുസ്ഥലങ്ങൾ സ്വകാര്യ വാഹനങ്ങളുടെ പാർക്കിംഗിനായി ഉപയോഗിക്കുന്നത് നിയന്ത്രിക്കും. കൂടാതെ, അനുയോജ്യമായ സ്ഥലങ്ങളിൽ മൾട്ടിലെവൽ പാർക്കിംഗ് സംവിധാനം ബി.ഒ.ടി. മാതൃകയിൽ ഒരുക്കും

## ബസ് റൂട്ട് പുനഃക്രമീകരണം

116. പദ്ധതിയുടെ ഭാഗമായി കൊച്ചി നഗരത്തിനുള്ളിലെ എല്ലാ ബസ് റൂട്ടുകളുടേയും മെട്രോ റൂട്ടുകളുടേയും ഫെറി റൂട്ടുകളുടേയും എല്ലാ ബസ് സ്റ്റോപ്പുകളുടേയും ടെർമിനലുകളുടേയും മേപ്പിംഗ് നടത്തും. കൂടാതെ, യാത്രാ രീതിയും യാത്രക്കാരുടെ ആവശ്യവും മനസ്സിലാക്കുന്നതിനായി ബസ് യാത്രക്കാരുടെ 'ഡിമാൻഡ് സർവ്വേ' നടത്തും. ഈ സാമ്പത്തിക വർഷത്തിൽ എല്ലാ സർവേകളും പൂർത്തീകരിച്ച് കൊച്ചി നഗരത്തിനായുള്ള പൊതുഗതാഗത ശൃംഖല ഡിജിറ്റൈസ്ഡ് രൂപത്തിൽ തയ്യാറാക്കും.

117. ഇതിന്റെ അടിസ്ഥാനത്തിൽ കൊച്ചി നഗരത്തിലേയും പരിസര പ്രദേശങ്ങളിലേയും ബസ് റൂട്ടുകൾ ആധുനികരീതിയിൽ പുനക്രമീകരിക്കും. മൊബിലൈസ് യുവർ സിറ്റി പദ്ധതിയുടെ ഭാഗമായി എ.എഫ്.ഡി. യുടെ സഹായത്തോടെ പദ്ധതി നടപ്പിലാക്കും.

## ട്രാൻസ്പോർട്ട് സെല്ലിന്റെ രൂപീകരണം

118. കൊച്ചി മുനിസിപ്പൽ കോർപ്പറേഷന്റെ നേതൃത്വത്തിൽ നടപ്പിലാക്കുന്ന 'അർബൻ മൊബിലിറ്റി പ്രോജക്ടുകൾ' ഏകോപിപ്പിക്കുന്നതിനും നേതൃത്വം നൽകുന്നതിനും കൈകാര്യം ചെയ്യുന്നതിനും ശേഷി വർധിപ്പിക്കുന്നതിനും കൊച്ചി മുനിസിപ്പൽ കോർപ്പറേഷനിൽ ഒരു ട്രാൻസ്പോർട്ട് സെൽ രൂപീകരിക്കും. ഗതാഗത പദ്ധതികളെ ഏകോപിപ്പിക്കുന്നതിനായി ഒരു പ്രത്യേക ടീം രൂപീകരിക്കും. പദ്ധതിയുടെ പ്രവർത്തനങ്ങൾ ഈ സാമ്പത്തിക വർഷം ആരംഭിക്കും.

## റോ–റോ

119. ഫോർട്ടുകൊച്ചി-വൈപ്പിൻ റൂട്ടിൽ മൂന്നാമത്തെ റോ–റോ എന്ന നമ്മുടെ ആവശ്യം അനുഭാവപൂർവ്വം പരിഗണിച്ച് ഇതിനായി പത്ത് കോടി രൂപ അനുവദിച്ച സംസ്ഥാന സർക്കാരിന് പ്രത്യേക നന്ദി അറിയിക്കുന്നു. നഗര ഗതാഗതരംഗത്ത് ഏറ്റവും പ്രാധാന്യമുള്ള റോ–റോ സർവ്വീസ് ഏറ്റവും കാര്യക്ഷമമായി നടത്തുന്നതിനായി ഒരു സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ (എസ്.പി.വി.) രൂപീകരിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ അന്തിമഘട്ടത്തിലാണ്. എസ്.പി.വി. രൂപീകരണവുമായി ബന്ധപ്പെട്ട ബൈലോ അടക്കമുള്ള രൂപരേഖ തയ്യാറാക്കുന്നതും അന്തിമഘട്ടത്തിലാണ്. എസ്.പി.വി. രൂപീകരിച്ച് ആവശ്യമായ വിദഗ്ധരുടെ സേവനം ലഭ്യമാക്കി ഏറ്റവും കാര്യക്ഷമമായ രീതിയിൽ റോ–റോ സർവ്വീസ് നടത്തുന്നതിനായുള്ള പ്രവർത്തനങ്ങളാണ് നടത്തുന്നത്.

## മൂന്നാമത്തെ റോ–റോ

120. നിലവിലുള്ള രണ്ടു റോ–റോകളിൽ ഒന്ന് അറ്റകുറ്റപ്പണികൾക്കോ യന്ത്രത്തകരാറിനെ തുടർന്നുള്ള പരിശോധനകൾക്കോ സർവീസിൽ നിന്ന് മാറ്റി നിർത്തുമ്പോൾ ഫോർട്ടുകൊച്ചി-വൈപ്പിൻ ഗതാഗതത്തെ

അത് കാര്യമായി ബാധിക്കുന്നുണ്ട്. ഈ പശ്ചാത്തലത്തിൽ കൊച്ചിൻ ഷിപ്പിയാർഡുമായി ചേർന്ന് മൂന്നാമത്തെ റോ-റോ നിർമ്മിക്കുന്നതിനുള്ള കരാറിലേർപ്പെടും. ഇതിനായി സർക്കാർ അനുവദിച്ച തുക ഉപയോഗിക്കും.

## സീസൺ ടിക്കറ്റ്

121. റോ-റോ സർവ്വീസിന്റെ ഭാഗമായി യാത്രക്കാർക്കായി സീസൺ ടിക്കറ്റ് സംവിധാനം ഏർപ്പെടുത്തും. കൂടാതെ, വാഹനങ്ങൾക്കായി ഫാസ്റ്റ് ടാഗ് സംവിധാനം ഏർപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിക്കും.

## വാട്ടർ മെട്രോ

122. വാട്ടർമെട്രോ ടെർമിനലുകളുടെയും ബോട്ടുകളുടെയും നിർമാണം വളരെ വേഗം പുരോഗമിക്കുകയാണ്. മുപ്പത്തി എട്ട് ടെർമിനലുകളിൽ മൂന്നെണ്ണത്തിന്റെ നിർമാണം പൂർത്തിയായിക്കഴിഞ്ഞു. ആറെണ്ണം ജൂണോടെ പൂർത്തിയാകും. എഴുപത്തി എട്ട് ബോട്ടുകളിൽ നൂറ് പേർക്ക് യാത്രചെയ്യാവുന്ന ഇരുപത്തിമൂന്ന് ബോട്ടുകൾ കൊച്ചിൻ ഷിപ്പിയാർഡാണ് നിർമിക്കുന്നത്. ഒരെണ്ണം പൂർത്തിയാക്കി കൈമാറി. ബാക്കിയുള്ളവ 2022 നവംബറോടെ കൈമാറുമെന്നാണ് അറിയിച്ചിരിക്കുന്നത്. വൈറ്റില-കാക്കനാട് റൂട്ടിൽ ഡ്രഡ്ജിംഗ് പൂർത്തിയായി. ഹൈക്കോർട്ട്-വൈറ്റില റൂട്ടിൽ ഡ്രഡ്ജിംഗ് പുരോഗമിക്കുന്നു. വാട്ടർ മെട്രോയുമായി ബന്ധപ്പെട്ട എല്ലാ പ്രവർത്തനങ്ങൾക്കും നേതൃത്വപരമായ പങ്കാണ് കൊച്ചി മുനിസിപ്പൽ കോർപ്പറേഷൻ വഹിച്ചുകൊണ്ടിരിക്കുന്നത്. സംസ്ഥാന ബജറ്റിൽ വാട്ടർ മെട്രോയുടെ പ്രവർത്തനങ്ങൾക്ക് നൂറ്റമ്പത് കോടി രൂപ വകയിരുത്തിയിട്ടുണ്ട്.

## സൈക്കിൾ വിത്ത് കൊച്ചി

123. കൊച്ചി നഗരത്തെ രാജ്യത്തിന്റെ 'സൈക്ലിങ്ങ് ആൻഡ് ആക്ടീവ് സ്ട്രീറ്റ്സ്' തലസ്ഥാനമാക്കി മാറ്റുന്നത് ലക്ഷ്യം വച്ചുകൊണ്ട് നടത്തി വരുന്ന പദ്ധതിയാണ് 'സൈക്കിൾ വിത്ത് കൊച്ചി'.

124. ഹരിത ഗതാഗതത്തിലേക്ക് മാറുന്നതും ആരോഗ്യകരമായ ഒരു ജീവിതശൈലിയുടെ പ്രാധാന്യം മനസ്സിലാക്കിക്കൊടുക്കുന്നതും ഗതാഗതരംഗത്ത് സ്ത്രീകൾക്കും കുട്ടികൾക്കും സ്വയം പര്യാപ്തത നേടി കൊടുക്കുന്നതും ലക്ഷ്യംവച്ചുകൊണ്ട് നഗരത്തിലെ താഴ്ന്ന വരുമാനക്കാരായിട്ടുള്ള നിരവധി സ്ത്രീകൾക്കും ഹൈസ്കൂൾ വിദ്യാർഥികൾക്കും പദ്ധതിയുടെ ഭാഗമായി സൈക്കിൾ പരിശീലനം നൽകുന്നുണ്ട്. അതാത് വാർഡുകളിൽ നിന്നും ഇഷ്ടപ്പെട്ട സൈക്കിൾ സ്ട്രീറ്റുകൾ തിരഞ്ഞെടുത്തു നിർദ്ദേശിക്കാൻ അവസരമൊരുക്കുന്ന ഓൺലൈൻ ചലഞ്ചായ 'നോ യുവർ സ്ട്രീറ്റ്സ്' (Know Your Streets) എന്ന പദ്ധതിക്കും ഇതിന്റെ ഭാഗമായി തുടക്കം കുറിച്ചിട്ടുണ്ട്. കൂടാതെ നഗരത്തിലെ എല്ലാ സൈക്കിൾ റിപ്പയറിങ് ഷോപ്പുകളുടെയും മേപ്പിംഗ്, സൈക്കിൾ റിപ്പയറിങ്ങ് സംബന്ധിച്ച പരിശീലന പരിപാടികൾ, കൂടുതൽ വിദ്യാർത്ഥികളെയും സർക്കാർ ഉദ്യോഗസ്ഥരെയും സൈക്ലിംഗ് പോലുള്ള ഹരിത ഗതാഗതത്തിലേക്ക് ചുവടുമാറാൻ പ്രോത്സാഹിപ്പിക്കുക, കൊച്ചി നഗരത്തിനായി ഒരു സൈക്കിളിങ് ശൃഖല രൂപീകരിക്കുക തുടങ്ങിയ വിവിധങ്ങളായ പദ്ധതികൾ കൂടി ഇതിന്റെ രണ്ടാം ഘട്ടമായി ഈ സാമ്പത്തിക വർഷം ആസൂത്രണം ചെയ്തു നടപ്പിലാക്കും.

## മൊബൈൽ ടാർ പാച്ചിംഗ് യൂണിറ്റുകൾ

125. റോഡുകളിൽ രൂപപ്പെടുന്ന ചെറിയ കുഴികൾ കൃത്യസമയത്ത് അടയ്ക്കാത്തതിനാൽ അവ വലിയ കുഴികളായി മാറുകയും സുഗമമായ ഗതാഗതത്തിന് തടസ്സം വരുത്തുകയും ചെയ്യുന്നുണ്ട്. ഈ പശ്ചാത്തലത്തിൽ നഗരത്തിന്റെ എല്ലാ സോണുകളിലും ടാർ പാച്ചിംഗ് യൂണിറ്റുകൾ ആരംഭിക്കുന്നതിനുള്ള ടെണ്ടറിംഗ് നടപടികൾ ഉടനടിതന്നെ ആരംഭിക്കും. ഇതു സംബന്ധിച്ച് പ്രവർത്തന മാനദണ്ഡങ്ങൾ ഉടനടി തയ്യാറാക്കും. പരിപാലനത്തിനായി പ്രത്യേക നിബന്ധനകളില്ലാത്ത എല്ലാ റോഡുകൾക്കും ഉപയോഗിക്കാവുന്ന വിധത്തിലാണ് യൂണിറ്റുകൾ പ്രവർത്തിക്കുക.

## പൊതുഗതാഗത രംഗത്തിനുവേണ്ടിയുള്ള ധനവിനിയോഗം

126. പൊതുഗതാഗത രംഗത്തെ പ്രവർത്തനങ്ങൾക്ക് തനത് ഫണ്ട്, പ്ലാൻ ഫണ്ട്, കേന്ദ്ര-സംസ്ഥാന സർക്കാർ സഹായത്തോടെ നടപ്പിലാക്കുന്ന പദ്ധതികൾ എന്നിവ ഉപയോഗിച്ചുകൊണ്ട് ഇരുന്നൂറ് കോടി രൂപ ചെലവഴിക്കും.

## മാലിന്യസംസ്ക്കരണം

127. മാലിന്യ സംസ്ക്കരണം കുറ്റമറ്റരീതിയിൽ മുന്നോട്ടു കൊണ്ടുപോകുന്നതിന് പ്രത്യേക പരിഗണന നൽകിക്കൊണ്ടുള്ള പ്രവർത്തനമാണ് ഈ കൗൺസിൽ നിലവിൽവന്നതിനുശേഷം നടത്തിവരുന്നത്. ഈ കൗൺസിലിന്റെ മാലിന്യസംസ്ക്കരണ നയം വളരെ വ്യക്തമായി ഇതിനകം പ്രഖ്യാപിച്ചിട്ടുണ്ട്. ആ പ്രഖ്യാപനത്തിന്റെ അടിസ്ഥാനത്തിൽ കൊച്ചി നഗരത്തിനായുള്ള 'മാലിന്യ സംസ്ക്കരണ ബൈലോ' തയ്യാറാക്കി കൗൺസിൽ അംഗീകരിച്ചിട്ടുണ്ട്. ഈ നിയമാവലി പ്രകാരമുള്ള ശാസ്ത്രീയമായ മാർഗ്ഗങ്ങളാണ് മാലിന്യ സംസ്ക്കരണത്തിനായി അവലംബിക്കുന്നത്.

## ഗ്രീൻ ബെൽറ്റ്

128. ബ്രഹ്മപുരത്ത് മാലിന്യ സംസ്ക്കരണത്തിനായി ഏറ്റെടുത്ത നൂറ്റിപ്പത്ത് ഏക്കർ സ്ഥലത്തിന്റെ ഉപയോഗം സംബന്ധിച്ച് ഒരു മാസ്റ്റർപ്ലാൻ തയ്യാറാക്കുന്നതിനുള്ള തീരുമാനം ഉണ്ടായിരുന്നുവെങ്കിലും അത് ഇതുവരെ പ്രാവർത്തികമായിട്ടില്ല. ഈ പശ്ചാത്തലത്തിൽ ബ്രഹ്മപുരത്തിനായി ഒരു മാസ്റ്റർപ്ലാനും ഈ മാസ്റ്റർപ്ലാനിന്റെ ഭാഗമായി ബ്രഹ്മപുരം സ്ഥലത്തിന് ചുറ്റുമായി ഒരു ഗ്രീൻ ബെൽറ്റ് തയ്യാറാക്കുകയും ചെയ്യുന്ന പ്രവർത്തനങ്ങൾ ഈ സാമ്പത്തികവർഷം ആരംഭിക്കും.

## നിലവിലുള്ള പ്ലാന്റിന്റെ പ്രവർത്തനം

129. ഇരുന്നൂറ്റമ്പത് ടൺ പ്രതിദിന ശേഷിയുള്ള നിലവിലുള്ള വിൻഡ്രോ കംപോസ്റ്റ് പ്ലാന്റിൽ കൊച്ചി നഗരത്തിലെയും അങ്കമാലി, ആലുവ, കളമശ്ശേരി, തൃക്കാക്കര, തൃപ്പൂണിത്തുറ, ചേരാനല്ലൂർ, വടവുകോട്, പുത്തൻകുരിശ്, കുമ്പളങ്ങി എന്നീ തദ്ദേശസ്വയംഭരണ പ്രദേശങ്ങളിലെയും ജൈവമാലിന്യങ്ങൾ സംസ്കരിക്കുന്നുണ്ട്.

130. പ്ലാന്റിന്റെ നടത്തിപ്പ് ടെൻഡർ ചെയ്ത് പുതിയ ഏജൻസിയെ ഏൽപ്പിച്ചിട്ടുണ്ട്. പ്ലാന്റ് ഒരുവർഷം നടത്തുന്നതിന് നിലവിലെ നിരക്ക് പ്രകാരം ഏകദേശം നാല് കോടി നാല്പത്തെട്ട് ലക്ഷത്തോളം രൂപയുടെ ചെലവ് വരുന്നുണ്ട്. നിലവിലെ പ്ലാന്റ് ജീർണിച്ച അവസ്ഥയിലായതിനാൽ പുതിയ ഒരു വിൻഡ്രോ കംപോസ്റ്റ് പ്ലാന്റ് നിർമ്മിക്കുന്നതിന് ഡി.പി.ആർ. തയ്യാറാക്കിയിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ പ്രവർത്തനങ്ങൾ ഉടനടി ആരംഭിക്കും. പദ്ധതിക്കായി മുപ്പത് കോടി രൂപ ചെലവഴിക്കും.

## ബയോ മൈനിങ്

131. ബ്രഹ്മപുരത്ത് കൂടിക്കിടക്കുന്ന മാലിന്യം (ലെഗസി വേസ്റ്റ്) ശാസ്ത്രീയമായി നിർമ്മാർജ്ജനം ചെയ്യുന്നതിനായി സർക്കാർ കെ.എസ്.ഐ.ഡി.സി. മുഖാന്തിരം ടെൻഡർ നടത്തി 'സോണ്ട ഇൻഫ്രാ ടെക്' എന്ന ഏജൻസിക്ക് കരാർ നൽകിയിട്ടുള്ളതാണ്. ഈ ഏജൻസി ശാസ്ത്രീയമായ മൈനിങ് പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്.

132. എൻ.ഐ.ടി. കോഴിക്കോട്, കെട്ടിക്കിടക്കുന്ന മാലിന്യവുമായി ബന്ധപ്പെട്ടിട്ടുള്ള അളവ് കണ്ടെത്തുന്നതിന് ഡ്രോൺ സർവ്വേ അടക്കമുള്ള ശാസ്ത്രീയ പരിശോധനയുടെ അടിസ്ഥാനത്തിൽ അഞ്ച് ലക്ഷത്തോളം ക്യൂബിക് മീറ്റർ മാലിന്യം ഉള്ളതായി കണ്ടെത്തിയിട്ടുണ്ട്. ബയോ മൈനിങ് നടത്തുന്നതിന് ഏകദേശം അമ്പത്തിയഞ്ച്

കോടിയോളം രൂപ ചെലവ് വരും എന്നാണ് കണ്ടെത്തിയിരിക്കുന്നത്. ബയോ മൈനിങ് നടത്തുന്നതിനായി ആറ് കോടി രൂപ കൊച്ചി മുനിസിപ്പൽ കോർപ്പറേഷന്റെ അഭ്യർത്ഥന പ്രകാരം ഇതിനകം തന്നെ സംസ്ഥാന സർക്കാർ അനുവദിച്ചിട്ടുണ്ട്.

## വേസ്റ്റ് ടു എനർജി പദ്ധതി

133. പ്രതിദിനം അഞ്ഞൂറ് ടൺ ഖരമാലിന്യം സംസ്ക്കരിക്കാൻ ശേഷിയുള്ള പുതിയ വേസ്റ്റ് ടു എനർജി പ്ലാന്റ് നിർമ്മാണത്തിനായി സംസ്ഥാന സർക്കാരിന്റെ സ്ഥാപനമായ കെ.എസ്.ഐ.ഡി.സി. യുടെ സാങ്കേതിക സഹായത്തോടെയുള്ള തിരഞ്ഞെടുപ്പ് പ്രക്രിയ പൂർത്തീകരിച്ച് സോണ്ട ഇൻഫ്രാ ടെക് എന്ന സ്ഥാപനത്തെ ചുമതലപ്പെടുത്തിയിട്ടുണ്ട്. പ്ലാന്റ് സ്ഥാപിക്കുന്നതിനായി ബ്രഹ്മപുരത്ത് ഇരുപത് ഏക്കർ ഭൂമി ഇരുപത്തഞ്ച് വർഷത്തേക്ക് ലീസിനായി അനുവദിച്ചിട്ടുണ്ട്.

## എം.ആർ.എഫ്. സംവിധാനം

134. കൊച്ചി നഗരത്തിൽ നിന്നുള്ള അജൈവ ഖരമാലിന്യം വേമ്പനാട്ടു കായലിലേക്കും കടലിലേക്കുമെത്തി തീരത്ത് അടിഞ്ഞു കൂടുന്നുണ്ട്. ഇത് നേരിടുന്നതിന് കേന്ദ്രസർക്കാർ ആവിഷ്ക്കരിച്ച 'സിറ്റീസ് കോമ്പാറ്റിംഗ് പ്ലാസ്റ്റിക് എന്റിംഗ് ദ മറൈൻ എൻവയോൺമെന്റ്' എന്ന പദ്ധതിയിൽ കൊച്ചിയെ ഉൾപ്പെടുത്തിയിട്ടുണ്ട്. പ്ലാസ്റ്റിക് ഉൾപ്പെടെയുള്ള നഗര മാലിന്യം സമുദ്രത്തിൽ എത്തുന്നതു തടയുന്നതിന് ആവശ്യമായ ഫലപ്രദമായ ഇടപെടലുകൾ ഈ പദ്ധതിയുടെ സഹായത്തോടെ നടത്തും.

135. അജൈവ ഖരമാലിന്യത്തെ ശേഖരിച്ചു സംസ്ക്കരിക്കുന്ന എം.ആർ.എഫ്. പ്ലാന്റ് ഇടപ്പള്ളി സോണൽ ഓഫീസ് പരിസരത്ത് നിർമ്മിക്കും. ഈ പദ്ധതിയുടെ ഭാഗമായി പച്ചക്കറി മാർക്കറ്റിൽ ഉണ്ടാകുന്ന വാഴക്കുല മാലിന്യത്തെ ശേഖരിച്ച് ഫൈബർ ആക്കി മാറ്റി മൂല്യവർദ്ധിത ഉത്പന്നങ്ങൾ ഉണ്ടാക്കുന്ന ഒരു പദ്ധതിയും നടപ്പിലാക്കും.

### കെട്ടിടാവശിഷ്ടങ്ങൾ

136. കെട്ടിടങ്ങൾ പൊളിക്കുന്നതുമായി ബന്ധപ്പെട്ട അവശിഷ്ടങ്ങൾ സംസ്ക്കരിക്കുന്നതിനുള്ള ഒരു പ്ലാന്റ് ബ്രഹ്മപുരത്ത് സ്ഥാപിക്കുന്നത് സംബന്ധിച്ച് സാധ്യതാ പഠനം നടത്തിയിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ കെട്ടിടാവശിഷ്ടങ്ങൾ സംസ്ക്കരിക്കുന്നതിനുള്ള പ്ലാന്റ് നിർമ്മിക്കുന്നതിനുള്ള പ്രാരംഭ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്

### ബയോമെഡിക്കൽ വേസ്റ്റ്

137. സംസ്ഥാന സർക്കാരിന്റെ മേൽനോട്ടത്തിൽ നടപ്പിലാക്കുന്ന ബയോമെഡിക്കൽ മാലിന്യം സംസ്ക്കരിക്കുന്നതിനുള്ള പൈലറ്റ് പദ്ധതിയിൽ കൊച്ചിയെ ഉൾപ്പെടുത്തിയിട്ടുണ്ട്. പൈലറ്റ് പദ്ധതി നടപ്പിലാക്കും.

### ഇ-വേസ്റ്റ് പ്ലാന്റ്

138. സംസ്ഥാന സർക്കാർ സഹായത്തോടെ ബ്രഹ്മപുരത്ത് ഇലക്ട്രോണിക് മാലിന്യം സംസ്ക്കരിക്കുന്നതിനുള്ള പ്ലാന്റ് നിർമ്മിക്കുന്നതിന്റെ സാധ്യതാ പഠനം നടത്തി പ്ലാന്റ് സ്ഥാപിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ആരംഭിക്കും.

### മാലിന്യനീക്കം

139. മാലിന്യനീക്കത്തിനായി ഉപയോഗിക്കുന്ന വാഹനങ്ങൾ കൂടുതൽ പരിസ്ഥിതി സൗഹൃദമായ രീതിയിൽ പുനസംഘടിപ്പിക്കും. ബാറ്ററിയിൽ പ്രവർത്തിക്കുന്ന ട്രൈ സൈക്കിൾ, ബാറ്ററിയിൽ പ്രവർത്തിക്കുന്ന ടിപ്പർ ഓട്ടോകൾ, ബാറ്ററിയിൽ പ്രവർത്തിക്കുന്ന കോംപാക്ടറുകൾ എന്നിവ മാലിന്യനീക്കത്തിന് ഉപയോഗിക്കാനുള്ള പദ്ധതി നടപ്പിലാക്കും. മാലിന്യ നിർമ്മാർജ്ജനവുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന തൊഴിലാളികൾ കൈകൊണ്ട് മാലിന്യം കൈകാര്യം ചെയ്യുന്നത്

പൂർണ്ണമായി ഒഴിവാക്കുന്നതിനുള്ള ശ്രമങ്ങൾ ഈ കൗൺസിൽ ആരംഭിച്ചിട്ടുണ്ട്. അത് സമ്പൂർണ്ണമാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടപ്പിലാക്കും.

## മാലിന്യശേഖരണം-മൊബൈൽ ആപ്പ്

140. ഹോട്ടലുകളിൽനിന്നും മറ്റ് സ്ഥാപനങ്ങളിൽ നിന്നുമുള്ള മാലിന്യ ശേഖരണത്തിനായി ശാസ്ത്രീയമായ സംവിധാനം ഏർപ്പെടുത്തും. മാലിന്യം ശേഖരിക്കുന്ന എല്ലാ സ്ഥാപനങ്ങളെയും ഒരു ആപ്പ് വഴി ബന്ധിപ്പിച്ച് ഫീസ് നേരിട്ട് കൊച്ചി മുനിസിപ്പൽ കോർപ്പറേഷൻ ശേഖരിക്കുന്നതിനുള്ള സംവിധാനം നിലവിൽ വരുത്തും.

## സ്മാർട്ട് ഗാർബേജ് മോണിറ്ററിംഗ് സിസ്റ്റം

141. പൊതു സ്ഥലങ്ങളിൽ മാലിന്യം നിക്ഷേപിക്കുന്നത് കണ്ടെത്തുന്നതിനും അത് കണ്ടെത്തി ബന്ധപ്പെട്ടവരെ അറിയിക്കുന്നതിനും ആയതിന് ഉടനടി പരിഹാരം കാണുന്നതിനുമായി ഒരു സിസ്റ്റം 'എസ്.ജി. എം.എസ്.' എന്ന പേരിൽ തയ്യാറാക്കും.

## വെൽത്ത് ഫ്രം വേസ്റ്റ്

142. പ്ലാസ്റ്റിക്, കുപ്പികൾ എന്നിവ ശേഖരിച്ച് പുനരുപയോഗത്തിനും വിൽപ്പനയ്ക്കുമായി ഒരു കേന്ദ്രം ആരംഭിക്കും. ഇവയുടെ നടത്തിപ്പ് ടെണ്ടർ ചെയ്ത് കൊച്ചി മുനിസിപ്പൽ കോർപ്പറേഷന് വരുമാനം ലഭിക്കുംവിധം സജ്ജമാക്കും. കൂടാതെ, കോഴിക്കടകളിൽ നിന്നുമുള്ള വേസ്റ്റ് ശേഖരിക്കുന്നതും ടെണ്ടറിലൂടെ ഏജൻസിയെ കണ്ടെത്തി വരുമാനമുണ്ടാക്കും.

## സ്വച്ഛ് ഭാരത് മിഷൻ

143. സ്വച്ഛ് ഭാരത് മിഷൻ രണ്ടാം ഘട്ടത്തിന്റെ ഭാഗമായി നഗരത്തിൽ അനുയോജ്യമായ സ്ഥലങ്ങൾ കണ്ടെത്തി പൊതു ശൗചാലയങ്ങൾ

നിർമ്മിക്കുന്നതിനുള്ള ഒരു പദ്ധതിയും അർഹരായ കുടുംബങ്ങൾക്ക് വ്യക്തിഗത ശൗചാലയങ്ങൾ നിർമ്മിച്ചു നൽകുന്നതിനുള്ള പദ്ധതിയും തയ്യാറാക്കി നടപ്പിലാക്കും.

## സിറ്റി വൈഡ് ഇൻക്ലൂസീവ് സാനിറ്റേഷൻ

144. തമിഴ്നാട്ടിലെ തിരുച്ചിറപ്പള്ളി, ആന്ധ്രയിലെ വാറങ്കൽ തുടങ്ങിയ നഗരങ്ങളിൽ നടപ്പിലാക്കിയ നഗരങ്ങളിലെ സമ്പൂർണ്ണ ശുചിത്വനായുള്ള 'സിറ്റി വൈഡ് ഇൻക്ലൂസിവ് സാനിറ്റേഷൻ' (സി.ഡബ്ല്യു.ഐ.എസ്.) പദ്ധതി കൊച്ചിയിലും നടപ്പിലാക്കും. സമൂഹത്തിലെ എല്ലാ ശ്രേണിയിൽപ്പെട്ടവർക്കും തുല്യത ഉറപ്പുവരുത്തിക്കൊണ്ട് സുരക്ഷിതമായ ശുചിത്വ സേവനങ്ങൾ ലഭ്യമാക്കുക, പദ്ധതികളുടെ ആസൂത്രണം, നടത്തിപ്പ്, മേൽനോട്ടം എന്നീ ഘട്ടങ്ങളിൽ ലിംഗ സമത്വവും സാമൂഹിക സമത്വവും ഉറപ്പാക്കുക എന്നത് ഈ പദ്ധതിയുടെ പ്രധാന ഘടകമാണ്. ശുചിത്വ സേവന ശൃംഖലയിൽ മനുഷ്യ മാലിന്യം സുരക്ഷിതമായി കൈകാര്യം ചെയ്യുക, സമ്പൂർണ ശുചിത്വത്തിനായി നഗരത്തിന് അനുയോജ്യമായ വിവിധങ്ങളായ കേന്ദ്രീകൃത വികേന്ദ്രീകൃത സാങ്കേതിക പരിഹാരങ്ങൾ ഉണ്ടാക്കുക തുടങ്ങിയവ ഇതിന്റെ ഭാഗമാകും.

145. മേൽ നഗരങ്ങളിൽ പദ്ധതി നടത്തിപ്പിന് സാങ്കേതിക സഹായം നൽകുന്ന ഏജൻസികളുടെ സഹകരണം പദ്ധതി നടത്തിപ്പിന് ലഭ്യമാക്കും.

## ബയോബിൻ

146. ഹീൽ പദ്ധതിയുടെ ഭാഗമായി ഉറവിടത്തിൽതന്നെ ജൈവമാലിന്യം സംസ്ക്കരിച്ച് വളമാക്കി കൃഷിക്ക് ഉപയുക്തമാകുന്ന പദ്ധതി മൂന്ന് ഡിവിഷനുകളിൽ വിജയകരമായി നടന്നുവരുന്നു. ഈ പദ്ധതി പതിനാറ് ഡിവിഷനുകളിൽ കൂടി ഈ സാമ്പത്തിക വർഷം നടപ്പിലാ

ക്കും. കൂടാതെ മൂന്ന് പ്രധാന കേന്ദ്രങ്ങളിൽ കേന്ദ്രീകൃത വിൻഡ്രോ കമ്പോസ്റ്റ് മാതൃകയിൽ കേന്ദ്രീകൃത ബയോബിന്നുകൾ സ്ഥാപിക്കും.

**മാലിന്യനിർമ്മാർജ്ജനം - ധനവിനിയോഗം**

147. ഖരമാലിന്യ നിർമ്മാർജ്ജന രംഗത്തെ പ്രവർത്തനങ്ങൾക്കായി ഇരുന്നൂറ് കോടി രൂപ ചെലവഴിക്കും.

**വെള്ളക്കെട്ട്**

148. കൊച്ചി നഗരത്തിലെ വെള്ളക്കെട്ട് നിവാരണ പ്രവർത്തനങ്ങളിൽ ഏറ്റവും പ്രധാനപ്പെട്ട 'ഓപ്പറേഷൻ ബ്രേക്ക് ത്രൂ' പദ്ധതിക്കായി സംസ്ഥാന ബജറ്റിൽ പത്ത് കോടി രൂപ നീക്കിവെച്ച സംസ്ഥാന സർക്കാരിന് പ്രത്യേക നന്ദി രേഖപ്പെടുത്തുന്നു. ഇറിഗേഷൻ വകുപ്പിന്റെ സഹായത്തോടെ നടപ്പിലാക്കുന്ന ഈ പദ്ധതിയുടെ വിജയകരമായ നടത്തിപ്പിന് നേതൃത്വം നൽകുന്നത് കൊച്ചി മുനിസിപ്പൽ കോർപ്പറേഷനാണ്.

149. കൊച്ചി നഗരം നേരിടുന്ന ഏറ്റവും വലിയ വെല്ലുവിളികളിൽ ഒന്ന് വെള്ളക്കെട്ടുമായി ബന്ധപ്പെട്ട വിഷയമാണ്. കാലാവസ്ഥാ വ്യതിയാനവുമായി ബന്ധപ്പെട്ട് സമുദ്ര ജലനിരപ്പ് ഉയരുന്നത് ഈ പ്രശ്നത്തെ കൂടുതൽ സങ്കീർണമാക്കുന്നു. മഴയുടെ സ്വഭാവത്തിൽ വന്ന മാറ്റം, പ്രത്യേകിച്ച് കുറച്ചു സമയത്തിനുള്ളിൽ കൂടുതൽ മഴ പെയ്യുന്ന പ്രതിഭാസം കൂടുതൽ പ്രശ്നങ്ങൾ സൃഷ്ടിക്കുന്നുണ്ട്. വേലിയേറ്റ സമയത്ത് പെയ്യുന്ന മഴ നഗരത്തെ വെള്ളത്തിനടിയിൽ ആക്കുന്നത് സാധാരണയായി മാറുകയാണ്. ഈ വലിയ വിപത്തിന് ശാസ്ത്രീയമായ പരിഹാരം കാണുന്നതിനും നേരിടുന്നതിനും ശക്തമായ നടപടികളാണ് ഈ കൗൺസിൽ സ്വീകരിച്ചുവരുന്നത്. ഈ വിഷയവുമായി ബന്ധപ്പെട്ട മുഴുവൻ വകുപ്പുകളെയും ഏകോപിപ്പിച്ചുകൊണ്ട് പ്രശ്നപരിഹാരത്തിനായി ആത്മാർത്ഥമായ ശ്രമങ്ങളാണ് കൗൺസിൽ നടത്തിവരുന്നത്. ഈ ശ്രമങ്ങൾ ഫലവത്താവു

ന്നത് നാം കണ്ടതാണ്. അതിശക്തമായ മഴ പെയ്തിട്ടും വലിയ വെള്ളക്കെട്ട് പ്രശ്നങ്ങളില്ലാത്ത ഒരു വർഷമാണ് കടന്നു പോയത്.

150. കൃത്യമായ സമയക്രമം പാലിച്ചുകൊണ്ട് കാനയും കനാലുകളും വൃത്തിയാക്കുകയും ആവശ്യമായ കനാലുകൾ നവീകരിക്കുകയും ചെയ്യുന്ന പ്രവർത്തനങ്ങൾ നടന്നുവരികയാണ്. ശക്തികൂടിയ മോട്ടോറുകൾ ഉപയോഗിച്ച് വെള്ളം പമ്പുചെയ്യുന്ന പ്രവർത്തിയിലൂടെ വെള്ളക്കെട്ടിന്റെ രൂക്ഷത കുറയ്ക്കുവാനും സാധിച്ചിട്ടുണ്ട്. ഓപ്പറേഷൻ ബ്രേക്ക്ത്രൂ പദ്ധതി പ്രശ്നപരിഹാരത്തിന് ഏറ്റവും സഹായകരമായിട്ടുണ്ട്. തനത് ഫണ്ടും സി.എസ്.എം.എൽ. ഫണ്ടും ചേർത്ത് ഏകദേശം പതിനഞ്ച് കോടിയോളം രൂപ ഓപ്പറേഷൻ ബ്രേക്ക്ത്രൂ-വിനായി കൊച്ചി മുൻസിപ്പൽ കോർപ്പറേഷൻ ഇതിനകംതന്നെ ചെലവഴിച്ചിട്ടുണ്ട്. കനാൽ പരിസരത്തെ കയ്യേറ്റങ്ങൾ അടക്കം നീരൊഴുക്ക് തടയുന്ന എല്ലാ തടസ്സങ്ങളും നീക്കേണ്ടതുണ്ട്. നഗരത്തിലെ വെള്ളക്കെട്ടുമായി ബന്ധപ്പെട്ട ഏറ്റവും ആധികാരിക പഠന രേഖയായ എസ്റ്റീം റിപ്പോർട്ടിന്റെ നിർദ്ദേശങ്ങൾ പൂർണ്ണമായും നടപ്പാക്കേണ്ടതുണ്ട്. കാലാവസ്ഥാവ്യതിയാനവും വേലിയേറ്റവുമായി ബന്ധപ്പെട്ട് നാം ഭാവിയിൽ നേരിടാൻ പോകുന്ന വിഷയങ്ങളെ കുറിച്ച് കൂടുതൽ ശാസ്ത്രീയമായി പഠിക്കേണ്ടതുണ്ട്. ആ പഠനങ്ങളുടെ നിർദ്ദേശങ്ങൾ മുൻഗണനയനുസരിച്ച് നടപ്പിലാക്കേണ്ടതുണ്ട്. വെള്ളക്കെട്ട് നിവാരണവുമായി ബന്ധപ്പെട്ട് നിലവിലുള്ള പെട്ടിയും പറയും അടക്കമുള്ള സംവിധാനങ്ങളെ ശരിയായ രീതിയിൽ പ്രവർത്തിപ്പിക്കേണ്ടതുണ്ട്.

151. എറണാകുളത്ത് കമ്മട്ടിപാടം അടക്കം രൂക്ഷമായ വെള്ളക്കെട്ട് ഉണ്ടാവുന്ന പ്രദേശങ്ങൾക്കായി പ്രത്യേക പദ്ധതി തയ്യാറാക്കി നടപ്പിലാക്കേണ്ടതുണ്ട്. പള്ളുരുത്തി-ഇടക്കൊച്ചി പ്രദേശങ്ങളിലെയും ഫോർട്ടുകൊച്ചി- മട്ടാഞ്ചേരി പ്രദേശങ്ങളിലേയും വെള്ളക്കെട്ട് പ്രശ്നം പ്രത്യേകം പഠിച്ച് പ്രശ്നപരിഹാരം കാണേണ്ടതുണ്ട്.

152. കൂടാതെ നെതർലാൻസ് പോലുള്ള രാജ്യങ്ങളിൽ വിജയകരമായി നടപ്പിലാക്കിയ വെള്ളത്തിനൊപ്പം ജീവിക്കുക എന്ന രീതി പിന്തുടരുന്നതിനെക്കുറിച്ചും നാം കാര്യമായി പരിഗണിക്കേണ്ടതുണ്ട്. ഇതുമായി ബന്ധപ്പെട്ട് വികസിത രാജ്യങ്ങളിൽ നടപ്പിലാക്കിയതടക്കമുള്ള പരിഹാരമാർഗ്ഗങ്ങൾ പഠിച്ച് അവ ശാസ്ത്രീയമായി നടപ്പിലാക്കിക്കൊണ്ട് നമ്മുടെ നഗരത്തെ വെള്ളക്കെട്ടിൽ നിന്നും രക്ഷിക്കുന്നതിന് ഈ കൗൺസിൽ പ്രതിജ്ഞാബദ്ധമാണ്.

## പുതിയ ഓപ്പറേഷൻ ബ്രേക്ക് ത്രൂ പദ്ധതി

153. കമ്മട്ടിപ്പാടത്തിനും കൂവപ്പാടം മുതൽ ചെമ്മീൻ ജംഗ്ഷൻ വരെയുള്ള പ്രദേശത്തിനും പള്ളുരുത്തി കച്ചേരിപ്പടി മുതൽ കോണം വരെയുള്ള പ്രദേശത്തിനുമായി ഓപ്പറേഷൻ ബ്രേക്ക്ത്രൂ വെള്ളക്കെട്ട് നിവാരണ പദ്ധതി നടപ്പിലാക്കും. പദ്ധതിക്കായി സർക്കാർ സഹായത്തോടെ പത്തു കോടി രൂപ ചെലവഴിക്കും.

## ബൗണ്ടറി കനാൽ

154. രാമേശ്വരം-മാന്ത്ര ബൗണ്ടറി കനാൽ 'കനാൽ പുനരുജ്ജീവന പദ്ധതി' മാതൃകയിൽ പുതുക്കിപ്പണിയുന്നതിനുള്ള പദ്ധതി നടപ്പിലാക്കും. പദ്ധതിക്ക് സർക്കാർ സഹായം ലഭ്യമാക്കും.

## ഗ്രീൻ-ഗ്രേ പരിഹാര മാർഗ്ഗങ്ങൾ

155. കൊച്ചി മുനിസിപ്പൽ കോർപ്പറേഷൻ ഐ.സി.എൽ.ഇ.ഐ. ദക്ഷിണേഷ്യയുടെ സഹകരണത്തോടെ രാമേശ്വരം കനാലിന്റെ പുനർജ്ജീവനത്തിനുള്ള ഗ്രീൻ-ഗ്രേ പരിഹാരമാർഗ്ഗങ്ങളിൽ വിപുലമായ പഠനം നടത്തും. സ്വിസ് ആർ.ഇ. ഫൗണ്ടേഷന്റെ സാമ്പത്തിക സഹായത്തോടെയാണ് പ്രസ്തുത പഠനപദ്ധതി നടപ്പിൽ വരുത്തുക.

156. ഫോർട്ടുകൊച്ചി-മട്ടാഞ്ചേരി പ്രദേശത്തെ കനാലുകളുടെ പുനരുജ്ജീവനത്തിനുള്ള അന്താരാഷ്ട്ര സാമ്പത്തിക സഹായം ലഭ്യമാക്കാൻ

സഹായകരമായ രീതിയിലായിരിക്കും ഈ പഠനപദ്ധതി നടപ്പിൽ വരുത്തുക.

**കനാൽ നവീകരണം**

157. നഗരത്തിലെ മുഴുവൻ കനാലുകളും നവീകരിച്ച് സംരക്ഷിക്കുകയും നീരൊഴുക്ക് സുഗമമാക്കേണ്ടതും അനിവാര്യമാണ്. ഇതിനുള്ള പ്രവർത്തനങ്ങൾ നടപ്പിലാക്കും. നിലവിൽ നടന്നുവരുന്ന പ്രധാന പദ്ധതികളിൽ ഉൾപ്പെടാത്ത നഗരത്തിലെ കനാലുകളുടെ നവീകരണങ്ങൾക്കായി കേന്ദ്രാവിഷ്കൃത പദ്ധതിയിലൂടെ ഫണ്ട് ലഭ്യമാക്കി നവീകരണ സംരക്ഷണ പ്രവർത്തനങ്ങൾ നടപ്പിലാക്കും.

158. കനാൽ നവീകരണവുമായി ബന്ധപ്പെട്ട് അമൃത് പദ്ധതിയിൽ ഉൾപ്പെടുത്തി നിരവധി പദ്ധതികൾ പൂർത്തീകരിക്കുന്നതിന് സാധിച്ചിട്ടുണ്ട്. നാല്പ്പത്തിമൂന്ന് കോടിയോളം രൂപ ചെലവഴിച്ച് നാല്പ്പത്തിനാല് ഡ്രെയിനേജ് പദ്ധതികളാണ് ഇതിനകം പൂർത്തീകരിച്ചിട്ടുള്ളത്.

**കനാൽ പുനരുജ്ജീവനപദ്ധതി**

159. കനാലുകളാണ് കൊച്ചി നഗരത്തിന്റെ ജീവനാഡി. കനാലുകളുടെ പുനസ്ഥാപനവും ശരിയായ രീതിയിലുള്ള പരിപാലനവും ഏറ്റവും പ്രാധാന്യമർഹിക്കുന്ന പ്രവർത്തന മേഖലയാണ്. കൊച്ചി നഗരത്തിലെ തേവര-പേരണ്ടൂർ കനാൽ, ഇടപ്പള്ളി കനാൽ, ചിലവന്നൂർ കനാൽ, മാർക്കറ്റ് കനാൽ, തേവര കനാൽ, കോന്തുരുത്തി കനാൽ എന്നീ ആറു കനാലുകൾ ശാസ്ത്രീയമായ പുനരുജ്ജീവിപ്പിച്ച് ഏറ്റവും മനോഹരമായി സംരക്ഷിക്കുന്ന പദ്ധതിയാണ് സംസ്ഥാന സർക്കാർ സഹായത്തോടെ കിഫ്ബിയുടെ സാമ്പത്തിക സഹായത്തോടെ കെ.എം.ആർ.എൽ. ന്റെ നേതൃത്വത്തിൽ നടക്കുന്ന കനാൽ പുനരുജ്ജീവന പദ്ധതി. പദ്ധതിയുടെ ആദ്യഘട്ടമെന്ന നിലയിൽ മാർക്കറ്റ് കനാലിന്റേയും ഇടപ്പള്ളി തോടിന്റേയും നവീകരണ പ്രവർ

ത്തനങ്ങളാണ് നടപ്പിലാക്കുന്നത്. ഇതിന്റെ ഡി.പി.ആർ. ഇതിനകം തന്നെ തയ്യാറാക്കിയിട്ടുണ്ട്.

160. കൊച്ചി നഗരത്തിന്റെ മുഖച്ഛായതന്നെ മാറ്റാൻ ഉതകുന്ന ഈ പദ്ധതിയുടെ നടത്തിപ്പിനായി കൊച്ചി മുൻസിപ്പൽ കോർപ്പറേഷൻ പ്രത്യേക പരിഗണന നൽകി പ്രവർത്തിക്കും.

## ക്ലസ്റ്റർ യോഗം

161. നമ്മുടെ നഗരം നേരിടുന്ന വെള്ളക്കെട്ടുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് ഈ മേഖലയിൽ നേടിയെടുത്ത ഏറ്റവും പുതിയതും കാര്യക്ഷമവുമായ സാങ്കേതിക പരിജ്ഞാനവും സാങ്കേതിക വിദ്യയും ഉപയോഗിക്കേണ്ടതുണ്ട്. കൊച്ചി നഗരത്തിലെ വെള്ളക്കെട്ടുമായി ബന്ധപ്പെട്ട പ്രശ്നങ്ങളുടെ പരിഹാരത്തിന് ഇത്തരം സാങ്കേതിക സംവിധാനങ്ങളും സഹകരണവും ലഭ്യമാക്കണമെന്ന് ബഹുമാനപ്പെട്ട മേയർ അഭ്യർത്ഥിച്ചതിന്റെ അടിസ്ഥാനത്തിൽ സംസ്ഥാന സർക്കാർ മുൻകൈയെടുത്ത് യൂറോപ്യൻ യൂണിയനുമായി ചർച്ച നടത്തുകയും ആയതിന്റെ അടിസ്ഥാനത്തിൽ യൂറോപ്യൻ യൂണിയന്റെ 'ഇന്റർനാഷണൽ അർബൻ & റീജിയണൽ കോ-ഓപ്പറേഷൻ' പദ്ധതിയുടെ ഭാഗമായി രൂപീകരിച്ച 'ഇന്റർനാഷണൽ ഫ്ളഡ് മിറ്റിഗേഷൻ ക്ലസ്റ്റർ'-ൽ കൊച്ചിയെ കൂടി ഉൾപ്പെടുത്തുകയും ചെയ്തിരുന്നു. നമ്മുടെ വെള്ളക്കെട്ട് നിവാരണവുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾക്കുള്ള സാങ്കേതികവും സാമ്പത്തികവുമായ സഹായവും ഇത്തരം മേഖലകളിൽനിന്ന് ലഭ്യമാകും എന്നും പ്രതീക്ഷിക്കുന്നു. ഇത് സംബന്ധിച്ച് ആദ്യ ക്ലസ്റ്റർ യോഗം 2022 ഏപ്രിൽ മാസം ആദ്യവാരം നടത്തുന്നതാണ്.

## സമഗ്ര സ്റ്റോംവാട്ടർ മാനേജ്മെന്റ് – ധനവിനിയോഗം

162. സമഗ്ര സ്റ്റോംവാട്ടർ മാനേജ്മെന്റ് സംവിധാനത്തിനായി കേന്ദ്ര-സംസ്ഥാന സർക്കാർ പദ്ധതികളിലൂടെയും തനത് ഫണ്ടിലൂടെയും തൊണ്ണൂറ്റി രണ്ട് കോടി രൂപ ചെലവഴിക്കും.

**വി.സി.ആർ.സി.**

163. നഗരത്തിലെ കൊതുകുനിവാരണ പ്രവർത്തനങ്ങൾ ശാസ്ത്രീയമായി നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട് വെക്റ്റർ കൺട്രോൾ റിസർച്ച് സെന്ററിന്റെ സാങ്കേതിക സഹായത്തോടെയുള്ള പ്രവർത്തനങ്ങൾ ഇതിനകം തന്നെ ആരംഭിച്ചു. വി.സി.ആർ.സി. ഡയറക്ടറുടെ നേതൃത്വത്തിലുള്ള വിദഗ്ദ്ധസംഘം നഗരത്തിലെ വിവിധ പ്രദേശങ്ങൾ സന്ദർശിച്ച് നിലവിലുള്ള അവസ്ഥ വിലയിരുത്തുകയും പ്രശ്ന പരിഹാര മാർഗങ്ങൾ നിർദേശിക്കുകയും ചെയ്തിട്ടുണ്ട്. വി.സി.ആർ.സി. നിർദ്ദേശാനുസരണത്തിലും നേതൃത്വത്തിലുമുള്ള പ്രവർത്തനങ്ങളാണ് കൊച്ചി മുൻസിപ്പൽ കോർപ്പറേഷൻ ഈ രംഗത്ത് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്. അതിനായുള്ള പ്രത്യേക കർമ്മപദ്ധതി നടപ്പിലാക്കും.

**കർമ്മപദ്ധതി**

164. കൊതുകു നിയന്ത്രണ കർമ്മ പദ്ധതിയുടെ ഭാഗമായി ഒരാഴ്ചയുടെ ഇടവേളയിൽ നഗരത്തിലെ കാനങ്ങളിലും കൊതുക് വളരുന്ന മറ്റിടങ്ങളിലും പവർസ്പ്രേയിങ്ങ് നടത്തി കൊതുക് പ്രജനനം നിയന്ത്രണ വിധേയമാക്കുന്നുണ്ട്. പദ്ധതിയുടെ ഭാഗമായി നഗര പരിധിയിൽ വെക്ടർ കൺട്രോൾ ഓഫീസർമാരുടെ നേതൃത്വത്തിൽ സീനിയർ എൻഡോമോളജിസ്റ്റുകൾ ഉൾപ്പെടുന്ന വിദഗ്ധ ടീം രൂപീകരിച്ച് കൊതുകിന്റെ പ്രജനനം നിയന്ത്രിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ആരംഭിക്കും. ഇതിനായി സംസ്ഥാന വൈറോളജി വകുപ്പിന്റെ സഹായം ലഭ്യമാക്കും. നിലവിൽ കൊച്ചി മുനിസിപ്പൽ കോർപ്പറേഷൻ കൊതുക് നിവാരണത്തിന് ഉപയോഗിക്കുന്ന മരുന്നുകളുടെ ശാസ്ത്രീയ പരിശോധന നടത്തി അവയുടെ കാര്യക്ഷമത പരിശോധിക്കും. കൃത്യമായ ശാസ്ത്രീയ ഉപദേശത്തിന്റെ അടിസ്ഥാനത്തിൽ മാത്രമേ ഈ രംഗത്തെ പ്രവർത്തനങ്ങൾ നടത്തുകയുള്ളൂ. കൊതുക് നിവാരണ പ്രവർത്തനങ്ങളിൽ റെസിഡൻസ്

അസോസിയേഷനുകളുടെ സാന്നിധ്യം കൂടുതൽ സജീവമാക്കും. കൂടാതെ, നഗരത്തിൽ രണ്ട് വെക്ടർ കൺട്രോൾ ലാബുകൾ സ്ഥാപിക്കും. നിലവിൽ ഇരുന്നൂറ്റി ഇരുപത്തിരണ്ടു പേരാണ് കൊതുകു നിവാരണവുമായി ബന്ധപ്പെട്ട് താഴെ തലത്തിൽ ജോലി ചെയ്യുന്നത്.

**കൊതുക് നിവാരണം – ധനവിനിയോഗം**

165. കൊതുക് നിവാരണ പ്രവർത്തനങ്ങൾക്കായി പന്ത്രണ്ട് കോടി രൂപ ചെലവഴിക്കും.

**മലിനജല സംസ്ക്കരണം**

166. നഗരത്തിലെ മുഴുവൻ വീടുകളെയും കെട്ടിടങ്ങളെയും സ്ഥാപനങ്ങളെയും ബന്ധിപ്പിച്ചുകൊണ്ടുള്ള ആധുനിക മലിനജല സംസ്ക്കരണ സംവിധാനം ഒരുക്കുക എന്നതാണ് നഗര ശുചിത്വവും കൊതുക് നിയന്ത്രണവുമടക്കമുള്ള കൊച്ചി നേരിടുന്ന പ്രശ്നങ്ങൾക്കുള്ള പരിഹാര മാർഗ്ഗങ്ങളിൽ പ്രധാനമായത്. ജനറം പദ്ധതിയിലൂടെയും സ്മാർട്ട്സിറ്റി മിഷനിലൂടെയും നമുക്ക് ലഭിച്ച അവസരം ഉപയോഗപ്പെടുത്താൻ സാധിച്ചിട്ടില്ല എന്നത് ഖേദകരമാണ്. ശാസ്ത്രീയമായ മലിനജല സംസ്ക്കരണ സംവിധാനം എന്നത് ഏതു നഗരത്തിന്റേയും ഒഴിച്ചുകൂടാനാവാത്ത അടിസ്ഥാനസൗകര്യമാണ്. ജനങ്ങളുടെ ഗുണപരമായ ജീവിത നിലവാരത്തിന് ഇത് അത്യന്താപേക്ഷിതമാണ്. കേന്ദ്രീകൃതവും വികേന്ദ്രീകൃതവുമായ ഘടകങ്ങൾ അടങ്ങിയ പൂർണ്ണ മലിനജല സംസ്ക്കരണ സംവിധാനം നഗരത്തിൽ ഒരുക്കിയേ തീരൂ. ജനങ്ങളുടെ പിന്തുണയോടെ അതിനായുള്ള പരിശ്രമങ്ങൾ ഈ കൗൺസിൽ നടത്തും എന്ന് ഉറപ്പുതരുന്നു.

**സൂവേജ് പദ്ധതി**

167. എളംകുളം സൂവേജ് പ്ലാന്റിന്റെ നവീകരണപ്രവർത്തനങ്ങൾ ഈ സാമ്പത്തിക വർഷം പൂർത്തീകരിക്കും. ഇടക്കൊച്ചിയിൽ സ്ഥാപി

ക്കുന്ന വികേന്ദ്രീകൃത സ്യൂവേജ് ട്രീറ്റ്മെന്റ് പ്ലാന്റ് നിർമ്മാണം ഈ സാമ്പത്തിക വർഷം പൂർത്തീകരിക്കും. കൂടുതൽ സ്ഥലങ്ങളിൽ വികേന്ദ്രീകൃത പ്ലാന്റുകൾ ആരംഭിക്കും.

### സെപ്റ്റേജ്

168. ബ്രഹ്മപുരത്ത് നിലവിലുള്ള സെപ്റ്റേജ് ട്രീറ്റ്മെന്റ് പ്ലാന്റിലേക്കും വില്ലിങ്ടൺ ഐലൻഡിൽ സ്ഥാപിക്കുന്ന പ്ലാന്റിലേക്കും മാലിന്യം എത്തിക്കുന്ന ടാങ്കറുകളെ യോജിപ്പിച്ചുള്ള പുതിയ സംവിധാന മൊരുക്കും. ഈ രംഗത്ത് പ്രവർത്തിക്കുന്ന ടാങ്കറുകളുടെ ഒരു ആപ്പിലൂടെ സംയോജിപ്പിച്ച് ഈ ആപ്പ് വഴി ജനങ്ങൾക്ക് ടാങ്കുകളെ ബന്ധപ്പെടാവുന്ന തരത്തിലുള്ള സംവിധാനമൊരുക്കും. ഈ ടാങ്കു കളും പ്ലാന്റും തമ്മിലും ഒരു ഏകോപനം ഈ ആപ്പുവഴി സാധ്യ മാകും.

### പുതിയ സെപ്റ്റേജ് പ്ലാന്റ്

169. ബ്രഹ്മപുരത്ത് നിലവിലുള്ള സെപ്റ്റേജ് പ്ലാന്റിനു പുറമേ പുതിയൊരു സെപ്റ്റേജ് ട്രീറ്റ്മെന്റ് പ്ലാന്റ് സ്ഥാപിക്കുന്നതിനുള്ള പദ്ധതിരേഖ തയ്യാറാക്കിയിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കും.

### മലിനജല സംസ്ക്കരണം - ധനവിനിയോഗം

170. മലിനജല സംസ്ക്കരണവുമായി ബന്ധപ്പെട്ട പദ്ധതികൾക്കായി മുപ്പത് കോടി രൂപ ചെലവഴിക്കും.

### ഹീൽ

171. ഈ കൗൺസിലിന്റെ ഏറ്റവും പ്രധാനപ്പെട്ട പദ്ധതിയിൽ ഒന്നായ ഹീൽ പദ്ധതിയിലൂടെ ഒരു വർഷം കൊണ്ട് തന്നെ ശ്രദ്ധേയമായ നിരവധി പ്രവർത്തനങ്ങൾ നടത്തുന്നതിന് സാധിച്ചിട്ടുണ്ട്. നമ്മുടെ

നഗരത്തെ വീണ്ടെടുക്കുന്നതിന് ആരംഭിച്ച ഹീൽ പദ്ധതി ഇതിനകം തന്നെ ജനങ്ങൾ ഏറ്റെടുത്ത പദ്ധതിയായി മാറിക്കഴിഞ്ഞിട്ടുണ്ട്.

172. ഹീലിന്റെ ഭാഗമായി മാലിന്യ സംസ്ക്കരണ പ്രവർത്തനങ്ങളുടെ കാര്യക്ഷമമായ നടത്തിപ്പിനായി ഏതാണ്ട് നാനൂറോളം പുതിയ ജീവനക്കാരെ നിയമിച്ചുകൊണ്ട് വലിയ മാറ്റങ്ങളുണ്ടാക്കാൻ സാധിച്ചിട്ടുണ്ട്. ഹീലിന്റെ ഭാഗമായി ഹരിത കർമ്മ സേനയുടെ പ്രവർത്തനം കൂടുതൽ ഊർജിതമാക്കുകയും ഇവരുടെ ജോലി കൂടുതൽ കാര്യക്ഷമമാക്കുന്നതിന് വേണ്ടി ട്രൈ സൈക്കിളുകൾ വാങ്ങുകയും ചെയ്യും. ഹീലിന്റെ ഭാഗമായ വികേന്ദ്രീകൃത മാലിന്യ സംസ്ക്കരണത്തിന്റെ മാതൃകകൾ നഗരത്തിലെ മൂന്ന് ഡിവിഷനുകളിൽ ആരംഭിച്ചുകഴിഞ്ഞു. പദ്ധതിയുടെ ഭാഗമായി നഗരത്തിലെ തരിശുകിടന്ന പല സ്ഥലങ്ങളും വൃത്തിയാക്കി കൃഷി ചെയ്യുവാൻ ആരംഭിച്ചു. പദ്ധതി പ്രകാരം വികേന്ദ്രീകൃത മാലിന്യ സംസ്ക്കരണം നടത്തുന്നതിന് ഓരോ ഡിവിഷനുകൾക്കും കൂടുതൽ അധികാരവും സാമഗ്രികളും നൽകും. തിരഞ്ഞെടുക്കപ്പെട്ട വിദഗ്ധരുടെയും സന്നദ്ധ സംഘടനകളുടെയും സഹകരണത്തോടെ ഓരോ ഡിവിഷനിലും ഇതിനായി നിർവഹണ സമിതികൾ രൂപീകരിക്കും. ഹരിത കർമ്മ സേനയെ കൂടുതൽ കരുത്തോടെ സജ്ജീകരിച്ച് പരിശീലനങ്ങൾ നൽകും. കൂടുതൽ പേപ്പർ ബാഗ്, തുണി ബാഗ് യൂണിറ്റുകൾ ആരംഭിക്കും. പദ്ധതിയുടെ ഭാഗമായുള്ള കളിപ്പാട്ട നിർമ്മാണ യൂണിറ്റ് ഉടനടി പ്രവർത്തനം ആരംഭിക്കുന്നതാണ്. കളിപ്പാട്ടം പദ്ധതിയുടെ കൂടുതൽ യൂണിറ്റുകൾ ആരംഭിക്കും.

173. ഹീലിന്റെ ഭാഗമായി നഗരത്തിനകത്ത് ഒഴിഞ്ഞുകിടക്കുന്ന സ്ഥലങ്ങൾ കണ്ടെത്തുന്നതിന് ഒരു ടാസ്ക് ഫോഴ്സ് ഓരോ ഡിവിഷനിലും രൂപീകരിക്കും. കൃഷി വകുപ്പിന്റെ സാമ്പത്തിക സാങ്കേതിക സഹായത്തോടെ, വിവിധ സ്റ്റേക്ക്ഹോൾഡേഴ്സിന്റെ സഹകരണത്തോടെ, സാമ്പത്തിക പങ്കാളിത്തത്തോടെ, കണ്ടെത്തിയ സ്ഥലങ്ങളിൽ

വ്യത്യസ്ത തരം കൃഷികൾ ചെയ്യുന്നതിനു കുടുംബശ്രീ, പുരുഷ വനിതാ സ്വയംസഹായ സംഘങ്ങൾ, ഓട്ടോ ടാക്സി യൂണിയനുകൾ, ഹെഡ് ലോഡ് ജനറൽ വർക്കേഴ്സ് യൂണിയൻ, റസിഡൻസ് അസോസിയേഷൻ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ, വ്യാപാരി വ്യവസായികൾ എന്നിവരുടെ സഹായം തേടും.

174. ഹീൽ പദ്ധതിക്കായി എട്ട് കോടി രൂപ നീക്കിവെക്കുന്നു.

## പൊതുജനാരോഗ്യം

175. നമ്മുടെ നഗരത്തിലെ ആരോഗ്യ പരിചരണ സംവിധാനം കേവലം രോഗശമനത്തിനു മാത്രം പ്രാധാന്യം നൽകുന്ന ഒന്നല്ല, മറിച്ച് രോഗ പ്രതിരോധത്തിനുകൂടി പ്രാധാന്യം നൽകുന്ന ഒന്നാണ്. ജനങ്ങളുടെ വിവിധ ആരോഗ്യ ആവശ്യങ്ങൾ പരിഗണിച്ച് സാർവത്രികമായി എല്ലാവരിലേക്കും എത്താൻ പ്രാപ്തമായതും ഏറ്റവുമധികം സാമ്പത്തിക ബുദ്ധിമുട്ട് അനുഭവിക്കുന്നവർക്ക് പോലും താങ്ങാനാവുന്നതും വിദഗ്ധമായ പരിശീലനം ലഭിച്ച സ്പെഷലിസ്റ്റുകളുടെ സേവനത്തിന്റെ പിൻബലത്തിൽ പ്രവർത്തിക്കുന്ന ഒന്നുമാണ്. കോവിഡ് മഹാമാരിയടെ കാലത്ത് നമ്മുടെ ആരോഗ്യ സംവിധാനത്തിന്റെ കാര്യക്ഷമത ജനങ്ങൾ തിരിച്ചറിഞ്ഞതാണ്. നിലവിൽ പലതരത്തിലുള്ള ആരോഗ്യ സംവിധാനങ്ങൾ കൂട്ടിയോജിപ്പിച്ചു കൊണ്ടാണ് നാം പ്രവർത്തിക്കുന്നത്. ആധുനിക വൈദ്യം, ഹോമിയോ, ആയുർവേദം തുടങ്ങി പലതരത്തിലുള്ള ആരോഗ്യ പരിചരണ രീതിക്കും ഉതകുന്ന തരത്തിലുള്ള ശക്തമായ ആരോഗ്യ സംവിധാനം നിലവിൽ നഗരത്തിലുണ്ട്.

176. നിലവിൽ ആധുനിക വൈദ്യവുമായി ബന്ധപ്പെട്ട് എറണാകുളം ജനറൽ ആശുപത്രി, പള്ളുരുത്തി താലൂക്ക് ആശുപത്രി ഉൾപ്പടെ ആറു മേജർ ആശുപത്രികൾ കോർപ്പറേഷന്റെ നിയന്ത്രണത്തിൽ പ്രവർത്തിക്കുന്നുണ്ട്. ഈ ആശുപത്രികളിൽ ആയിരത്തി നാനൂറ്റി

മുപ്പത്തൊന്ന് ബെഡ്ഡുകൾക്ക് അംഗീകാരം ആയിട്ടുള്ളതും അതിൽ തൊള്ളായിരത്തി പതിനൊന്ന് ബെഡ്ഡുകൾ നിലവിൽ പ്രവർത്തിക്കുന്നതുമാണ്.

177. അംഗീകാരം ലഭിച്ചിട്ടുള്ള എല്ലാ ബെഡ്ഡുകളും ഓരോ ആശുപത്രികളിലും ലഭ്യമാക്കി ആരോഗ്യരംഗത്തെ പ്രവർത്തനം കൂടുതൽ ഫലപ്രദമാക്കാൻ വേണ്ടിയുള്ള ശ്രമങ്ങൾ ഈ കൗൺസിൽ നടത്തും. ഈ ആശുപത്രികളിലെല്ലാം കൂടി 177 ഡോക്ടർമാരും 365 നഴ്സുമാരും 438 പാരാ മെഡിക്കൽ സ്റ്റാഫും സേവനമനുഷ്ഠിക്കുന്നുണ്ട് ഓരോ മാസവും ശരാശരി ഒരു ലക്ഷത്തിലധികം രോഗികൾക്ക് ഔട്ട് പേഷ്യന്റ് സേവനം ലഭിക്കുന്നു. ഈ ആശുപത്രികളിൽ ഓരോ സാമ്പത്തിക വർഷവും മരുന്നിനും മറ്റുമായി കൊച്ചി മുനിസിപ്പൽ കോർപ്പറേഷൻ ഒരുകോടി രൂപയിലധികം ചെലവഴിക്കുന്നുണ്ട്. ഇതു കൂടാതെ, നഗരത്തിൽ പന്ത്രണ്ട് പ്രൈമറി ഹെൽത്ത് സെന്ററുകൾ പ്രവർത്തിക്കുന്നുണ്ട്. ഈ പന്ത്രണ്ട് പ്രൈമറി ഹെൽത്ത് സെന്ററുകളിലും കൂടി പ്രതിമാസം ശരാശരി ഇരുപത്തയ്യായിരത്തോളം രോഗികൾക്ക് ഔട്ട് പേഷ്യന്റ് സേവനം ലഭിക്കുന്നു. കൂടാതെ, പതിനയ്യായിരത്തോളം ലാബ് ടെസ്റ്റുകൾ നടത്തപ്പെടുന്നു. ഈ സംവിധാനം കൂടുതൽ മികവുറ്റതാക്കാനാണ് വരുംവർഷം കൗൺസിൽ ശ്രദ്ധ പതിപ്പിക്കുന്നത്.

178. കഴിഞ്ഞവർഷം ആരോഗ്യരംഗത്ത് സുപ്രധാനമായ രണ്ടു നേട്ടം കൈവരിക്കാൻ കൗൺസിലിന് സാധിച്ചു. തേവരയിൽ ഒരു സാമൂഹിക ആരോഗ്യ കേന്ദ്രം സ്ഥാപിക്കാൻ സാധിച്ചു. ഇത് കേരളത്തിൽ സ്ഥാപിക്കപ്പെട്ട ആദ്യത്തെ സാമൂഹിക ആരോഗ്യ കേന്ദ്രമാണ്. കൂടാതെ, ഇടപ്പള്ളിയിൽ ഒരു റീജണൽ വാക്സിനേഷൻ സെന്റർ സ്ഥാപിക്കാനും സാധിച്ചു. മൊത്തത്തിൽ നിലവിലുള്ള സംവിധാനങ്ങളെ ശക്തിപ്പെടുത്താനും നൂതനമായ ഇടപെടലുകൾ നടത്തി ആരോഗ്യമേഖലയിൽ സുസ്ഥിരമായ ഒരു മോഡൽ

സംവിധാനമായി കൊച്ചിയിലെ പൊതുജനാരോഗ്യ രംഗത്തെ മികവുറ്റതാക്കാനുള്ള പ്രവർത്തനങ്ങളാണ് ഈ കൗൺസിൽ നടത്തുക.

## ആശുപത്രികൾ

179. എറണാകുളം ജനറൽ ആശുപത്രി, ഫോർട്ടുകൊച്ചി താലൂക്ക് ആശുപത്രി, മട്ടാഞ്ചേരി സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രി അടക്കമുള്ള മുഴുവൻ ആശുപത്രികളുടെയും അടിസ്ഥാന സൗകര്യ വികസനം ഉറപ്പാക്കുകയും ആധുനികരീതിയിലുള്ള ഉപകരണങ്ങളും സജ്ജീകരണങ്ങളും മരുന്നുകളും ആവശ്യമായ ഡോക്ടർമാരുടെയും ജീവനക്കാരുടെയും സേവനം ലഭ്യമാക്കുകയും ചെയ്യും. ഇതിനായി തയ്യാറാക്കിയ കർമ്മ പദ്ധതി നടപ്പിലാക്കും. കരുവേലിപ്പടി താലൂക്ക് ആശുപത്രി കിഫ്ബി ഫണ്ട് ഉപയോഗിച്ച് ഒരു മാതൃകാ ആശുപത്രിയായി വികസിപ്പിക്കും. ആവശ്യമായ എല്ലാ അടിസ്ഥാന സൗകര്യങ്ങളും ഒരുക്കും. ആധുനിക ചികിത്സാ സൗകര്യങ്ങളും ഒരുക്കും.

## പ്രാഥമിക ആരോഗ്യകേന്ദ്രങ്ങൾ

180. കോവിഡ് മഹാമാരിയുടെ കാലത്ത് നഗരത്തിലെ പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങൾ വഹിച്ച പങ്ക് നിസ്തുലമാണ്. നഗരത്തിലെ സാധാരണക്കാർ ഏറ്റവും കൂടുതൽ ആശ്രയിക്കുന്ന പ്രാഥമികാരോഗ്യകേന്ദ്രങ്ങൾ ആധുനികവൽക്കരിക്കുന്നതിനുള്ള പദ്ധതി നടപ്പിലാക്കും. നഗരത്തിലെ എല്ലാ പ്രാഥമിക ആരോഗ്യകേന്ദ്രങ്ങളും പദ്ധതിയുടെ ഭാഗമാക്കും.

## ആയുർവേദ ആശുപത്രികൾ

181. ഫോർട്ടുകൊച്ചി വെളിയിലുള്ള ആയുർവേദ ആശുപത്രി ഒരു സൂപ്പർ സ്പെഷ്യാലിറ്റി ആയുർവേദ ആശുപത്രിയായി ഉയർത്തും. കെട്ടിട സമുച്ചയങ്ങളും ഇതിനനുയോജ്യമായ രീതിയിൽ പുനക്രമീകരിക്കു

കയും മറ്റ് അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുകയും ചെയ്യും. നഗരത്തിലെ മറ്റ് മൂന്ന് പ്രധാന ആയുർവേദ ആശുപത്രികളുടേയും അടിസ്ഥാന സൗകര്യ വികസനത്തിന് പ്രത്യേക പദ്ധതി തയ്യാറാക്കും.

### ഹോമിയോ ആശുപത്രി

182. ഹോമിയോ ആശുപത്രി ഇല്ലാത്ത ഡിവിഷനുകളിൽ ഹോമിയോ ആശുപത്രി തുടങ്ങുന്നതിനുള്ള നടപടികൾ ആരംഭിക്കും. നിലവിലുള്ള എല്ലാ ഹോമിയോ ആശുപത്രികളുടെയും അടിസ്ഥാന സൗകര്യങ്ങളും മരുന്നുകളും ആധുനികരീതിയിലുള്ള സജ്ജീകരണങ്ങളും ആവശ്യമായ ഡോക്ടറുടെയും ജീവനക്കാരുടേയും സേവനം ലഭ്യമാക്കുകയും ചെയ്യും. കോവിഡ് കാലത്ത് ഹോമിയോ ആശുപത്രികളുടെ സേവനം ഇത്തരുണത്തിൽ പ്രത്യേക അഭിനന്ദനം അർഹിക്കുന്നു.

### മെഡിക്കൽ ക്യാമ്പുകൾ

183. നഗരത്തിലെ സാധാരണക്കാർക്ക് രോഗനിർണയത്തിനും തുടർ ചികിത്സയ്ക്കും ഉതകുന്ന വിധത്തിൽ മെഡിക്കൽ ക്യാമ്പുകൾ സംഘടിപ്പിക്കും. എറണാകുളത്തും മട്ടാഞ്ചേരിയിലും പള്ളുരുത്തിയിലും ആദ്യഘട്ടത്തിൽ ക്യാമ്പുകൾ സംഘടിപ്പിക്കും. ഐ.എം.എ. യുടെയും സർക്കാർ, സ്വകാര്യ ആശുപത്രികൾ എന്നിവരുടെയും സഹകരണത്തോടെ പദ്ധതി നടപ്പിലാക്കും.

### ഡയാലിസിസ്

184. ഡയാലിസിസ് വേണ്ട നിർധനരായ രോഗികൾക്ക് സൗജന്യ ഡയാലിസിസ് സംവിധാനം ഏർപ്പെടുത്തും. ഇതിനായി സി.എസ്.ആർ. ഫണ്ട്, സ്പോൺസർഷിപ്പ് എന്നിവയടക്കം ലഭ്യമാക്കും.

## പാലിയേറ്റീവ് കെയർ

185. പാലിയേറ്റീവ് കെയറുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന എല്ലാ സ്ഥാപനങ്ങൾക്കും പ്രത്യേക പരിഗണനയും സഹായവും നൽകും. കൊച്ചി മുനിസിപ്പൽ കോർപ്പറേഷനു കീഴിലുള്ള മുഴുവൻ പാലിയേറ്റീവ് കെയർ സ്ഥാപനങ്ങളുടെയും പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും കൂടുതൽ ഡോക്ടർമാരുടെയും മറ്റ് ജീവനക്കാരുടെയും സേവനം ലഭ്യമാക്കുകയും ചെയ്യും. കിടപ്പു രോഗികളുടെ വീടുകളിൽ ശുശ്രൂഷ ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കും.

## മാതൃകയായി കോവിഡ് കാലത്തെ പ്രവർത്തനങ്ങൾ

186. രാജ്യത്തിനുതന്നെ മാതൃകയാവുന്ന തരത്തിലുള്ള പ്രവർത്തനങ്ങളാണ് കോവിഡ് മഹാമാരിയുമായി ബന്ധപ്പെട്ട് കൊച്ചി മുനിസിപ്പൽ കോർപ്പറേഷൻ നടത്തിയത് എന്നത് അഭിമാനകരമായ വസ്തുതയാണ്. ആയതുകൊണ്ടുതന്നെ കോവിഡ് പ്രതിരോധം സംബന്ധിച്ച് ഈ കൗൺസിൽ നടത്തിയ പ്രവർത്തനങ്ങൾ വിശദമായിത്തന്നെ ഈ ബജറ്റിന്റെ ഭാഗമായി അവതരിപ്പിക്കാൻ ഞാനാഗ്രഹിക്കുന്നു.

187. ഈ കൗൺസിൽ നിലവിൽ വന്നതിനുശേഷം വിജയകരമായി നിർവഹിച്ച ഒരു ദൗത്യമാണ് കോവിഡ് രണ്ടാം തരംഗ വ്യാപനവും നിയന്ത്രണവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ. വിവിധ വിഭാഗങ്ങളുടെ സഹകരണത്തോടെ പൊതുജനങ്ങളുടെ അഭിപ്രായങ്ങളെ മാനിച്ചു നടപ്പിലാക്കി വിജയകരമായി നിർവഹിച്ച ഒരു തീവ്രയജ്ഞം എന്ന പ്രത്യേകത കൂടി ഇതിനുണ്ട്.

188. ആരംഭത്തിൽതന്നെ കോർപ്പറേഷൻ തലത്തിൽ വാർ റൂം കോർ കമ്മിറ്റി രൂപീകരിക്കുകയും ദിവസവും കോർപ്പറേഷൻ തലത്തിൽ സ്ഥിതിഗതികൾ വിലയിരുത്തുകയും ചെയ്തിരുന്നു. വാർഡ് തലത്തിൽ റാപ്പിഡ് റെസ്പോൺസ് ടീം സ്ഥാപിക്കുകയും ചെയ്തു.

കൂടാതെ കോവിഡ് സംബന്ധിച്ചു 'ഡേറ്റ' ലഭ്യതയുടെ പ്രശ്നം തിരിച്ചറിഞ്ഞ് 'ഡേറ്റ മാനേജ്മെന്റിനായി' പ്രത്യേകം ഉദ്യോഗസ്ഥരെ ചുമതലപ്പെടുത്തി. ആഴ്ചയിലെ 'കോവിഡ് ട്രെൻഡ്' വാർഡ് അടിസ്ഥാനത്തിൽ മേയർ നേരിട്ട് വിലയിരുത്തി ഹോട്ട്സ്പോട്ടുകൾ തിരിച്ചറിയാനുള്ള സജ്ജീകരണങ്ങൾ ഒരുക്കി. കോവിഡ് ഡേറ്റ/ ട്രെൻഡ് അനുസരിച്ച് പ്രത്യേകം ശ്രദ്ധ അർഹിക്കുന്ന പ്രദേശങ്ങളിൽ വേണ്ട ഇടപെടലുകൾ നടത്തി. ടെസ്റ്റിംഗിന്റെ പ്രാധാന്യം തിരിച്ചറിഞ്ഞ് എല്ലാ ഹെൽത്ത് സെന്ററുകളിലും ആഴ്ചയിൽ രണ്ടു ദിവസം കോവിഡ് ടെസ്റ്റ് നടത്തുന്നതിനും അഥിതി തൊഴിലാളികൾ കൂടുതലുള്ള പ്രദേശങ്ങൾ, ചേരിപ്രദേശങ്ങൾ എന്നിവിടങ്ങളിൽ പ്രത്യേക ടെസ്റ്റിംഗ് ക്യാമ്പ് സംഘടിപ്പിക്കുകയും ചെയ്തു.

189. കോവിഡ് കാലത്ത് ജനങ്ങളുടെ ബുദ്ധിമുട്ട് മനസ്സിലാക്കി ഭക്ഷണ ലഭ്യത ഉറപ്പുവരുത്തുവാൻ ടി.ഡി.എം. ഹാളിൽ സാമൂഹ്യ അടുക്കള സ്ഥാപിച്ചു. ഇവിടെ നിന്ന് ആകെ രണ്ടുലക്ഷത്തിനടുത്ത് ഭക്ഷണ പ്പൊതികൾ വിതരണം ചെയ്തു. ഇതിനായി എഴുപത് ലക്ഷത്തോളം രൂപ ചെലവഴിച്ചു. ഇവ പൂർണമായും പൊതുജന പിന്തുണയോടെ യാണ് നടപ്പിലാക്കിയത്. കൂടാതെ കുടുംബശ്രീയുടെ പത്ത് ജനകീയ ഹോട്ടലുകളും കാര്യക്ഷമമായി പ്രവർത്തിച്ചിരുന്നു. ഭക്ഷണം പാകം ചെയ്യുവാൻ സാധിക്കുന്ന നിർധനരായ കോവിഡ് രോഗികളുടെ ഇടയിൽ പോഷകാഹാരം അടങ്ങിയ 3850 ഓളം ഭക്ഷ്യ കിറ്റുകൾ വിതരണം ചെയ്തു.

190. വാക്സിനേഷനിൽ അങ്ങേയറ്റം ശ്രദ്ധ പതിപ്പിക്കുക, വാക്സിനേഷൻ വഴി വ്യാപനം തടയുക എന്നതാണ് കൗൺസിൽ സ്വീകരിച്ച മറ്റു പ്രധാന നടപടി. ദേശീയ ആരോഗ്യ മിഷനുമായി (എൻ.യു.എച്ച്.എം.) സഹകരിച്ച് വാക്സിനേഷൻ ക്യാമ്പുകൾ നടത്തുന്നതിനു വേണ്ട സജ്ജീകരണങ്ങൾ ചെയ്തു. ഇതിനുവേണ്ടി എട്ട് വാക്സിനേഷൻ സെന്ററുകൾ സ്ഥാപിക്കുകയും അവിടങ്ങളിൽ വാക്സിനേഷൻ

ലഭ്യത ഉറപ്പാക്കുകയും കൂടാതെ, സർക്കാർ, സ്വകാര്യ ഹോസ്പിറ്റലുകളുടെ സേവനം വാക്സിനേഷന് വേണ്ടി പൊതുജനങ്ങൾ പ്രയോജനപ്പെടുത്തുന്നതിനും വേണ്ട നടപടികൾ സ്വീകരിച്ചു. അഥിതി തൊഴിലാളികൾക്കും പ്രത്യേക പരിഗണന അർഹിക്കുന്നവർക്കും വേണ്ടി പ്രത്യേക വാക്സിനേഷൻ ക്യാമ്പുകൾ സംഘടിപ്പിച്ചു.

191. കൊച്ചി മുനിസിപ്പൽ കോർപ്പറേഷനും ദേശീയ ആരോഗ്യ മിഷനുമായി സഹകരിച്ച് നഗരത്തിൽ അഞ്ച് ട്രീറ്റ്മെന്റ് സെന്ററുകൾ സ്ഥാപിച്ചു. കിടത്തി ചികിത്സ ആവശ്യമായവർക്ക് വേണ്ടി ഈ സെന്ററുകളിൽ 141 ഓക്സിജൻ ബെഡ് ഉൾപ്പെടെ 434 ബെഡ് സൗകര്യങ്ങൾ ഉറപ്പാക്കി. ഇതിൽ സുപ്രധാനമായ ഒരു ഇടപെടൽ കൊച്ചിൻ പോർട്ട് ട്രസ്റ്റിന്റെ സഹായത്തോടെ സാമുദ്രിക ഹാളിൽ പൂർണമായും ഓക്സിജൻ ബെഡ് സൗകര്യമുള്ള ഒരു ട്രീറ്റ്മെന്റ് സെന്റർ സ്ഥാപിച്ചു എന്നതാണ്. ഇത് രാജ്യത്ത് തന്നെ ഒരു തദ്ദേശ സ്ഥാപനം നേരിട്ട് സംയോജിപ്പിച്ച ആദ്യത്തെ ഓക്സിജൻ സൗകര്യമുള്ള കോവിഡ് പരിചരണ കേന്ദ്രമാണ്.

192. കൂടാതെ, ഇരുപത്തിനാല് മണിക്കൂറും പ്രവർത്തിക്കുന്ന കോവിഡ് കൺട്രോൾ റൂമും ഇതിനോട് ചേർന്ന് പ്രവർത്തിക്കുവാൻ മൊബൈൽ മെഡിക്കൽ യൂണിറ്റും ടെലി മെഡിക്കൽ ഫെസിലിറ്റി, ഓട്ടോ ആംബുലൻസ് തുടങ്ങിയവയും സ്ഥാപിച്ചിരുന്നു. കോവിഡുമായി ബന്ധപ്പെട്ട സംശയനിവാരണം, പേഷ്യൻസ് ഷിഫ്റ്റിംഗ് തുടങ്ങിയ സേവനങ്ങളും കൺട്രോൾ റൂം മുഖേന നടത്തിയിരുന്നു. ഇവയെല്ലാം അതാത് മേഖലകളിൽ പ്രാവീണ്യമുള്ള വിദഗ്ദ്ധരുടെ സഹായത്തോടെയാണ് നടത്തിയിരുന്നത്.

193. കോവിഡ് കാലത്ത് രോഗിയുടെ മാനസിക ആരോഗ്യസംരക്ഷണത്തിനായി പരിശീലനം ലഭിച്ച രാജഗിരി കോളേജ് ഓഫ് സോഷ്യൽ സയൻസ് സോഷ്യൽ വർക്ക്, സൈക്കോളജി വിദ്യാർത്ഥികളുടെ സഹായത്തോടെ ടെലി കൗൺസലിംഗ് നടത്തിവന്നു. ആകെ

ആറായിരത്തിനാനൂറ് കോവിഡ് രോഗികൾക്ക് കൗൺസിലിംഗ് സേവനം നൽകുവാൻ സാധിച്ചിട്ടുണ്ട്. തുടർന്ന് വിദഗ്ധ കൗൺസിലിംഗ് സേവനം ആവശ്യമാണ് എന്ന് തിരിച്ചറിഞ്ഞ രോഗികൾക്ക് 'സ്റ്റാൻഡേർഡ് ഡീവിയേഷൻ' എന്ന സംഘടനയുമായി സഹകരിച്ച് കൂടുതൽ കൗൺസിലിങ്ങും നടത്തിയിരുന്നു. കൂടാതെ ഭക്ഷണം, മരുന്ന് തുടങ്ങിയ സേവനങ്ങൾ ആവശ്യമായ രോഗികളെ പ്രത്യേകം മനസ്സിലാക്കുകയും അവർക്ക് വേണ്ട തുടർ സഹായം മേയറുടെ ഓഫീസ് വഴി നൽകുകയും ചെയ്തു.

194. സ്കൂൾ വിദ്യാർത്ഥികൾ അനുഭവിക്കുന്ന പ്രശ്നങ്ങൾ മനസ്സിലാക്കി തുടർ വിദ്യാഭ്യാസ അവസരങ്ങൾ, കമ്മ്യൂണിക്കേഷൻ സ്കിൽ, മാനസിക പിരിമുറുക്കങ്ങളെ എങ്ങനെ നേരിടാം എന്നീ വിഷയങ്ങളെ ആസ്പദമാക്കി ഓൺലൈൻ വെബിനാർ സംഘടിപ്പിച്ചു. കൂടാതെ ഡിജിറ്റൽ പഠന ഉപകരണങ്ങൾ ഇല്ലാത്ത ഇരുന്നൂറ്റി എൺപത്തൊമ്പത് വിദ്യാർത്ഥികൾക്ക് ടാബ്‌ലറ്റുകൾ നൽകുകയും ചെയ്തു.

195. കോവിഡ് കാലത്ത് ആരോഗ്യപ്രവർത്തകരുടെ അധിക സേവനം ആവശ്യമാണെന്ന് മനസ്സിലാക്കി കോവിഡ് വാക്സിനേഷൻ പ്രവർത്തനങ്ങൾക്കായി പ്രൈമറി ഹെൽത്ത് സെന്ററുകളിൽ മെഡിക്കൽ ഓഫീസർ, സ്റ്റാഫ് നഴ്സ് എന്നിവരുടെ സേവനം ഉറപ്പാക്കി. കൂടാതെ കോവിഡ് രോഗികളുടെ പരിചരണത്തിനായി മെഡിക്കൽ ഓഫീസർ, സ്റ്റാഫ് നേഴ്സ്, ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ, ജൂനിയർ ഹെൽത്ത് നഴ്സ്, എന്നിവരുടെ സേവനങ്ങൾ ഉറപ്പാക്കി.

196. സംസ്ഥാന സർക്കാരിനും ഇതര സ്ഥാപനങ്ങൾക്കും വേണ്ടി ഡേറ്റ ലഭ്യതയും റിപ്പോർട്ടിംങ്ങും ഉറപ്പാക്കുകയും ചെയ്തിരുന്നു. കൂടാതെ കോവിഡ് ജാഗ്രത പോർട്ടലിൽ കോർപ്പറേഷന്റെ കോവിഡ് രോഗികളുടെ കണക്കിലെ ന്യൂനത പരിഹരിക്കാൻ ഡേറ്റ എൻട്രിക്കായ് പ്രത്യേകം ഉദ്യോഗസ്ഥരെ ചുമതലപ്പെടുത്തി.

197. കോവിഡ് അടക്കമുള്ള ഏത് മഹാമാരിയെയും നേരിടുന്നതിന് കൊച്ചി മുനിസിപ്പൽ കോർപ്പറേഷനെ സജ്ജമാക്കി എന്നതാണ് ഈ കൗൺസിലിന്റെ പ്രധാന നേട്ടങ്ങളിലൊന്ന്. അനുഭവങ്ങൾ ഉൾക്കൊണ്ടുകൊണ്ട് ഈ രംഗത്തെ പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കുന്നതിന് ഈ കൗൺസിൽ പ്രതിജ്ഞാബദ്ധമാണ്.

198. കോവിഡിന്റെ നാലാംഘട്ടം ഉണ്ടാവുമെന്ന അറിയിപ്പിന്റെ പശ്ചാത്തലത്തിൽ നിലവിലുള്ള സംവിധാനം കൂടുതൽ കാര്യക്ഷമമാക്കും. എല്ലാത്തരം മഹാമാരികളേയും നേരിടാൻ നമ്മുടെ സംവിധാനങ്ങൾ സജ്ജമാക്കും.

## ഓട്ടോ ആംബുലൻസ്

199. കൊച്ചി മുനിസിപ്പൽ കോർപ്പറേഷൻ കോവിഡ് മഹാമാരിയെ നേരിടുന്നതിനുള്ള ശ്രമങ്ങൾ ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി എറണാകുളം ജില്ലാ ഓട്ടോറിക്ഷ ഡ്രൈവേഴ്സ് കോഓപ്പറേറ്റീവ് സൊസൈറ്റിയുമായി ചേർന്നുകൊണ്ട് ഒരു എമർജൻസി ഓട്ടോറിക്ഷ ആംബുലൻസ് സേവനം നടപ്പിലാക്കുകയുണ്ടായി. കൊച്ചി മുനിസിപ്പൽ കോർപ്പറേഷന്റെ എട്ട് സോണുകളിലായി നടപ്പിലാക്കിയ പദ്ധതിയുടെ ഭാഗമായി പൂർണ്ണമായി സജ്ജീകരിച്ച പതിനാറ് ഓട്ടോറിക്ഷാ ആംബുലൻസുകളാണ് ഷിഫ്റ്റ് അടിസ്ഥാനത്തിൽ നഗരത്തിൽ പ്രവർത്തിച്ചത്. കോവിഡ് രോഗികളെ ആശുപത്രിയിലെത്തിക്കുക, നഗര പ്രദേശത്തെ കോവിഡ് രോഗികളുടെ വീടുകളിലേക്ക് മെഡിക്കൽ സ്റ്റാഫിന്റെ യാത്ര സുഗമമാക്കുക, കോവിഡ് രോഗികൾക്കുള്ള മറ്റ് അടിസ്ഥാന സേവനങ്ങളായ മരുന്നുകൾ, ഓക്സിമീറ്റർ, തെർമോമീറ്റർ, എന്നിവയുടെ ലഭ്യത ഉറപ്പുവരുത്തുക എന്നിവയായിരുന്നു ഓട്ടോ ആംബുലൻസിന്റെ പ്രധാന ഉദ്ദേശ ലക്ഷ്യങ്ങൾ.

200. പദ്ധതിയുടെ ഭാഗമായി ഒരു മാസം നടന്ന എമർജൻസി സർവീസിൽ കോവിഡ് രോഗികളുടെ ഇരുന്നൂറ്റി അറുപത്തൊന്നോളം അഭ്യർത്ഥന

കൾ പരിഹരിക്കുകയും ഇരുന്നൂറ്റി ഇരുപത്തേഴോളം കോവിഡ് രോഗികളെ ആശുപത്രികളിൽ എത്തിക്കുകയും ചെയ്തിരുന്നു. ജി.ഐ.ഇസഡിന്റെ സാമ്പത്തിക സഹായത്തോടെ നടന്ന പദ്ധതി നാഷണൽ ഹെൽത്ത് മിഷൻ, സി-ഹെഡ്, മോട്ടോർ വെഹിക്കിൾ ഡിപ്പാർട്ട്മെന്റ് എന്നിവരുടെ പിന്തുണയോടെയാണ് നടപ്പിലാക്കിയത്. പദ്ധതിയുടെ തുടർ പ്രവർത്തനങ്ങൾ ഈ സാമ്പത്തിക വർഷം നടപ്പിലാക്കും.

**പൊതുജനാരോഗ്യം – ധനവിനിയോഗം**

201. പൊതുജനാരോഗ്യരംഗത്തെ പ്രവർത്തനങ്ങൾക്കായി പതിമൂന്ന് കോടി രൂപ ചെലവഴിക്കും.

**മാനസികാരോഗ്യം**

202. കോവിഡ് കാലത്ത് നമ്മൾ നടത്തിയ ടെലി കൗൺസിലിംഗ് പദ്ധതിയുടെ അനുഭവപാഠങ്ങളിൽ നിന്ന് ലഭിച്ച ഉൾക്കാഴ്ചകൾ പരിശോധിക്കുമ്പോൾ ഒരു ശക്തമായ മാനസികാരോഗ്യ സംവിധാനം ആവശ്യമാണ് എന്ന് മനസ്സിലാക്കുന്നു. കോവിഡ് വ്യാപന സമയത്ത് ടെലി കൗൺസിലിംഗ് വഴി നമ്മൾ പിന്തുണ നൽകിയവരിൽ നാല്പ്പത് ശതമാനം ആളുകൾ വിവിധ മാനസികാരോഗ്യ പ്രശ്നങ്ങളാൽ ബുദ്ധിമുട്ട് അനുഭവപ്പെടുന്നവരായിരുന്നു. കൂടാതെ, അദ്ധ്യാപകരുമായി നടത്തിയ ചർച്ചകളിലും വിവിധ വെല്ലുവിളികൾ നേരിടുന്ന ഈ സാഹചര്യത്തിൽ മാനസിക ആരോഗ്യ സംരക്ഷണത്തിനു വേണ്ട സംവിധാനങ്ങൾ ഒരുക്കണമെന്ന ആശയം ഉയർന്നു വന്നു. ആയതിനാൽ സുസ്ഥിരമായ ഒരു മാനസികാരോഗ്യ സംവിധാനമൊരുക്കണം എന്ന ആശയം ഈ കൗൺസിൽ മുന്നോട്ടുവെയ്ക്കുന്നു. ആദ്യഘട്ടത്തിൽ വിദ്യാർത്ഥികൾ, യുവജനങ്ങൾ, അവരുടെ മാതാപിതാക്കൾ, സ്ത്രീകൾ എന്നിവർക്ക് മുൻഗണന നൽകുന്നതായിരിക്കും ഈ പദ്ധതി.

203. പദ്ധതിക്കായി സി.എസ്.ആർ.ഫണ്ട്, സ്പോൺസർഷിപ്പ്, തനത് ഫണ്ട് എന്നിവയിലൂടെ മുപ്പത് ലക്ഷം രൂപ ഈ സാമ്പത്തിക വർഷം ചെലവഴിക്കും.

**ജീവിതം ലഹരി**

204. മയക്കുമരുന്നുകളുടെയും ലഹരിയുടെയും വ്യാപനം നമ്മുടെ സമൂഹത്തിൽ വർദ്ധിച്ചു വരുന്നത് ഏറെ വ്യാകുലതയോടെയാണ് നാമെല്ലാവരും കാണുന്നത്. പോലീസ് വകുപ്പും എക്സൈസ് വകുപ്പും നടത്തിയ പഠനങ്ങളെല്ലാം സൂചിപ്പിക്കുന്നത് മയക്കുമരുന്ന് നമ്മുടെ സമൂഹത്തിൽ ആഴത്തിൽ ഗ്രസിച്ചിട്ടുണ്ട് എന്നു തന്നെയാണ്. യുവാക്കളേയും വിദ്യാർത്ഥികളേയും ലക്ഷ്യം വെച്ച് വലിയൊരു മാഫിയ തന്നെ ഈ രംഗത്ത് പ്രവർത്തിക്കുന്നുണ്ട്. ഈ പശ്ചാത്തലത്തിൽ ഓരോ ഡിവിഷനും കേന്ദ്രീകരിച്ച് കൗൺസിലർമാരുടെ നേതൃത്വത്തിൽ പോലീസ് വകുപ്പിന്റെയും എക്സൈസ് വകുപ്പിന്റെയും സഹകരണത്തോടെ റെസിഡന്റ്സ് അസോസിയേഷനുകളുടെ പിന്തുണയോടെ ലഹരി വിരുദ്ധ സ്ക്വാഡ് രൂപീകരിക്കും. സ്ക്വാഡുകളുടെ കീഴിൽ പ്രത്യേക നിരീക്ഷണ സമിതികളും കൗൺസിലിംഗ് സംവിധാനങ്ങളും ആരംഭിക്കും. വിദ്യാഭ്യാസ സ്ഥാപനങ്ങൾ കേന്ദ്രീകരിച്ച് പ്രത്യേക കർമ്മസമിതികൾ രൂപീകരിച്ച് പ്രവർത്തനം ആരംഭിക്കും.

205. പദ്ധതിക്കായി ഈ സാമ്പത്തിക വർഷം അഞ്ച് ലക്ഷം രൂപ ചെലവഴിക്കും.

**കരുതൽ**

206. ശാരീരികവും മാനസികവുമായ വെല്ലുവിളികൾ നേരിടുന്ന കുട്ടികൾക്കായുള്ള ബഡ്സ് സ്കൂൾ അടക്കമുള്ള സംവിധാനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കും. ഓട്ടിസം ബാധിച്ച കുട്ടികൾക്കുള്ള സഹായവും പരിചരണവും കൂടുതൽ ലഭ്യമാക്കും. മറ്റു ഗുരുതര രോഗം ബാധിച്ചിട്ടുള്ളവർക്കുള്ള സഹായ പദ്ധതി നടപ്പിലാക്കും. വയോജന സൗഹൃദ

നഗരം പദ്ധതിയുടെ ഭാഗമായി നടപ്പിലാക്കുന്ന പദ്ധതികളും പരിപാടികളും കാര്യക്ഷമമായി നടപ്പിലാക്കും.

207. പദ്ധതിക്കായി അമ്പത് ലക്ഷം രൂപ ചെലവഴിക്കും.

## എല്ലാവർക്കും വീട്

208. എല്ലാവർക്കും വീട് എന്ന കൊച്ചി മുനിസിപ്പൽ കോർപ്പറേഷന്റെ പ്രഖ്യാപിത നയം സാക്ഷാത്ക്കരിക്കുന്നതിനുള്ള പ്രവർത്തനങ്ങളാണ് നടന്നുവരുന്നത്. ജനകീയാസൂത്രണം, പി.എം.എ.വൈ.-ലൈഫ്, റേ തുടങ്ങിയ കേന്ദ്ര-സംസ്ഥാന സർക്കാർ സഹായത്തോടെയുള്ള പദ്ധതികൾ സമന്വയിപ്പിച്ച് ഈ ലക്ഷ്യം കൈവരിക്കാനുള്ള കാര്യക്ഷമമായ പ്രവർത്തനങ്ങളാണ് നടന്നുവരുന്നത്.

209. നഗരത്തിൽ ഭൂമിയുള്ള എല്ലാ ഭവന രഹിതർക്കും ഭവനം ലക്ഷ്യമാക്കുക എന്ന ലക്ഷ്യത്തോടെ നടപ്പിലാക്കുന്ന പി.എം.എ.വൈ(യു) -ലൈഫ് മിഷൻ പദ്ധതിയിൽ നിലവിൽ ഒൻപതിനായിരത്തി അമ്പത്തൊമ്പത് ഗുണഭോക്താക്കളാണുള്ളത്. ആയതിൽ അയ്യായിരത്തോളം ഗുണഭോക്താക്കൾ ഭവനനിർമ്മാണം ആരംഭിക്കുകയും നാലായിരത്തി എഴുപത് ഗുണഭോക്താക്കൾ ഭവനനിർമ്മാണം പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്. പദ്ധതിക്കായി ഇതുവരെ നൂറ്റി എൺപത്തിനാല് കോടിയോളം രൂപ ചെലവഴിച്ചിട്ടുണ്ട്.

210. ഈ സാമ്പത്തിക വർഷം ഭൂമിയുള്ള ഭവന രഹിതർക്കായി പുതിയ ആയിരത്തി ഇരുന്നൂറ് ഭവനങ്ങൾ നിർമ്മിക്കുന്നതിന് ധനസഹായം അനുവദിക്കും. ആയതിലേക്കായി കേന്ദ്ര സംസ്ഥാനവിഹിതവും കോർപ്പറേഷൻ വിഹിതവുമായി എൺപത് കോടി രൂപ ഈ സാമ്പത്തിക വർഷത്തിൽ ലഭ്യമാക്കും.

## തുരുത്തി കോളനി

211. നഗരത്തിലെ സാധാരണക്കാർക്കു വേണ്ടിയുള്ള ഭവന നിർമ്മാണവുമായി ബന്ധപ്പെട്ട ഏറ്റവും പ്രധാന പദ്ധതികളിൽ ഒന്നാണ്

തുരുത്തി കോളനി പുനരധിവാസ പദ്ധതി. പദ്ധതിക്കുവേണ്ടി മുപ്പത്തി മൂന്ന് കോടിയോളം രൂപ മുടക്കി നിർമ്മിക്കുന്ന ഒന്നാം ടവറിന്റെ (ജി+11) സ്ട്രക്ച്ചറും എട്ട് നിലകളും നാല് നിലകളുടെ ബ്ലോക്ക് വർക്കും പൂർത്തീകരിച്ചിട്ടുണ്ട്. നാൽപ്പത്തി നാല് കോടിയോളം രൂപ മുടക്കി നിർമ്മിക്കുന്ന രണ്ടാം ടവറിന്റെ (ജി+13) പൈലിംഗ് വർക്കുകൾ പുരോഗമിച്ചുകൊണ്ടിരിക്കുന്നു. രണ്ട് ഫ്ളാറ്റുകളുടെയും നിർമ്മാണം 2023 ഡിസംബറിൽ പൂർത്തീകരിക്കുന്നതിനുള്ള പ്രവർത്തനങ്ങളാണ് യുദ്ധകാലാടിസ്ഥാനത്തിൽ നടക്കുന്നത്.

## പി.&ടി. കോളനി പുനരധിവാസം

212. ഗാന്ധിനഗറിലെ പി.&ടി. കോളനി നിവാസികളുടെ സ്വന്തം ഭവനം എന്ന സ്വപ്നം യഥാർത്ഥ്യമാവുകയാണ്. മുണ്ടംവേലിയിലെ ജി.സി.ഡി.എ. അനുവദിച്ച എഴുപത് സെന്റ് സ്ഥലത്ത് കോളനി വാസികളുടെ ഭവനനിർമ്മാണം പുരോഗമിക്കുകയാണ്. തൃശ്ശൂർ ജില്ലാ ലേബർ കോൺട്രാക്ടർ സൊസൈറ്റിയുടെ സഹായത്തോടെ നാല് നിലകളിലായി (ജി+3) രണ്ടു മുറികൾ വീതമുള്ള എൺപത്തി രണ്ട് ഭവനങ്ങളാണ് നിർമ്മിക്കുന്നത്. ജി+3 ഫ്ളാറ്റിന്റെ രണ്ട് ടവറുകളുടെയും പൈലിംഗ് വർക്ക് പൂർത്തീകരിച്ചിട്ടുണ്ട്. റാഫ്റ്റ് വർക്ക് പുരോഗമിക്കുകയും ചെയ്യുന്നു. രണ്ട് ടവറുകളുടെയും നിർമ്മാണം ഈ വർഷം പൂർത്തീകരിക്കും.

213. ഈ പദ്ധതിക്കായി പതിനാല് കോടിയോളം രൂപയുടെ ഭരണാനുമതി ലഭിച്ചിട്ടുണ്ട്. ലൈഫ് മിഷനുമായി ചേർന്നാണ് പദ്ധതി നടപ്പിലാക്കുന്നത്.

## കോന്തുരുത്തി–പുനരധിവാസം

214. തുരുത്തി കോളനിയുടേയും പി&ടി കോളനിയുടേയും പുനരധിവാസ മാതൃകയിൽ കോന്തുരുത്തി പുഴയോരത്ത് നിന്ന് കുടിയൊഴിപ്പിക്ക

പ്പെട്ടവർക്കുള്ള സമഗ്ര പുനരധിവാസ പദ്ധതി നടപ്പിലാക്കും. ഇതിനായി സ്ഥലം കണ്ടെത്തി ഭവനങ്ങൾ നിർമ്മിക്കുന്നതിനുള്ള പ്രാരംഭ പ്രവർത്തനങ്ങൾ ആരംഭിക്കും. ഈ സാമ്പത്തിക വർഷംതന്നെ പദ്ധതിയുടെ ഡി.പി.ആർ. തയ്യാറാക്കി നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കും.

215. പദ്ധതിക്കായി മൂന്ന് കോടി രൂപ ചെലവഴിക്കും.

## ശാന്തിപുരം കോളനി

216. തമ്മനം പുതിയ റോഡ് ശാന്തിപുരം കോളനി പുനർനിർമ്മിക്കുന്നതിനുള്ള കർമ്മപദ്ധതി നടപ്പിലാക്കും. അടിസ്ഥാന സൗകര്യ വികസനവും മറ്റു നിർമ്മിതികൾക്കുമായി മൂന്നു കോടി രൂപ ചെലവഴിക്കും.

## വെണ്ണലപ്പാറ ഭവനപദ്ധതി

217. വെണ്ണലപ്പാറ ഭവന പദ്ധതിയുടെ നിർമ്മാണ പ്രവർത്തനങ്ങൾ ഏറ്റവും പെട്ടെന്ന് തന്നെ പൂർത്തീകരിക്കും. പദ്ധതിയുമായി ബന്ധപ്പെട്ടുകൊണ്ടുള്ള അപ്രോച്ച് റോഡിന്റെ നിർമ്മാണപ്രവർത്തനങ്ങൾ ഉടനടി ആരംഭിക്കും.

## വേക്കന്റ് ലാൻഡ് സർവ്വേ

218. കൊച്ചി മുനിസിപ്പൽ കോർപ്പറേഷൻ യു.കെ.യിലെ റെഡിങ് യൂണിവേഴ്സിറ്റിയുടെ സഹായത്തോടെ അഥിതി തൊഴിലാളികളുടെയും കേരളത്തിലെ മറ്റ് സ്ഥലങ്ങളിൽ നിന്ന് കൊച്ചിയിൽ വന്നു തൊഴിലെടുക്കുന്ന തൊഴിലാളികളുടെയും താമസസൗകര്യം മെച്ചപ്പെടുത്താനും മിതമായ നിരക്കിൽ താമസ സൗകര്യങ്ങൾ ലഭ്യമാക്കുന്നതിനുമുള്ള നയം രൂപീകരിക്കുക എന്ന ലക്ഷ്യത്തോടെ തുടങ്ങിയ പദ്ധതിയാണ് 'റാപ്പിഡ് റെസ്പോൺസ് പോളിസി എൻഗേജ്മെന്റ് പദ്ധതി. ഇതിന്റെ ഭാഗമായി തയ്യാറാക്കിയ നയരേഖ കൗൺസിൽ അംഗീകരിച്ചു കഴിഞ്ഞു.

219. പദ്ധതിയുടെ രണ്ടാംഘട്ട പ്രവർത്തനങ്ങൾ നടന്നുവരികയാണ്. പദ്ധതിയുടെ തുടർ പ്രവർത്തനത്തിന്റെ ഭാഗമായി ഭവന നിർമ്മാണത്തിനായുള്ള സ്ഥലം കണ്ടെത്തേണ്ടതുണ്ട്. ഇതിന്റെ ഭാഗമായി റെഡിങ് യൂണിവേഴ്സിറ്റിയുടെ സാങ്കേതിക സഹായത്തോടെയും എസ്.സി.എം.എസ്. സ്കൂൾ ഓഫ് ആർക്കിടെക്ചറിന്റെയും സഹകരണത്തോടെ കൊച്ചി നഗരത്തിലെ ഒഴിഞ്ഞുകിടക്കുന്നതും ഉപയോഗിക്കാത്തതുമായ ഭൂമി കണ്ടെത്തുന്നതിനായി ഒരു സർവ്വേ നടത്തുന്നുണ്ട്. സർവ്വേ പ്രവർത്തനങ്ങളും പദ്ധതിയുടെ തുടർ പ്രവർത്തനങ്ങളും ഈ സാമ്പത്തിക വർഷം നടപ്പിലാക്കും.

## സ്ത്രീ സൗഹൃദ നഗരം

220. സ്ത്രീ സുരക്ഷ, മെച്ചപ്പെട്ട തൊഴിൽ സാഹചര്യങ്ങൾ, സംരംഭകത്വത്തിനുള്ള പ്രത്യേക പദ്ധതികൾ, താമസസൗകര്യങ്ങൾ, ഹെൽപ് ലൈനുകൾ, നിയമസഹായ സംവിധാനങ്ങൾ എന്നിവ ഒരുക്കി കൊച്ചിയെ സ്ത്രീസൗഹൃദ നഗരമാക്കുന്നതിനുള്ള പ്രത്യേക പരിഗണന നൽകി പ്രവർത്തിക്കും. വാർഡ് തല ജാഗ്രതാ സമിതികൾ രൂപീകരിച്ച് പ്രവർത്തനം കൂടുതൽ സജീവമാക്കും. ജാഗ്രതാ സമിതികൾക്ക് മുമ്പാകെ വരുന്ന പരാതികൾ പരിഹരിക്കാനുള്ള നടപടികൾ സ്വീകരിക്കും. സ്ത്രീസൗഹൃദ പൊതു ശൗചാലയങ്ങൾ നഗരത്തിലെ വിവിധ കേന്ദ്രങ്ങളിൽ സ്ഥാപിക്കും.

## ജെൻഡർ റിസോഴ്സ് സെന്റർ

221. നഗരാസൂത്രണത്തിൽ ഏറ്റവും പ്രധാന ഘടകമാണ് സ്ത്രീശാക്തീകരണം ലക്ഷ്യം വെച്ചുള്ള പദ്ധതികളും പരിപാടികളും. ഇത്തരം പദ്ധതികൾ ആസൂത്രണം ചെയ്യുന്നതിന് ആവശ്യമായ വിവരങ്ങൾ അടങ്ങിയ ഒരു റിസോഴ്സ് സെന്റർ സ്ഥാപിക്കുക എന്നത് പ്രധാനമാണ്.

222. പുരുഷകേന്ദ്രീകൃതമായ നമ്മുടെ സാമൂഹിക വ്യവസ്ഥയിൽ സ്ത്രീകളും മറ്റ് ലിംഗലൈംഗിക ന്യൂനപക്ഷങ്ങളും നേരിടുന്ന വിവിധ

പ്രശ്നങ്ങൾ കണ്ടെത്തുന്നതിനും സമൂഹത്തിൽ ഇവരുടെ സാമൂഹിക സാമ്പത്തിക സ്ഥിതി മെച്ചപ്പെടുത്തുന്നതിനുമായി നാം ഏറ്റെടുത്ത് നടപ്പിലാക്കുന്ന പദ്ധതികൾ കൂടുതൽ കാര്യക്ഷമമാക്കുന്നതിനും ഈ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനും സംയോജിപ്പിക്കുന്നതിനുമായാണ് ഒരു ജെൻഡർ റിസോഴ്സ് സെന്റർ സ്ഥാപിക്കുന്നത്. കൊച്ചി മുനിസിപ്പൽ കോർപ്പറേഷനിൽ സ്ത്രീകളുടെ വികസനവും സംരക്ഷണവും ലക്ഷ്യമാക്കിക്കൊണ്ട് നടപ്പിലാക്കുന്ന എല്ലാ പ്രവർത്തനങ്ങൾക്കും മാർഗ്ഗനിർദ്ദേശങ്ങളും പിന്തുണയും നൽകുന്ന ഒരു സ്ഥാപനമായി ജെൻഡർ റിസോഴ്സ് സെന്റർ പ്രവർത്തിക്കും. സംസ്ഥാന സർക്കാരിന്റെ നിർദ്ദേശങ്ങളും മാനദണ്ഡങ്ങളും അടിസ്ഥാനമാക്കിയായിരിക്കും ജെൻഡർ റിസോഴ്സ് സെന്റർ സ്ഥാപിക്കുക.

223. പ്രാരംഭ പ്രവർത്തനങ്ങൾക്കായി ഇരുപത് ലക്ഷം രൂപ ചെലവഴിക്കും.

## ജെൻഡർ സെൻസിറ്റീവ് ആൻഡ് ഇൻക്ലൂസിവ് സിറ്റി

224. കേരളത്തിലെ ഏറ്റവും ജനസാന്ദ്രതയുള്ള നഗരമാണ് കൊച്ചി. നഗരത്തിലെ ലിംഗാനുപാതം ആയിരത്തി ഇരുപത്തെട്ട് സ്ത്രീകൾക്ക് ആയിരം പുരുഷന്മാർ ആണ്. സ്ത്രീകളെ സമൂഹത്തിന്റെ മുൻനിരയിലേക്ക് കൊണ്ടുവരാനും നഗരത്തിൽ അവർക്കുള്ള അവകാശം വർദ്ധിപ്പിക്കുന്നതിനും നഗരാസൂത്രണം, രൂപകൽപ്പന, പൊതുഗതാഗതം, സുരക്ഷ, ആരോഗ്യം, എന്നിങ്ങനെ വിവിധ തലങ്ങളിലുള്ള ശാരീരികവും സാംസ്ക്കാരികവും സാമൂഹികവുമായ എല്ലാ തടസ്സങ്ങളും തിരിച്ചറിയുകയും പരിഹരിക്കുകയും ചെയ്യേണ്ടത് കാലഘട്ടത്തിന്റെ ആവശ്യമാണ്. കൊച്ചിയെ ലിംഗ പ്രായഭേദമന്യേ എല്ലാവരെയും ഉൾക്കൊള്ളുന്ന എല്ലാവർക്കും വേണ്ടിയുള്ള നഗരമാക്കുന്നതിന് ഒരു കർമ്മപദ്ധതി ഈ മേഖലയിൽ പ്രവർത്തിക്കുന്ന വിവിധ ഏജൻസികളുടെ സഹായത്തോടെ നടപ്പാക്കും.

225. ഇതിനായി പത്ത് ലക്ഷം രൂപ ചെലവഴിക്കും.

## ഷീ ലോഡ്ജ്

226. സ്ത്രീകൾക്കു മാത്രമായി താമസിക്കുന്നതിനുള്ള ഒരു ഹോട്ടൽ സൗകര്യം കൊച്ചി നഗരത്തിൽ ഒരുക്കുക എന്നത് കൊച്ചി മുൻസിപ്പൽ കോർപ്പറേഷൻ ദീർഘകാലമായി ആസൂത്രണം ചെയ്യുന്ന പദ്ധതി യാണ്. ഈ കൗൺസിൽ നിലവിൽ വന്ന ഉടനെ ഷീ ലോഡ്ജ് സംവിധാനം ഒരുക്കുന്നതിനുള്ള പ്രവർത്തനങ്ങൾ കാര്യക്ഷമമായി നടത്തുകയും പരമാരയിൽ 'ഷീ ലോഡ്ജി'നായുള്ള കെട്ടിട സംവിധാനം ഒരുക്കുന്നത് പൂർത്തിയാക്കുകയും ചെയ്തിട്ടുണ്ട്. മൂന്നു മാസത്തിനുള്ളിൽ തന്നെ 'ഷീ ലോഡ്ജ്' പ്രവർത്തനക്ഷമമാകും.

227. ഷീ ലോഡ്ജിന്റെ നടത്തിപ്പിനായി കുടുംബശ്രീയുടെ നേതൃത്വത്തിൽ പ്രത്യേകം പരിശീലനം നേടിയ സ്ത്രീകളെ നിയമിക്കും.

228. ഷീ ലോഡ്ജിനോടനുബന്ധിച്ച് കുടുംബശ്രീ ഉൽപ്പന്നങ്ങളുടെ വിപണന ത്തിനായി ആധുനിക രീതിയിൽ സജ്ജീകരിച്ച ഒരു സ്ഥിരം വിപണന കേന്ദ്രം തയ്യാറാക്കും.

229. ഷീ ലോഡ്ജിനും അനുബന്ധ പ്രവർത്തനങ്ങൾക്കുമായി അഞ്ച് കോടി രൂപ നീക്കിവെക്കുന്നു.

## ഡിജിറ്റൽ മേഖലയിലെ സംരംഭകത്വം

230. വിവിധ മേഖലകളിലെ വികസനത്തിന് ടെക്നോളിയുടെ പങ്ക് വളരെ വലുതാണ്. ഡിജിറ്റൽ യുഗത്തിലെ വികസന പ്രക്രിയയ്ക്ക് നിലവിലെ സാമൂഹ്യ സാമ്പത്തിക സംവിധാനങ്ങളെ ഡിജിറ്റൽ ടെകനോളജി സംവിധാനവുമായി ബന്ധപ്പെടുത്തുക എന്നത് പ്രധാനമാണ്. ഈ മേഖലയിൽ വലിയ വെല്ലുവിളികൾ നേരിടുന്നവരാണ് വനിത സംരം ഭകർ. നിലവിൽ അവർ അനുഭവിക്കുന്ന 'ഡിജിറ്റൽ ഡിവൈഡ്', വികസന സംവിധാനങ്ങളെ ശരിയായി പ്രയോജനപ്പെടുത്തുന്നതിൽ നിന്നും അവർ പിന്തള്ളപ്പെടുവാൻ കാരണമാവുന്നു. കോവിഡ് വ്യാപന സമയത്ത് വിജയിച്ച വനിത സംരംഭകരിൽ ഏറിയ പങ്കും

ഡിജിറ്റൽ പ്രാവീണ്യം തെളിയിച്ചവരാണ്. നഗരത്തിലെ വനിത സംരംഭകരിൽ വലിയൊരു ശതമാനം ഈ കാലഘട്ടത്തിൽ ഡിജിറ്റൽ പ്രാവീണ്യ കുറവുകൊണ്ടും ഡിജിറ്റൽ ലഭ്യതയുടെ ഇല്ലായ്മകൊണ്ടും വലിയ ബുദ്ധിമുട്ടുകൾ അനുഭവിച്ചത് നമ്മുടെ ശ്രദ്ധയിൽ പെട്ടതാണ്. ഈ സാഹചര്യത്തിൽ ഡിജിറ്റൽ ടെക്നോളജിയുടെ സഹായത്താൽ സംരംഭക പ്രവർത്തനങ്ങൾ മുന്നോട്ട് കൊണ്ടുപോകുവാൻ വേണ്ട പിന്തുണ നമ്മുടെ വനിതാ സംരംഭകർക്ക് നൽകേണ്ടതുണ്ട്. ഇത് തിരിച്ചറിഞ്ഞ് കൊച്ചിയിലെ വിവിധ വനിതാ സംരംഭങ്ങളുടെ ഡിജിറ്റലൈസേഷൻ പ്രക്രിയ സാധ്യമാക്കുന്നതിനുള്ള പദ്ധതി നടപ്പിലാക്കും.

231. നഗരത്തിലെ മുഴുവൻ വനിതാ സംരംഭങ്ങളുടേയും മേപ്പിംഗ് നടത്തി വനിതാ സംരംഭങ്ങളുടെ ഒരു രജിസ്ട്രി ഉണ്ടാക്കുക. ഇവരുടെ നിലവിലെ പ്രവർത്തന പരിമിതികളെ കുറിച്ചുള്ള വിശദമായ പഠനം നടത്തി പിന്തുണ ആവശ്യമായുള്ള സംരംഭകരെ തിരിച്ചറിയുക. അവർക്ക് സഹായം വേണ്ട മേഖലകൾ മനസ്സിലാക്കുക. സംരംഭകരുടെ ആവശ്യങ്ങൾക്ക് മുൻതൂക്കം കൊടുത്തുകൊണ്ട് ഒരു കപ്പാസിറ്റി ഡെവലപ്മെറ്റ് പ്ലാൻ രൂപീകരിക്കുക. ഇതിനെ ആസ്പദമാക്കി ഓരോ സംരംഭകയ്ക്കും വളരാൻ ഉതകുന്ന രീതിയിൽ വിശദമായ പരിശീലന പദ്ധതിയും മെന്റർഷിപ്പ് പരിപാടിയും നടപ്പിലാക്കുക. ഡിജിറ്റൽ ബിസിനസ്സുകൾ സാധ്യമാക്കുവാൻ ആവശ്യമുള്ള ഡിജിറ്റൽ പ്ലാറ്റ് ഫോമുകൾ നഗരത്തിൽ ലഭ്യമാക്കുക. ഈ പ്ലാറ്റ്ഫോമുകൾ സർക്കാർ, സ്വകാര്യ ഏജൻസികളുടെ സഹായത്തോടെ സൃഷ്ടിക്കും. അങ്ങനെ കൊച്ചി നഗരത്തിൽ വനിതകൾക്ക് ഒരു ഡിജിറ്റൽ സ്പേസ് തുറന്ന് കൊടുക്കുക എന്നിവയാണ് ഈ പദ്ധതി ലക്ഷ്യം വയ്ക്കുന്നത്. ഈ രംഗത്ത് നിലവിൽ നടപ്പിലാക്കിയിട്ടുള്ള പദ്ധതികളുടെ ന്യൂനതകളെ പഠിച്ചുകൊണ്ട് അവയെ മറികടക്കാൻ സാധ്യമാകുന്ന ഒരു പ്രൊഫഷണൽ സമീപനത്തോടു കൂടിയായിരിക്കും ഈ പദ്ധതി നടപ്പിലാക്കുക.

232. കേരള മാനേജ്മെന്റ് അസോസിയേഷന്റേയും സി.ഐ.യുടെയും മറ്റു സ്ഥാപനങ്ങളുടെയും ഭാഗമായ വനിതാ കൂട്ടായ്മയുടെ നേതൃത്വത്തിലായിരിക്കും ഈ പദ്ധതി നടപ്പിലാക്കുക. പദ്ധതിയുടെ സാങ്കേതിക സഹായം ജി.ഐ.ഇസഡ്. ആണ് നൽകുന്നത്. പദ്ധതിയുമായി ബന്ധപ്പെട്ട് കോഴിക്കോട് നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റിന്റെ സഹായം ലഭ്യമായിട്ടുണ്ട്.

### വനിതാ സംരംഭക അവാർഡ്

233. സ്ത്രീ ശാക്തീകരണത്തിന് ഏറ്റവും കൂടുതൽ ശക്തി പകരുക സ്ത്രീ സംരംഭകത്വമാണ് എന്ന തിരിച്ചറിവിൽ സംരംഭകത്വം പ്രോത്സാഹിപ്പിക്കുന്നതിനായി നിരവധി പദ്ധതികളാണ് ഈ കൗൺസിൽ വിഭാവനം ചെയ്തിട്ടുള്ളത്. ഇതിൽ ഒന്ന് സ്ത്രീ സംരംഭകർക്കുള്ള അവാർഡാണ്. എല്ലാ വർഷവും വിവിധ മേഖലകളിൽ പ്രാവീണ്യം തെളിയിക്കുന്ന വനിത സംരംഭകർക്കുള്ള അവാർഡ് നൽകും.

234. ഇതിനായി അഞ്ച് ലക്ഷം രൂപ ഈ സാമ്പത്തിക വർഷം ചെലവഴിക്കും.

### നന്മ പദ്ധതി

235. നഗര പരിധിയിൽ പോക്സോ അതിക്രമങ്ങൾക്ക് ഇരയാകുന്ന കുട്ടികളെയും ഗാർഹിക പീഡനങ്ങൾക്ക് ഇരയാകുന്ന സ്ത്രീകളെയും പുനരധിവസിപ്പിക്കുന്നതിനും സാമ്പത്തികമായി സ്വയം പര്യാപ്തരാക്കുന്നതിനുമായി ‘ജനിക ചാരിറ്റി ഫൗണ്ടേഷൻ’ എന്ന സംഘടനയുടെ സഹായത്തോടെ ‘നന്മ’ എന്ന പേരിൽ ഒരു പദ്ധതി നടപ്പിലാക്കും. റെസിഡൻസ് അസോസിയേഷൻ, ക്ലബ്ബുകൾ, വിവിധ സംഘടനകൾ മുഖേന സാരികളും മറ്റ് തുണികളും ശേഖരിച്ച് പുനരുപയോഗ്യമായവ പുനർവിൽപന ചെയ്യുകയും കൂടാതെ ഇവർക്ക് ട്രെയിനിങ് നൽകി സാരികളും തുണികളും ഉപയോഗിച്ച് ബാഗുകൾ പോലെയുള്ള മൂല്യവർധിത ഉത്പന്നങ്ങൾ ഉണ്ടാക്കുന്നതിനും

അതിലൂടെ ലഭ്യമാകുന്ന വരുമാനം വഴി അവരെ സ്വയംപര്യാപ്ത രാക്കുന്നതിനുമാണ് ഈ പദ്ധതി ലക്ഷ്യമിടുന്നത്.

236. നന്മ പദ്ധതി എൻ.യു.എൽ.എം. വഴി നടപ്പിലാക്കും.

## പരിസ്ഥിതി പഠന പുസ്തകം

237. കൊച്ചി ഇക്കോ ചാലഞ്ചിന്റെ ഭാഗമായി ഇന്ററാക്ട് ബയോ ജൈവ വൈവിധ്യ പദ്ധതിയിലുൾപ്പെടുത്തി കൊച്ചിയിലെ വിദ്യാർത്ഥികൾ ക്കായി ഒരു പരിസ്ഥിതി പഠന പുസ്തകം തയ്യാറാക്കും. തദ്ദേശീയ പരിസ്ഥിതി വിജ്ഞാനം മാതൃഭാഷയിൽ പകർന്നു നൽകുന്ന പുസ്ത കങ്ങൾ വിദ്യാർഥികളിൽ ശരിയായ പരിസ്ഥിതിബോധം വളർന്നു വരുന്നതിനു സഹായകരമാണ്. നഗര പരിസ്ഥിതിയുടെയും ജൈവ വൈവിധ്യത്തിന്റെയും സംരക്ഷണം ലക്ഷ്യം വയ്ക്കുന്ന രീതിയി ലാണ് കൊച്ചി പരിസ്ഥിതി പഠന പുസ്തകം തയ്യാറാക്കുക.

## കുട്ടികളുടെ പാർക്ക്

238. പേട്ട ഗാന്ധി സ്ക്വയറിൽ കുട്ടികളുടെ പാർക്ക് സ്ഥാപിക്കും. ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ആർക്കിടെക്ടിന്റെ നേതൃത്വത്തിൽ ഇതിനായി ഒരു പദ്ധതിരേഖ തയ്യാറാക്കും. നിർമ്മാണ പ്രവർത്തനങ്ങൾ ഈ സാമ്പ ത്തിക വാർഷം ആരംഭിക്കും.

239. പദ്ധതിക്കായി അമ്പത് ലക്ഷം രൂപ ചെലവഴിക്കും.

## മട്ടാഞ്ചേരി പാർക്ക്

240. മട്ടാഞ്ചേരി പാർക്കിന്റെ നവീകരണ പ്രവർത്തനങ്ങൾ ഈ സാമ്പ ത്തിക വർഷം നടപ്പിലാക്കും. പദ്ധതിക്കായി ഇരുപത് ലക്ഷം രൂപ ചെലവഴിക്കും.

## തണൽമരങ്ങൾ സംരക്ഷിക്കും

241. ഫോർട്ടുകൊച്ചിയിലെ ചരിത്രപ്രാധാന്യമുള്ള സ്ഥലങ്ങളിലെ തണൽ മരങ്ങൾ സംരക്ഷിക്കുന്നതിന് നടപടി സ്വീകരിക്കും. പ്രൂണിങ്ങും

ആവശ്യമായ മറ്റു പരിപാലനവും നടത്തിയായിരിക്കും ഇവ സംരക്ഷിക്കുക.

242. പദ്ധതിക്കായി പത്ത് ലക്ഷം രൂപ ചെലവഴിക്കും.

## 'കാവാക്കി' കൂടുതൽ സ്ഥലങ്ങളിലേക്ക്

243. കാലാവസ്ഥ വ്യതിയാനത്തിന്റെ ദുരന്തങ്ങൾ നേരിടുന്നതിനു നാം പല പദ്ധതികളും ആസൂത്രണം ചെയ്യുകയും നടപ്പാക്കുകയും ചെയ്യേണ്ടതുണ്ട്. ജൈവ വൈവിധ്യ സംരക്ഷണവും പരിപാലനവുമായി ബന്ധപ്പെട്ട് ഇത്തരം പദ്ധതികൾ വളരെ പ്രാധാന്യം അർഹിക്കുന്നവയാണ്.

244. ഈ പശ്ചാത്തലത്തിൽ നഗരത്തിലെ തിരഞ്ഞെടുക്കപ്പെട്ട പ്രദേശങ്ങളിൽ വൃക്ഷത്തൈകൾ നട്ടു കാവുകളുടെ മാതൃകയിൽ ചെറുവനങ്ങൾ തയ്യാറാക്കി പരിപാലിക്കാനായി കൊച്ചി മുൻസിപ്പൽ കോർപ്പറേഷൻ ആരംഭിച്ച പദ്ധതിയാണ് 'കാവാക്കി'. വേൾഡ് റിസോഴ്സ് ഇൻസ്റ്റിറ്റ്യൂട്ടിന്റെ സാങ്കേതിക സഹായത്തോടുകൂടിയാണ് കാവാക്കി പദ്ധതി നടപ്പിലാക്കുന്നത്.

245. പൊതുസ്ഥലങ്ങളിലും വിദ്യാഭ്യാസ സ്ഥാപനങ്ങളിലും വീടുകളിലും മറ്റു സർക്കാർ-സ്വകാര്യ സ്ഥാപനങ്ങളിലുമായി നിരവധി മരങ്ങൾ ജനപങ്കാളിത്തത്തോടുകൂടി കാവാക്കിയുടെ ഭാഗമായി ഇതിനകം തന്നെ നട്ടുവളർത്തിയിട്ടുണ്ട്. ഫോർട്ട്കൊച്ചി വെളിയിലെ എഡ്വേർഡ് മെമ്മോറിയൽ സ്കൂൾ, പള്ളുരുത്തി കൊത്തലംഗോ ബ്രദർ കെയർ ഹോം, പള്ളുരുത്തി പൊതുശ്മശാനം, എസ്.ആർ.വി. ഗവൺമെന്റ് ഹയർ സെക്കൻഡറി സ്കൂൾ, കുന്നുംപുറം ഗവൺമെന്റ് ഹയർ സെക്കൻഡറി സ്കൂൾ, വടുതല ചിന്മയ വിദ്യാലയം എന്നിവിടങ്ങളിലാണു കാവാക്കി വനങ്ങൾ സൃഷ്ടിച്ചത്. കാവാക്കി വനങ്ങൾ സംരക്ഷിക്കുന്നതിന് അതാതു സ്ഥലങ്ങളിൽ സാമൂഹിക കൂട്ടായ്മകൾ തയ്യാറാക്കിയിട്ടുണ്ട്.

246. ഓരോ കാവാക്കി വനവും ഓരോ ജൈവവൈവിധ്യ ഉദ്യാനമായാണ് തയ്യാറാക്കുന്നത്. ചുരുങ്ങിയത് ഇരുപത് മുതൽ മുപ്പത് തരം വൃക്ഷ വർഗ്ഗങ്ങൾ ഓരോ കാവാക്കി വനത്തിൽ ഉണ്ടാകും. ഉഷ്ണ ശമന ത്തിനും പ്രകൃതിയുടെ കാര്യക്ഷമത പരിപോഷണത്തിനും 'കാവാ ക്കി' ഉപകാരപ്പെടും. കാവാക്കി പദ്ധതി നഗരത്തിലെ എല്ലാ പരിസ്ഥി തിലോല പ്രദേശങ്ങളിലും ജനപങ്കാളിത്തത്തോടെ നടപ്പിലാക്കും.

247. കാവാക്കി പദ്ധതി കൂടുതൽ സ്ഥലങ്ങളിൽ വ്യാപിപ്പിക്കുന്നതിന് വേൾഡ് റിസോഴ്സ് ഇൻസ്റ്റിറ്റ്യൂട്ട്, ഐ.സി.എൽ.ഇ.ഐ. തുടങ്ങിയ വിവിധ ഏജൻസികളുടെ സഹായം ലഭ്യമാക്കും.

## ജൈവവൈവിധ്യ പദ്ധതി-രണ്ടാം ഘട്ടം

248. ഇന്ററാക്ട് ബയോ പദ്ധതിയുടെ ഭാഗമായി ഈ കൗൺസിൽ നിലവിൽ വന്ന ശേഷം സുഭാഷ് പാർക്കിനെ ജൈവ വൈവിധ്യ വ്യഖ്യാന കേന്ദ്രമാക്കി മാറ്റുക എന്ന പ്രൊജക്ടാണ് നടപ്പിലാക്കിയത്. അതിന്റെ ഭാഗമായി പാർക്കിൽ ഒരു ചിത്രശലഭ ഉദ്യാനം (പോളിനേറ്റേഴ്സ് ഗാർഡൻ) ഔഷധ സസ്യ ഉദ്യാനം എന്നിവ സ്ഥാപിച്ചു. പാർക്കിൽ ആരംഭിക്കുന്ന പ്രകൃതി വ്യഖ്യാന കേന്ദ്രം (നേച്ചർ ഇന്റർപ്രെറ്റേഷൻ സെന്റർ), മുളയിനങ്ങളുടെ ശേഖരം (Bambusetum) എന്നീ പദ്ധതികൾ പൂർത്തീകരണഘട്ടത്തിലാണ്.

249. പദ്ധതിയുടെ ഭാഗമായി ഫോർട്ടുകൊച്ചി-മട്ടാഞ്ചേരി മേഖലകളിലെ സസ്യങ്ങളെ പരിചയപ്പെടുത്തുന്ന ഒരു കൈപുസ്തകം തയ്യാറാക്കി പ്രസിദ്ധീകരിക്കും. പദ്ധതിയുടെ ഭാഗമായി കുന്നുംപുറം വാർഡിൽ ജൈവമാലിന്യ സംസ്ക്കരണത്തിനുള്ള ആധുനിക പ്ലാന്റ് സ്ഥാപി ക്കും.

250. നഗര പരിധിയിലെ തരിശ്ശായി കിടക്കുന്ന പൊക്കാളി കൃഷിയിട ങ്ങളുടെ പുനർജ്ജീവനം, കണ്ടൽ കാടുകളുടെ സംരക്ഷണവും പുനർജ്ജീവനവും പാർക്കുകളുടേയും മറ്റ് പൊതു ജൈവവൈവിധ്യ

യിടങ്ങളുടേയും സംരക്ഷണവും പുനരുജ്ജീവനവും മറ്റ് വിദ്യാർത്ഥി ബഹുജന പരിസ്ഥിതി അവബോധത്തിനായുള്ള വിവിധ പരിപാടികൾ എന്നിവയ്ക്കായി ദേശീയ അന്തർദേശീയ ഏജൻസികളുടെ സാമ്പത്തിക സഹായത്തോടെ വിവിധ പദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പിലാക്കും.

## കാലാവസ്ഥാ വ്യതിയാനം–അതിജീവനത്തിനായി സമഗ്ര പദ്ധതി

251. കഴിഞ്ഞ രണ്ടോ മൂന്നോ ദശാബ്ദങ്ങളിലായി ശാസ്ത്ര ലോകം സജീവമായി ചർച്ച ചെയ്യ്ത ഒരു സിദ്ധാന്തം എന്ന നിലയിൽ നിന്ന് ആഗോള തലത്തിൽ തന്നെ എല്ലാ മനുഷ്യർക്കും അനുഭവവേദ്യമാകുന്ന തലത്തിലേക്ക് കാലാവസ്ഥാ വ്യതിയാനവും അതിന്റെ ദുരന്തഫലങ്ങളും ഇന്ന് മാറിയിട്ടുണ്ട്. കഴിഞ്ഞ അഞ്ച് വർഷത്തിനിടയ്ക്ക് കേരളം നേരിട്ട കാലാവസ്ഥ വ്യതിയാന ദുരന്തങ്ങളുടെ നേർ സാക്ഷികളാണല്ലോ നാമേവരും. കൊച്ചിയെ പോലെയുള്ള സമുദ്രനിരപ്പിൽ നിന്നും അധികം ഉയരത്തിലല്ലാതെ സ്ഥിതി ചെയ്യുന്ന നഗരങ്ങൾ സമീപ ഭാവിയിൽ തന്നെ കാലാവസ്ഥാ വ്യതിയാന ദുരന്തത്തിന്റെ ശക്തമായ വെല്ലുവിളികൾ നേരിടും എന്നാണ് എല്ലാ ശാസ്ത്രീയ പഠനങ്ങളും സൂചിപ്പിക്കുന്നത്.

252. കാലം തെറ്റിയുള്ള പേമാരികൾ, അന്തരീക്ഷ താപത്തിലെ വർധനയുണ്ടാക്കുന്ന സൈക്ലോണുകൾ, വരൾച്ച, താപ ദ്വീപ് അഥവ ഹീറ്റ് ഐലന്റ് പ്രതിഭാസം, സമുദ്ര നിരപ്പുയരുന്നത്, വേലിയേറ്റങ്ങളുടെ ക്രമം മാറുന്നത്, ഭൂഗർഭജലത്തിലേക്ക് ഉപ്പുവെള്ളം കയറുന്നത് (ലവണ ജല അന്തർവേതനം), ഋതുക്കളിലെ മാറ്റം വരുന്നത്, രോഗ പ്രതിരോധ ശേഷി കുറയുന്നതിനാലുണ്ടാകുന്ന അധികരിച്ച രോഗങ്ങൾ, കൊതുക്, ആഫ്രിക്കനൊച്ച് തുടങ്ങിയ ക്ഷുദ്ര ജീവികളുടെ പെരുപ്പം തുടങ്ങിയ പ്രശ്നങ്ങളായിരിക്കും കൊച്ചിയ്ക്ക് അതിജീവിക്കേണ്ടതായി വരുക എന്നതാണ് ശാസ്ത്രമതം. ഇവയിൽ പലതിന്റേയും ദുരിതഫലങ്ങൾ നാം അനുഭവിക്കാൻ തുടങ്ങിയിരിക്കുന്നു.

കാലാവസ്ഥാ വ്യതിയാന ദുരിതങ്ങൾക്കുള്ള ശാസ്ത്രീയമായ പരിഹാരമാർഗ്ഗങ്ങൾ കണ്ടെത്തി സമഗ്രമായ അതിജീവന പദ്ധതികൾ ഉൾകൊള്ളുന്ന കർമ്മരേഖ തയ്യാറാക്കി കാര്യക്ഷമമായി നടപ്പിലാക്കുക എന്നതാണ് കാലം നമ്മോട് ആവശ്യപ്പെടുന്നത്.

**കാലാവസ്ഥാ വ്യതിയാനം-ദുരന്തങ്ങളുടെ അതിജീവനത്തിനായി പ്രാദേശിക വ്യക്തതയുള്ള ശാസ്ത്രീയ പഠനങ്ങൾ**

253. കാലാവസ്ഥാ വ്യതിയാന ദുരന്തങ്ങളുടെ അതിജീവനത്തിനാവശ്യമായി ആദ്യമായി വേണ്ടത് മുകളിൽ സൂചിപ്പിച്ച കാലാവസ്ഥാ ദുരിതങ്ങൾ കൃത്യമായി കൊച്ചിയുടെ ഏതൊക്കെ വാർഡുകളുടെ ഏതൊക്കെ പ്രദേശങ്ങളെ എത്രത്തോളം ബാധിക്കും എന്ന രീതിയിൽ പ്രാദേശിക വ്യക്തതയുള്ള ശാസ്ത്രീയ പഠനങ്ങളും മോഡലിങ്ങുകളുമാണ്. കലാവസ്ഥാ വ്യതിയാന ദുരന്തഫലങ്ങളെ പറ്റി പല മുൻ പഠനങ്ങളും കെച്ചിയിൽ നടന്നിട്ടുണ്ടെങ്കിലും കൃത്യമായ കർമ്മ പദ്ധതി തയ്യാറാക്കുന്നതിന് ആവശ്യമായ പ്രാദേശിക വ്യക്തത അവയ്ക്കില്ല എന്നതാണ് സത്യം. ആയതിനാൽ ഡ്രോൺ സർവ്വെ ഉൾപ്പെടെയുള്ള 'ഹൈ റെസല്യൂഷൻ റിമോട്ട് സെൻസിങ്' സാങ്കേതികത ഉപയോഗിച്ചുള്ള ജി.ഐ.എസ് മോഡലിങ്ങുകളും പ്രാദേശിക കൃത്യതയുള്ള സർവ്വെകളുമടക്കമുള്ള പുതിയ പഠനങ്ങൾ നടത്താൻ ഈ കൗൺസിൽ തീരുമാനിക്കുന്നു. ഈ പഠനങ്ങൾക്കായി കേരളത്തിലെ വിവിധ ശാസ്ത്ര സ്ഥാപനങ്ങളുടെ സഹായവും കൊച്ചിയിൽ പ്രവർത്തിക്കുന്ന വിവിധ ദേശീയ അന്തർദേശീയ ഏജൻസികളുടെ സഹായവും ലഭ്യമാക്കുന്നതാണ്.

**പേമാരികളുടെ പ്രതിരോധത്തിനായി കർമ്മപദ്ധതി**

254. കാലം തെറ്റിയുള്ള കനത്ത പേമാരിയും തുടർന്നുള്ള വെള്ളക്കെട്ടുകളും മറ്റ് ദുരിതങ്ങളും ഇപ്പോൾ കൊച്ചിയ്ക്ക് പരിചിതമാണ്. സമീപ കാലത്തുണ്ടായ വെള്ളക്കെട്ടുകൾ വലിയ പരിശ്രമങ്ങൾ നടത്തി പരിഹരിക്കാൻ നമുക്കു കഴിഞ്ഞിട്ടുണ്ട്. എന്നാൽ പേമാരികൾ നേരി

ടുന്നതിനും വെള്ളക്കെട്ടുകളുടെ ശാശ്വത പരിഹാരത്തിനുമായി ശാസ്ത്രീയമായ ഒരു കർമ്മ പദ്ധതി തയ്യാറാക്കേണ്ടതുണ്ട്.

## താപ ദ്വീപ് പ്രതിഭാസം കൊച്ചിയിലും

255. നഗരങ്ങളിൽ വൃക്ഷാവരണം തീരെ കുറയുകയും ബഹു നില കോൺക്രീറ്റ് കെട്ടിടങ്ങളുടെ ആധിക്യം കൂടി വരുകയും ചെയ്യുന്ന പ്രദേശങ്ങളിൽ സമീപ പ്രദേശങ്ങളെ അപേക്ഷിച്ച് ക്രമാതീതമായി അന്തരീക്ഷതാപം ഉയർന്നു വരുന്നതിനെയാണ് താപദ്വീപ് പ്രതിഭാസമെന്ന് അറിയപ്പെടുന്നത്. കഴിഞ്ഞ വർഷങ്ങളിൽ കൊച്ചിയിലും ഇത്തരം പ്രതിഭാസങ്ങൾ താഴ്ന്ന തോതിലെങ്കിലും സംഭവിക്കുന്നുണ്ട് എന്നാണ് പഠനങ്ങൾ സൂചിപ്പിക്കുന്നത്. താപദ്വീപ് പ്രതിഭാസത്തിന് സാധ്യതയുള്ള പ്രദേശങ്ങൾ കണ്ടെത്തി ശാസ്ത്രീയ പ്രതിരോധ മാർഗ്ഗങ്ങൾ തീർക്കേണ്ടതുണ്ട്. താപ ദ്വീപ് പ്രതിഭാസത്തിന് പ്രതിരോധം തീർക്കാനുള്ള കർമ്മപദ്ധതി തയ്യാറാക്കുന്നതാണ്.

## വേലിയേറ്റ ക്രമ വ്യത്യാസം നേരിടാൻ സമഗ്ര കർമ്മപദ്ധതി

256. സമുദ്ര നിരപ്പ് ഉയരുന്നതുമായി ബന്ധപ്പെട്ട് കൊച്ചിയുടെ തീര പ്രദേശങ്ങളിലെ വേലിയേറ്റ വേലിയിറക്കങ്ങളുടെ ക്രമത്തിൽ വലിയ മാറ്റങ്ങൾ ഉണ്ടാകുന്നുണ്ട്. നമ്മുടെ കായലിനോടടുത്ത പ്രദേശങ്ങളിലെ ഭൂഗർഭജലത്തിൽ ഉപ്പുജലം കയറുന്നതിനും കായലുമായി നേരിട്ട് ബന്ധപ്പെട്ടു കിടക്കുന്ന നമ്മുടെ കനാലുകളുടെ പരിസ്ഥിതി മാറ്റപ്പെടുന്നതിനും ജലത്തിന്റെ ഒഴുക്കു കുറയുന്നതിനും ചെളിയടിയുന്നതിനും ഇതിടയാക്കുന്നുണ്ട്. കനാലുകളുമായി ബന്ധപ്പെട്ടു കിടക്കുന്ന നീർ ചാലുകളുടെ ജലനിർഗമനങ്ങളെ ഇത് സാരമായി ബാധിക്കുന്നു. നീർ ചാലുകളിൽ കെട്ടിക്കിടക്കുന്ന മലിനജലം കൊതുകുകളുടെ പ്രജനന കേന്ദ്രമായി മാറുന്നത് സ്വാഭാവികമാണ്. ഇത്തരം കാര്യങ്ങളെ പറ്റി ഒരു സമാഗ്രപഠനം നടത്തി പരിഹാര മാർഗങ്ങൾ കണ്ടത്തി ഒരു കർമ്മപദ്ധതി തയ്യാറാക്കും.

## കാലാവസ്ഥാ മാറ്റവും ജനാരോഗ്യവും

257. കാലാവസ്ഥാ മാറ്റം ഋതുക്കളുടെ ക്രമത്തെ മാറ്റിയതും ചൂടിന്റേയും തണുപ്പിന്റേയും അധിക്യം കൂട്ടിയതും പൊതുജനങ്ങളുടെ രോഗ പ്രതിരോധ ശേഷി കുറയ്ക്കുന്നതിനും രോഗാണുക്കളുടേയും രോഗം പരത്തുന്ന ജീവികളുടേയും അതിവ്യാപനത്തിനും ഇടയാക്കിയിട്ടുണ്ട്. ജനസാന്ദ്രത കൂടിയ നഗരങ്ങളിലാണ് ഈ പ്രശ്നങ്ങൾ കൂടുതൽ ബാധിക്കുക. ഇത്തരം വിഷയങ്ങളിൽ കൊച്ചിയുടെ സാഹചര്യങ്ങൾ ശാസ്ത്രീയമായി വിലയിരുത്തി സ്വീകരിക്കേണ്ട മുൻകരുതലും നടപടിക്രമങ്ങളും നിർദ്ദേശിക്കാൻ ഒരു സമഗ്രപഠനവും ഈ ബഡ്ജറ്റ് ലക്ഷ്യം വയ്ക്കുന്നു. കൊച്ചിയിലെ ഉന്നത ആരോഗ്യ സ്ഥാപനങ്ങളുടെ സഹകരണത്തോടെ ഒരു സമഗ്രപഠനം നടത്തി കർമ്മ പദ്ധതി തയ്യാറാക്കും.

## കാലാവസ്ഥാ വ്യതിയാനം-ഊർജ്ജരംഗം

258. ഭാവിയിൽ, കാലാവസ്ഥാ വ്യതിയാനത്തിന്റെ അപകടകരമായ അനന്തരഫലങ്ങൾ നേരിടാൻ ഏറെ സാധ്യതയുള്ള ഒരു നഗരമാണ് കൊച്ചി എന്നിരിക്കെ, ഇവിടത്തെ കെട്ടിടങ്ങൾ അത്തരം സാഹചര്യങ്ങളെ അഭിമുഖീകരിക്കാൻ പ്രാപ്തിയുള്ളവയാകണം എന്നുള്ളതിൽ തർക്കമില്ല. അതുകൊണ്ട് തന്നെ കൊച്ചിയിലെ കെട്ടിടങ്ങൾ സുസ്ഥിരമായ നിർമ്മാണ ശൈലികൾ അവലംബിക്കേണ്ടത് ഈ കാലഘട്ടത്തിൽ തീർത്തും അനിവാര്യമാണ്.

259. ഇതിന്റെ ഭാഗമായി കെട്ടിടങ്ങളെ കൂടുതൽ ഊർജ്ജക്ഷമമാക്കുന്നതിനും സുസ്ഥിരമായ കെട്ടിട നിർമ്മാണശൈലികളെ മുഖ്യധാരയിലേക്ക് കൊണ്ടുവരുന്നതിനും പഠനങ്ങൾ നടത്തിവരുന്നുണ്ട്. സീറോ കാർബൺ ബിൽഡിംഗ് റോഡ്മേപ്പ് തയ്യാറാക്കിയതും കെട്ടിടങ്ങളെ അവയുടെ ഊർജ്ജക്ഷമതയ്ക്കനുസൃതമായി ബെഞ്ച്മാർക്ക് ചെയ്യുന്നതുമുൾപ്പടെയുള്ള പ്രവർത്തനങ്ങളാണിവ.

260. ഈ മേഖലയിൽ ഗവേഷണാടിസ്ഥാനത്തിലുള്ള പഠനങ്ങൾ തുടർന്നും നടത്തുന്നതിന്റെയൊപ്പം തന്നെ, കോർപറേഷന്റെ ഉടമസ്ഥതയിലുള്ള കെട്ടിടങ്ങൾ കൂടുതൽ ഊർജ്ജക്ഷമമാക്കുന്നതിന് വേണ്ടിയുള്ള പ്രായോഗികവും സാധ്യവുമായിട്ടുള്ള ഇടപെടലുകൾ നടത്തേണ്ടതായിട്ടുണ്ട്. കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ സഹായത്തോടെ ഇത്തരം പദ്ധതികൾ വിഭാവനം ചെയ്യുന്നതിനും നടപ്പിലാക്കുന്നതിനും വേണ്ടിയുള്ള പദ്ധതി നടപ്പിലാക്കും.

261. വർദ്ധിച്ചു വരുന്ന ഉഷ്ണതരംഗത്തെ അഭിമുഖീകരിക്കുന്നതിനു വേണ്ടി സംസ്ഥാന സർക്കാർ 2020ൽ ഹീറ്റ് ആക്ഷൻ പ്ലാനും കേന്ദ്ര സർക്കാർ 2019ൽ ഇന്ത്യ കൂളിംഗ് ആക്ഷൻ പ്ലാനും തയ്യാറാക്കിയിരുന്നു. എന്നാൽ ഈ ആക്ഷൻ പ്ലാനുകളിലെ നിർദേശങ്ങൾ നഗരങ്ങളിൽ നടപ്പിലാക്കേണ്ടതിന്റെ പ്രായോഗിക ബുദ്ധിമുട്ടുകൾ കൃത്യമായി വിലയിരുത്തപ്പെട്ടട്ടില്ല. ഈ ഒരു സാഹചര്യത്തിൽ കൊച്ചിയിൽ ഉഷ്ണതരംഗം ഉണ്ടാക്കിയേക്കാവുന്ന ആഘാതം മനസ്സിലാക്കുന്നതിനും ഇത്തരം കർമപദ്ധതികളിലെ നിർദേശങ്ങൾ നടപ്പിലാക്കുന്നതിനുള്ള പ്രായോഗികമായ തടസ്സങ്ങൾ വിലയിരുത്തുന്നതിനും ഒരു പഠനം നടത്തും.

## കാലാവസ്ഥാ വ്യതിയാനം-സർക്കാർ സഹായം

262. കൊച്ചി നേരിടുന്ന കാലാവസ്ഥാ വ്യതിയാനവുമായി ബന്ധപ്പെട്ട പ്രശ്നങ്ങളുടെ ശാസ്ത്രീയമായ പഠനത്തിനും പരിഹാരമാർഗ്ഗ നിർദ്ദേശങ്ങൾക്കുമായി ഫണ്ട് അനുവദിക്കണമെന്നാവശ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ സംസ്ഥാന ബജറ്റിൽ കാലാവസ്ഥാ വ്യതിയാനവുമായി ബന്ധപ്പെട്ട പഠനങ്ങൾക്ക് നീക്കിവെച്ച തുകയിൽ നിന്ന് അഞ്ചു കോടി രൂപ അനുവദിക്കുമെന്ന് അറിയിച്ചിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിലുള്ള പ്രവർത്തന പദ്ധതി ഉടനടി ആരംഭിക്കും.

## പക്ഷി ഭൂപടം

263. കൊച്ചിയുടെ തണ്ണീർ തടങ്ങളും കായൽ കടൽ, തീര പ്രദേശങ്ങളും

കണ്ടൽ കാടുകളും തദ്ദേശീയ ദേശാടന പക്ഷികളുടെ പ്രധാന ആവാസ വ്യവസ്ഥയാണ്. പക്ഷി വൈവിധ്യം ജൈവവൈവിധ്യ പൈതൃകത്തിന്റെ പ്രകാശനമായാണ് കണക്കാക്കപ്പെടുന്നത്. നമ്മുടെ പക്ഷി സമ്പത്തിനെപ്പറ്റി മൂന്നു വർഷം നീണ്ടു നിൽക്കുന്ന ആധികാരിക പഠനം നടത്തി കൊച്ചി നഗരത്തനായി പക്ഷി ഭൂപടം (ബേർഡ് അറ്റ്ലസ്) തയ്യാറാക്കാനുള്ള പ്രവർത്തനങ്ങൾ ഈ വർഷം ആരംഭിക്കും. കൊച്ചി നാച്ചുറൽ ഹിസ്റ്ററി സൊസൈറ്റി (സി.എൻ.എച്ച്.എസ്.) യുടെ സഹകരണത്തോടെയാണ് ഈ പദ്ധതി നടപ്പിൽ വരുത്തുക. പരിശീലനം സിദ്ധിച്ച സന്നദ്ധ പക്ഷി നിരീക്ഷകരുടേയും പൊതുജനങ്ങളുടേയും സഹായത്തോടെ സിറ്റിസൺ സയൻസ് വളണ്ടിയർ മാതൃകയിൽ ഡേറ്റാ ശേഖരണം നടത്തി കേരളത്തിലെ ആദ്യത്തെ നഗര പക്ഷി ഭൂപടം തയ്യാറാക്കാനുള്ള ഈ പ്രവർത്തനങ്ങൾക്ക് സി-ഹെഡിനെ ചുമതലപ്പെടുത്തുന്നു.

264. പദ്ധതിയുടെ പ്രാരംഭര പ്രവർത്തനങ്ങൾക്കായി അഞ്ച് ലക്ഷം രൂപ വകയിരുത്തുന്നു.

**ജലവിതരണം**

265. കൊച്ചി നഗരത്തിന്റെ ജല ആവശ്യകതയും ലഭ്യതയും തമ്മിലുള്ള അന്തരം കുറയ്ക്കുക എന്ന ലക്ഷ്യം മുൻനിർത്തിയുള്ള പ്രവർത്തനങ്ങളാണ് കേരള വാട്ടർ അതോറിറ്റിയുടെ നേതൃത്വത്തിൽ കൊച്ചി മുനിസിപ്പൽ കോർപ്പറേഷൻ നടപ്പിലാക്കുന്നത്. നിലവിൽ കേരള വാട്ടർ അതോറിറ്റിയുടെ ആലുവയിലെ ജല ശുദ്ധീകരണ പ്ലാന്റിൽ പ്രതിദിനം ഇരുന്നൂറ്റി ഇരുപത്തഞ്ച് ദശലക്ഷം ലിറ്റർ ശുദ്ധജലം ഉൽപാദിപ്പിക്കുന്നുണ്ട്. കൊച്ചി നഗരത്തിലേക്കുള്ള ശുദ്ധജല വിതരണം മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി ആലുവ ജല ശുദ്ധീകരണ പ്ലാന്റിൽ പുതിയ നൂറ്റിത്തൊണ്ണൂറ് എം.എൽ.ഡി. ജല ശുദ്ധീകരണ പ്ലാന്റ് സ്ഥാപിക്കും. ഇതിലൂടെ കൊച്ചി നഗരത്തിലേക്കും വൈപ്പിൻ, മുളവുകാട്, ചേരാനല്ലൂർ തുടങ്ങിയ പരിസര പ്രദേശങ്ങളിലേക്കും ഉള്ള നിലവിലെ തൊള്ളായിരം എം.എം, ആയിരത്തമ്പത് എം.എം,

ആയിരത്തി ഇരുന്നൂറ് എം.എം വിതരണ ലൈനുകളിലൂടെയുള്ള ജല വിതരണം മെച്ചപ്പെടുത്താൻ സാധിക്കും.

266. പദ്ധതിയുടെ ഭാഗമായി മരടിലെ നൂറ് എം.എൽ.ഡി. ജലശുദ്ധീകരണ പ്ലാന്റിന്റെ ഉപയോഗം പൂർണ്ണമായും പ്രവർത്തനക്ഷമമാക്കും. ഇതുവഴി കൊച്ചി നഗരത്തിന് പ്രത്യേകിച്ച് കൊച്ചി നഗരത്തിനും സമീപ പ്രദേശങ്ങൾക്കും കാര്യക്ഷമമായ ജലവിതരണം ലഭ്യമാകും.

## കുടിവെള്ള പദ്ധതി

267. അഞ്ച് വ്യത്യസ്ത മേഖലകളിലായി ഇരുന്നൂറ്റി എഴുപത്തിരണ്ട് കോടി രൂപയുടെ പദ്ധതികളാണ് അമൃത് പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കിവരുന്നത്. ഇതിൽ ആയിരത്തി നൂറ്റിപ്പതിനാല് കോടി രൂപയുടെ പദ്ധതികൾ കുടിവെള്ള വിതരണവുമായി ബന്ധപ്പെട്ടതാണ്. ഇതിൽ നൂറ്റി ഇരുപത് ലക്ഷം ലിറ്റർ വെള്ളം സംഭരിക്കാൻ ശേഷിയുള്ള ആറ് ഓവർഹെഡ് ടാങ്കുകൾ നിർമ്മിക്കുവാനുള്ള പദ്ധതികളാണ് പ്രധാനമായും ഉള്ളത്. ഇതിൽ നാല് കോടിയോളം രൂപ ചിലവിൽ പത്ത് ലക്ഷം ലിറ്ററിന്റെ തേവര പദ്ധതിയും ഏഴേമുക്കാൽ കോടി രൂപയുടെ പതിനഞ്ച് ലക്ഷം ലിറ്റർ സംഭരണശേഷിയുള്ള വടതോട് പദ്ധതിയുമാണ് പൂർത്തീകരിച്ചിരിക്കുന്നത്.

268. ഇരുപത്തിനാല് കോടി രൂപ ചെലവഴിച്ച് നാൽപ്പത് ലക്ഷം ലിറ്റർ കപ്പാസിറ്റിയിൽ കലൂരിൽ പണിയുന്ന ടാങ്കും ആറു കോടി രൂപ ചെലവഴിച്ച് പതിമൂന്ന് ലക്ഷം ലിറ്റർ കപ്പാസിറ്റിയിൽ പണിയുന്ന ഇടക്കൊച്ചി ടാങ്കും പത്ത് കോടിയോളം രൂപ ചെലവഴിച്ച് ഇരുപത്തഞ്ച് ലക്ഷം ലിറ്ററിന്റെ കരുവേലിപ്പടിയിൽ പണിയുന്ന ടാങ്കും ഏഴേമുക്കാൽ കോടിയോളം ചെലവഴിച്ച് പതിനേഴ് ലക്ഷം ലിറ്ററിന്റെ പച്ചാളത്ത് പണിയുന്ന ടാങ്കിന്റെയും നിർമ്മാണം ഈ സാമ്പത്തിക വർഷം പൂർത്തീകരിക്കും.

269. കൂടാതെ തമ്മനത്ത് നിന്ന് കടവന്ത്ര ഒ.എച്ച്.എസ്.ആർ ലേക്കുള്ള ലൈനിന് റെയിൽവേയുടെ അനുമതി ലഭ്യമാക്കി ഈവർഷം പൂർത്തീകരിക്കും. പദ്ധതിക്ക് എട്ട് കോടിയോളം രൂപ ചെലവഴിക്കും.

270. നഗരത്തിലേക്ക് മരടിൽ നിന്നും പതിനെട്ട് എം.എൽ.ഡി. വെള്ളം കൊണ്ടുവരുന്ന പദ്ധതി നാഷണൽ ഹൈവേ അതോറിറ്റിയുടെയും റെയിൽവേയുടേയും അനുമതി ലഭ്യമാക്കി ഈ വർഷം പൂർത്തീകരിക്കും. പദ്ധതിക്കായി പതിനാറ് കോടി രൂപ ചെലവഴിക്കും.

271. പെരുമാനൂരിൽ നിന്നും രവിപുരം ഒ.എച്ച്.എസ്.ആർ ലേക്ക് വെള്ളം കൊണ്ടുപോകുന്നതിനുള്ള പുതിയ പൈപ്പ് ലൈനിന്റെ പണി നാലര ക്കോടി രൂപ ചെലവഴിച്ച് ഈ വർഷം പൂർത്തീകരിക്കും. പ്രവർത്തന രഹിതമായ കുടിവെള്ള ലൈനുകളും കണക്ഷനുകളും മാറ്റി സ്ഥാപിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ അഞ്ചു കോടി രൂപ ചെല വഴിച്ച് ഈ സാമ്പത്തിക വർഷം പൂർത്തീകരിക്കും.

## അമൃത് പദ്ധതി രണ്ടാം ഘട്ടം

272. അമൃത് പദ്ധതിയുടെ രണ്ടാംഘട്ട പ്രവർത്തനങ്ങൾ ഈ സാമ്പത്തിക വർഷം ആരംഭിക്കും. പദ്ധതിയുടെ ഭാഗമായി കുടിവെള്ള പദ്ധതി കൾക്കായി ആകെ നൂറ്റി എൺപത് കോടി രൂപയും മലിനജല സംസ്ക്കരണ പദ്ധതിക്കായി ആകെ നൂറ്റി അമ്പത്തിയാറ് കോടി രൂപയും ഈ സാമ്പത്തികവർഷം ഇരുപത് കോടി രൂപയും പ്രതീക്ഷിക്കുന്നു.

## സ്മാർട്ട് വാട്ടർ ഡിസ്ട്രിബ്യൂഷൻ പദ്ധതി

273. കൊച്ചിയിലെ കുടിവെള്ള വിതരണം കാര്യക്ഷമമാക്കുവാൻ സെൻ സറുകൾ ഘടിപ്പിച്ചു കൊണ്ടുള്ള 'സ്മാർട്ട് വാട്ടർ ഡിസ്ട്രിബ്യൂഷൻ പദ്ധതി'. നെറ്റ്വർക്കിന്റെ കാര്യക്ഷമത കൂട്ടി കൊച്ചിയിലെ ജല സുരക്ഷ ഉറപ്പാക്കുവാനുള്ള ഒരു നൂതന പദ്ധതിയാണിത്. കേരള വാട്ടർ അതോറിറ്റിയുടെ സാമ്പത്തിക സഹായത്തോടെ നടപ്പിലാ ക്കാൻ ഉദ്ദേശിക്കുന്ന ഈ പദ്ധതിക്ക് കേന്ദ്രാവിഷ്കൃത പദ്ധതിയിലൂ

ടെയും കൊച്ചി മുനിസിപ്പൽ കോർപറേഷൻ തനത് ഫണ്ട് എന്നിവയിലൂടെയും ഇരുപത്തഞ്ച് ലക്ഷം രൂപ ചെലവഴിക്കും.

## ബാന്റിക്യൂട്ട് ക്ലീനിങ് റോബോർട്ട്

274. കൊച്ചി നഗരത്തിന്റെ ഏറെ നാളത്തെ ആവശ്യമായിരുന്ന കുറ്റമറ്റതായ ഒരു ഡ്രൈനേജ് ക്ളീനിങ് സംവിധാനം. നഗരത്തിന്റ ഈ ആവശ്യം നിറവേറ്റുന്നതിനായി ഒരു ഡ്രൈനേജ് ക്ലീനിങ് റോബോട്ടിക് സിസ്റ്റം നഗരത്തിനായി ലഭ്യമാക്കും.

275. ജെൻറോബോട്ടിക്സ് എന്ന സ്റ്റാർട്ടപ്പിന്റെ സാങ്കേതിക സഹായത്തോടെ നടപ്പിലാക്കുന്ന പദ്ധതി കൊച്ചിൻ ഷിപ്പിയാർഡ് ലിമിറ്റഡ്, കേരള വാട്ടർ അതോറിറ്റി എന്നിവരുടെ സഹകരണത്തോടെയാണ് നടപ്പിലാക്കുന്നത്. കൊച്ചിൻ ഷിപ്പിയാർഡിന്റെ സി.എസ്.ആർ. ഫണ്ടിങ് ഉപയോഗിച്ചായിരിക്കും പദ്ധതി നടപ്പിലാക്കുക.

## ജലനയം

276. കൊച്ചി മുനിസിപ്പൽ കോർപ്പറേഷൻ ഒരു ‘ജലനയം’ തയ്യാറാക്കിയിരുന്നുവെങ്കിലും അത് പുതുക്കുകയോ അവ നടപ്പിൽ വരുത്താനുള്ള നടപടികൾ സ്വീകരിക്കുകയോ ചെയ്തിട്ടില്ല. ആയതിന്റെ അടിസ്ഥാനത്തിൽ ജലനയത്തിന്റെ പുതുക്കലും കർമ്മപദ്ധതിയും ഈ സാമ്പത്തിക വർഷം തയ്യാറാക്കും. കൊച്ചിയിലെ ജലസംബന്ധമായ വിവരങ്ങൾ ക്രോഡീകരിച്ച് കൊച്ചി ‘ജല വിവിരശേഖര സംവിധാനം’ തയ്യാറാക്കുന്ന പദ്ധതി നടപ്പിലാക്കും. കേരള വാട്ടർ അതോറിറ്റി, കേരള സ്റ്റേറ്റ് പൊല്യൂഷൻ കൺട്രോൾ ബോർഡ്, എസ്.സി.എം.എസ്. വാട്ടർ ഇൻസ്റ്റിറ്റ്യൂട്ട് എന്നീ സ്ഥാപനങ്ങളുടെ സാങ്കേതിക സഹായത്തോടെ പദ്ധതി നടപ്പിലാക്കും.

277. പദ്ധതിക്കായ് പത്ത് ലക്ഷം രൂപ ചെലവഴിക്കും.

## ലൈബ്രറികൾ

278. കൊച്ചി മുനിസിപ്പൽ കോർപ്പറേഷനു കീഴിലുള്ള മുഴുവൻ ലൈബ്രറികളും ആധുനിക രീതിയിൽ പുനഃസംഘടിപ്പിച്ച് ഡിജിറ്റൽ ലൈബ്രറി സംവിധാനത്തിലേക്ക് മാറ്റും. എം.കെ. രാഘവൻ മെമ്മോറിയൽ ലൈബ്രറി കെട്ടിട സംവിധാനം നവീകരിച്ച് എല്ലാ സജ്ജീകരണങ്ങളോടും കൂടിയുള്ള ഒരു സാംസ്കാരിക കേന്ദ്രമാക്കി മാറ്റും.

279. പദ്ധതിക്കായി അമ്പത് ലക്ഷം രൂപ നീക്കിവയ്ക്കുന്നു.

## ആസ്ക്ക് സ്ഥിരം വേദികൾ

280. കൊച്ചി നഗരത്തിലെ പൊതു ഇടങ്ങളെ സാംസ്കാരിക പരിപാടികളാൽ സജീവമാക്കുക എന്ന ലക്ഷ്യത്തോടെ ആരംഭിച്ച 'ആസ്ക്' പദ്ധതിക്ക് വലിയ സ്വീകാര്യത ലഭിച്ചിട്ടുണ്ട്. പരിപാടികൾ കൂടുതൽ വ്യാപിപ്പിക്കുന്നതിന്റെ ഭാഗമായി കൂടുതൽ സ്ഥിരം വേദികൾ തയ്യാറാക്കും. ജോസ് ജംഗ്ഷൻ കൾച്ചറൽ സ്ക്വയർ, വൈറ്റിലയിലെ കുന്നറപാർക്ക് എന്നിവ പൊതുവേദികളായി മാറ്റും. നിലവിൽ കെ.എം.ആർ.എല്ലിന് കൈവശമുള്ള ഈ പാർക്കുകളുടെ ഉടമസ്ഥത കൊച്ചി മുനിസിപ്പൽ കോർപ്പറേഷന് വിട്ടുകിട്ടുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കും. എല്ലാ സ്ഥിരംവേദികളെയും സാംസ്കാരിക കേന്ദ്രമാക്കുന്നതിനൊപ്പം നഗരത്തിലെ മറൈൻഡ്രൈവ് അടക്കമുള്ള പ്രധാന സ്ഥലങ്ങളും 'പബ്ലിക് ആർട്ട് സ്പേസ്' ആക്കി മാറ്റും.

281. സ്പോൺസർഷിപ്പിലൂടെയും സ്വകാര്യ പങ്കാളിത്തത്തോടെയും 'ആസ്ക്കിന്റെ' പ്രവർത്തനങ്ങൾ ഏകോപിപ്പിക്കും. പദ്ധതിക്കായി അമ്പത് ലക്ഷം രൂപ നീക്കിവെയ്ക്കുന്നു.

## മട്ടാഞ്ചേരി സ്മാരകം

282. കഴിഞ്ഞ ബജറ്റിൽ പ്രഖ്യാപിച്ച മട്ടാഞ്ചേരി സമര സ്മാരകത്തിന്റെ നിർമ്മാണപ്രവർത്തനങ്ങൾ ഈ വർഷം ആരംഭിക്കും. സ്മാരകത്തിന്റെ രൂപകല്പന കൊച്ചി മുസിരിസ് ബിനാലെ ഫൗണ്ടേഷന്റെ സഹായത്തോടെ തയ്യാറാക്കും.

283. പദ്ധതിക്കായി ഇരുപത് ലക്ഷം രൂപ നീക്കി വെക്കുന്നു.

## ഹെറിട്ടേജ് ബൈലോ

284. 2003 ൽ തയ്യാറാക്കി കൗൺസിൽ പാസാക്കിയ ബൈലോ നിർദ്ദേശങ്ങൾ കൂടി ഉൾപ്പെടുത്തി പുതിയ കാലഘട്ടത്തിന് അനുസൃതമായി കൊച്ചി നഗരത്തിന് ഒരു ഹെറിട്ടേജ് ബൈലോ തയ്യാറാക്കും. നഗരത്തിലെ ഓരോ പ്രദേശത്തിന്റേയും പൈതൃക പ്രാധാന്യം കണക്കിലെടുത്തുകൊണ്ട് ഭാവി വികസന പ്രവർത്തനങ്ങൾകൂടി മുന്നിൽ കണ്ടുകൊണ്ട് എല്ലാ വിഭാഗത്തിലുമുള്ള സ്റ്റേക്ക് ഹോൾഡേഴ്സുമായി ആശയവിനിമയം നടത്തിയുമായിരിക്കും വിദഗ്ധസംഘം ഹെറിറ്റേജ് ബൈലോ തയ്യാറാക്കുക.

285. പദ്ധതിക്കായ് അഞ്ച് ലക്ഷം രൂപ ചെലവഴിക്കും.

## ബേസ് മേപ്പ്

286. ചരിത്ര പ്രസിദ്ധമായ ഫോർട്ടുകൊച്ചി- മട്ടാഞ്ചേരി മേഖലയിലെ പൈതൃക ചിഹ്നങ്ങൾ സംരക്ഷിക്കുന്നതിനും തെരുവുകളുടെ തനിമ നിലനിർത്തുന്നതിനും കേന്ദ്ര-സംസ്ഥാന സർക്കാരുകൾ ഇതിനായി തയ്യാറാക്കി പ്രത്യേക നിയമങ്ങൾക്കുള്ളിൽ നിന്നുകൊണ്ട് ഇവ സംരക്ഷിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കും. ഇവ ശാസ്ത്രീയമായി അടയാളപ്പെടുത്തുന്നതിനുള്ള ഒരു 'ഹെറിറ്റേജ് ബേസ് മേപ്പ്' തയ്യാറാക്കും. ഇതിനായി സി-ഹെഡിന്റെ നേതൃത്വത്തിൽ ഒരു വിദഗ്ധ സമിതി രൂപീകരിച്ച് പ്രവർത്തിക്കും. ഈ മേഖലയിൽ നാളിതുവരെ നടത്തിയ എല്ലാ പഠനങ്ങളും ഏകോപിപ്പിച്ചുകൊണ്ടായിരിക്കും ബേസ് മേപ്പ് തയ്യാറാക്കുക.

287. പദ്ധതിക്കായി ഇരുപത് ലക്ഷം രൂപ ചെലവഴിക്കും.

## ഫുഡ് സ്ട്രീറ്റ്

288. ഇൻഡോറിലെ ഏറെ പ്രസിദ്ധമായ ഫുഡ് സ്ട്രീറ്റ് (ചപ്പൻ) മാതൃകയിൽ കൊച്ചിയിൽ എല്ലാ സൗകര്യങ്ങളോടും കൂടിയ ഒരു ഫുഡ്

സ്ട്രീറ്റ് തയ്യാറാക്കും. ടൗൺ പ്ലാനിംഗ് കമ്മിറ്റിയുടെ നേതൃത്വത്തിൽ അനുയോജ്യമായ തെരുവ് കണ്ടെത്തി അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കി ഫുഡ് സ്ട്രീറ്റ് തയ്യാറാക്കും. ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ആർക്കിടെക്ടിന്റെ സാങ്കേതിക സഹായം ഇതിനായി ലഭ്യമാക്കും.

289. പദ്ധതിയുടെ ആദ്യഘട്ട പ്രവർത്തനങ്ങൾക്കായി അമ്പത് ലക്ഷം രൂപ ചെലവഴിക്കും.

## കൊച്ചി ഹാറ്റ്

290. കേരളത്തിന്റെ തനതായ കരകൗശല വസ്തുക്കളും വിവിധ കുടുംബ ശ്രീ ഉൽപ്പന്നങ്ങളും ഒരു കുടക്കീഴിൽ ലഭ്യമാക്കുന്ന ഒരു സംരഭം 'കൊച്ചി ഹാറ്റ്' എന്ന പേരിൽ ഫോർട്ടുകൊച്ചിയിൽ ആരംഭിക്കും. പ്രശസ്തമായ ഡൽഹി ഹാറ്റ് മാതൃകയിലാണ് സ്ഥാപനം ഒരുക്കുക. വിവിധ സർക്കാർ വകുപ്പുകളുടെ ധന സഹായത്തോടെയായിരിക്കും ഈ പദ്ധതി നടപ്പിലാക്കുക.

## തീയറ്റർ കോംപ്ലക്സ് കം കൾച്ചറൽ സെന്റർ

291. കോക്കേഴ്സ് തീയറ്റർ ഏറ്റെടുക്കുന്നതുമായി ബന്ധപ്പെട്ടുകൊണ്ടുള്ള നിയമ നടപടികൾ പൂർത്തീകരിച്ച് ഏറ്റവും ആധുനിക രീതിയിലുള്ള തീയറ്റർ കം കൾച്ചറൽ സെന്റർ ആരംഭിക്കുന്നതിനുള്ള നടപടികൾ ഈ സാമ്പത്തിക വർഷം തന്നെ ആരംഭിക്കും. പദ്ധതിക്കായി ഒരു കോടി രൂപ ചെലവഴിക്കും.

## കൾച്ചറൽ ഫെസ്റ്റിവൽ

292. കോവിഡിന്റെ പശ്ചാത്തലത്തിൽ നടത്താൻ സാധിക്കാതെ വന്ന, കഴിഞ്ഞ ബജറ്റിൽ പ്രഖ്യാപിച്ച മ്യൂസിക് ഫെസ്റ്റിവൽ, ഡാൻസ് ഫെസ്റ്റിവൽ, ഡ്രാമ ഫെസ്റ്റിവൽ എന്നിവ ഈ സാമ്പത്തിക വർഷം നടത്തും. പദ്ധതിക്കായി ഇരുപത് ലക്ഷം രൂപ ചെലവഴിക്കും.

## പി.ജെ. ആന്റണി കൾച്ചറൽ സെന്റർ

293. പച്ചാളത്ത് ഭരത് പി.ജെ. ആൻറണിയുടെ നാമധേയത്തിൽ 'ഭരത് പി.ജെ. ആന്റണി നാഷണൽ സെന്റർ ഫോർ പെർഫോമിംഗ് ആർട്സ്' എന്ന പേരിൽ സാംസ്ക്കാരിക സമുച്ചയം നിർമ്മിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ഈ സാമ്പത്തിക വർഷം ആരംഭിക്കും. ഇതിനായുള്ള പദ്ധതിരേഖയും ഡീറ്റെയ്ൽഡ് പ്രോജക്ട് റിപ്പോർട്ടും ഉടനടി തയ്യാറാക്കി നിർമ്മാണപ്രവർത്തനങ്ങൾ ആരംഭിക്കും.

294. സാംസ്ക്കാരിക സമുച്ചയ നിർമ്മാണത്തിനായി കേന്ദ്ര ഗവൺമെന്റിന്റെ സാംസ്ക്കാരിക വകുപ്പിൽ നിന്നുള്ള സഹായവും സംസ്ഥാന സർക്കാരിന്റെ സാമ്പത്തിക സഹായവും മറ്റ് പദ്ധതികളിൽനിന്നുള്ള സഹായവും ലഭ്യമാക്കും.

295. പദ്ധതിയുടെ ഈ സാമ്പത്തിക വർഷത്തെ പ്രവർത്തനങ്ങൾക്കായി വിവിധ ഏജൻസികളുടെ സഹായത്തോടെ അഞ്ചു കോടി രൂപ ചെലവഴിക്കും.

## ഇ.കെ. നാരായണൻ സ്ക്വയർ

296. മുൻ മേയർ ഇ.കെ. നാരായണന്റെ നാമധേയത്തിൽ പള്ളുരുത്തിയിലുള്ള പ്രധാന പൊതു ഇടമായ ഇ.കെ. നാരായണൻ സ്ക്വയർ നവീകരിക്കും. ഇതിനായി പുതിയ ഡിസൈൻ തയ്യാറാക്കും. ആസ്ക്കിന്റെ സ്ഥിരം വേദിയായി ഇ.കെ. നാരായണൻ സ്ക്വയറിനെ മാറ്റും.

297. പദ്ധതിക്കായി ഇരുപത് ലക്ഷം രൂപ ചെലവഴിക്കും.

## എം.കെ. അർജുനൻ മാസ്റ്റർ സാംസ്കാരിക കേന്ദ്രം

298. അനശ്വര സംഗീതജ്ഞൻ എം.കെ.അർജുനൻ മാസ്റ്ററുടെ നാമധേയത്തിൽ പള്ളുരുത്തിയിൽ സാംസ്കാരിക കേന്ദ്രം സ്ഥാപിക്കും. ഇതിനായുള്ള പദ്ധതിരേഖ തയ്യാറാക്കും. പദ്ധതി പ്രവർത്തനങ്ങൾ ഈ സാമ്പത്തിക വർഷം ആരംഭിക്കും.

299. ആദ്യഘട്ട പ്രവർത്തനങ്ങൾക്കായി ഇരുപത് ലക്ഷം രൂപ ചെലവഴിക്കും.

**പ്രഭാഷണ പരമ്പര**

300. കോവിഡിന്റെ പശ്ചാത്തലത്തിൽ ആരംഭിക്കാൻ സാധിക്കാതിരുന്ന ശ്രീനാരായണ ഗുരു സ്മരണ പ്രഭാഷണ പരമ്പര ആരംഭിക്കും.

**കൊച്ചി ഫ്യൂച്ചർ ഡെസ്റ്റിനേഷൻസ് പ്ലാൻ**

301. സമഗ്രവും ക്രിയാത്മകവുമായ സമീപനത്തിലൂടെ നഗരങ്ങൾ മുതൽ രാജ്യങ്ങൾ വരെയുള്ള എല്ലാ വിനോദ സഞ്ചാര കേന്ദ്രങ്ങളും ഉയർന്ന മൂല്യമുള്ള സന്ദർശകരുടെ പങ്കു വർദ്ധിപ്പിക്കാനും ശ്രമങ്ങൾ നടത്തുന്നുണ്ട്. ഫ്യൂച്ചർ ഡെസ്റ്റിനേഷൻ പ്ലാനിലൂടെ കൊച്ചിയുടെ വിനോദ സഞ്ചാര മൂല്യം ഉയർത്തി അന്താരാഷ്ട്ര നിലവാരത്തിലെത്തിക്കുക എന്നതാണ് ലക്ഷ്യം. വിനോദസഞ്ചാരത്തിലെ എല്ലാ സ്റ്റേക്ക്ഹോൾഡേഴ്സിന്റെയും പങ്കാളിത്തം ഉറപ്പു വരുത്തിക്കൊണ്ട് ലക്ഷ്യബോധത്തോടുകൂടി പദ്ധതികൾ വിഭാവനം ചെയ്യുക എന്നതാണ് ഈ പദ്ധതിയുടെ പ്രധാനലക്ഷ്യം. വിനോദ സഞ്ചാരത്തിലൂടെ ഒരു പുത്തൻ അനുഭവം സൃഷ്ടിക്കാനുതകുന്ന ഒരു സമഗ്ര പദ്ധതിയായാണ് ഇത് വിഭാവനം ചെയ്യുന്നത്. ഇതിനായി വിദഗ്ധ ഏജൻസികളുടെ സഹായം ലഭ്യമാക്കും. സംസ്ഥാന വിനോദ സഞ്ചാര വകുപ്പിന്റെ പിന്തുണയോടെയായിരിക്കും പദ്ധതി നടപ്പിലാക്കുക.

**സുസ്ഥിര ചുറ്റുവട്ടം പദ്ധതി - രണ്ടാം ഘട്ടം**

302. കൊച്ചി നഗരത്തിന്റെ സുസ്ഥിര നഗരവൽക്കരണം ലക്ഷ്യംവച്ചുകൊണ്ട് വിഭാവനം ചെയ്ത പദ്ധതിയാണ് സുസ്ഥിര ചുറ്റുവട്ടം പദ്ധതി. പദ്ധതിയുടെ ആദ്യഘട്ട പ്രവർത്തനങ്ങൾ എളമക്കര നോർത്ത് ഡിവിഷനിലും പുതുക്കലവട്ടം ഡിവിഷനിലുമായിട്ടാണ് നടന്നുവരുന്നത്.

303. യൂറോപ്പിലെ ഏറ്റവും പ്രധാനപ്പെട്ട ഗവേഷണ സ്ഥാപനങ്ങളിൽ ഒന്നായ ഫ്രോൺഹോഫറിന്റേയും ഭാരത സർക്കാരിന്റെ കീഴിലുള്ള നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് അർബൻ അഫയേഴ്സിന്റെയും

യൂണിവേഴ്സിറ്റി ഓഫ് സ്റ്റുട്ട്ഗാർട്ടിന്റെയും സാങ്കേതിക സഹായത്തോടെ നടപ്പിലാക്കുന്ന പദ്ധതിയുടെ ഒരു 'മോഡൽ' എളമക്കര ഗവൺമെന്റ് ഹയർ സെക്കൻഡറി സ്കൂളിൽ നടപ്പിലാക്കാൻ തീരുമാനിച്ചിട്ടുണ്ട്. മാതൃകാപരമായ ഹരിത ഇടവും പ്രകൃതി അധിഷ്ഠിതമായ മലിനജല സംസ്ക്കരണത്തിന്റെ മാതൃകയുമാണ് മോഡൽ പദ്ധതിയുടെ ഭാഗമായി എളമക്കര സ്കൂളിൽ നടപ്പിലാക്കുന്നത്. കൂടാതെ പദ്ധതി പ്രദേശത്ത് സൗരോർജ്ജ മേഖലയിൽ പദ്ധതിയുടെ രൂപരേഖ അനുസരിച്ച് തിരഞ്ഞെടുത്ത വീടുകളിൽ സൗരോർജ്ജ നിർമ്മാണത്തിന്റെ ഒരു ഡെമോ ഇൻസ്റ്റലേഷനും നടപ്പിലാക്കും. പദ്ധതിയുടെ പ്രവർത്തനങ്ങൾ സി-ഹെഡിന്റെ ഏകോപനത്തിൽ നടന്നുവരികയാണ്.

304. പദ്ധതിയുടെ തുടർ പ്രവർത്തനങ്ങൾ ഈ സാമ്പത്തിക വർഷം നടപ്പിലാക്കും.

## അർബൻ ഒബ്സർവേറ്ററി

305. കൊച്ചി നഗരത്തിൽ വിവിധ മേഖലകളിലായി നിരവധി പഠനങ്ങൾ നടന്നുവരുന്നുണ്ട്. പല സർക്കാർ സർക്കാരിതര ഏജൻസികളും നടത്തുന്ന പഠനങ്ങളുടെ വിവരങ്ങളും കൊച്ചിയിൽ നടക്കുന്ന വികസന പ്രവർത്തനങ്ങൾക്കായി ഉപയോഗപ്പെടുത്താവുന്നതാണ്. എന്നാൽ നഗരത്തിൽ ഒരു കേന്ദ്രീകൃത 'ഡേറ്റാ റെപ്പോസിറ്ററി' സംവിധാനം ഇല്ലാത്തത് ഈ മേഖലയിൽ പല ബുദ്ധിമുട്ടുകളും സൃഷ്ടിക്കുന്നുണ്ട്. ഈ പ്രശ്നം പരിഹരിക്കുന്നതിനായി സി-ഹെഡിൽ കൊച്ചിയുടെ കേന്ദ്രീകൃത അർബൻ ഒബ്സർവേറ്ററി ഒരുക്കാൻ ഇതിനകം തീരുമാനമെടുത്തിട്ടുണ്ട്.

306. ഉയർന്ന ഡേറ്റാ സംഭരണശേഷിയുള്ള കമ്പ്യൂട്ടറുകളും മറ്റ് അടിസ്ഥാന സൗകര്യങ്ങളും ഇതിന്റെ ഭാഗമായി ഒരുക്കേണ്ടതുണ്ട്. ഇതിനുപുറമേ ഡേറ്റാ റെപ്പോസിറ്ററി സംവിധാനം കൈകാര്യം ചെയ്യുന്നതിന് വിവിധ മേഖലകളിലെ വിദഗ്ധരുടെ സേവനം ലഭ്യമാക്കു

കയും വിവിധ ഡിപ്പാർട്ട്മെന്റുകളിലെ ഉദ്യോഗസ്ഥർക്കായി കപ്പാസിറ്റി ബിൽഡിംഗ് പ്രോഗ്രാമുകളും നടപ്പിലാക്കേണ്ടതുണ്ട്.

307. സി-ഹെഡിന്റെ നേതൃത്വത്തിൽ ഇതിനുള്ള പ്രാഥമിക പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്. അർബൻ ഒബ്സർവേറ്ററി തയ്യാറാക്കുന്നതിനുള്ള പ്രധാന ഘടകങ്ങളിലൊന്നായ 'സിറ്റി സ്കേപ്പ് ഡിവൈസ്' ഇൻഡോ-ജർമ്മൻ ഉഭയകക്ഷി സാങ്കേതിക സഹകരണ പദ്ധതിയുടെ ഭാഗമായി ലഭ്യമായിട്ടുണ്ട്.

308. അർബൻ ഒബ്സർവേറ്ററിയുടെ പ്രവർത്തനങ്ങൾക്കായി ഇരുപത് ലക്ഷം രൂപ വകയിരുത്തുന്നു.

### അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതി

309. പദ്ധതിക്കായി കഴിഞ്ഞവർഷം ഒരു ലക്ഷത്തിലധികം തൊഴിൽ ദിനങ്ങളോടെ ഒന്നരക്കോടിയിലധികം രൂപ ചെലവഴിച്ചിട്ടുണ്ട്. പ്രധാനമായും നഗരത്തിലെ ചെറുകാനകൾ വൃത്തിയാക്കൽ, ജൈവകൃഷിയ്ക്ക് നിലം ഒരുക്കൽ, പി.എം.എ.വൈ. ഗുണഭോക്താക്കൾക്ക് ധനസഹായം, ഇറിഗേഷൻ വകുപ്പുമായി ചേർന്ന് കനാൽ മാലിന്യങ്ങൾ നീക്കം ചെയ്യൽ, പൊതുഭൂമിയിൽ വൃക്ഷതൈ നട്ട് പിടിപ്പിക്കൽ, കോളനി നവീകരണം, കടൽതീരം വൃത്തിയാക്കൽ, ക്ഷീരകർഷകർക്ക് ധനസഹായം, തുടങ്ങിയ പ്രവർത്തനങ്ങളാണ് നടത്തുന്നത്.

310. പുതിയ സാമ്പത്തിക വർഷം അഞ്ച് ലക്ഷത്തിലധികം തൊഴിൽ ദിനങ്ങൾ സൃഷ്ടിച്ചുകൊണ്ട് ഇരുപത് കോടി രൂപയുടെ വാർഷിക കർമ്മപദ്ധതിയ്ക്ക് സ്റ്റേറ്റ് കൗൺസിലിന്റെ അംഗീകാരം ലഭ്യമാക്കി പ്രവൃത്തികൾ നടത്തുന്നതിനായി തയ്യാറാക്കിയിട്ടുണ്ട്. ഇതിൽ നടപ്പിലാക്കികൊണ്ടിരിക്കുന്ന പ്രവൃത്തികൾക്ക് പുറമെ നഗര ശുചീകരണം, ഔഷധ കൃഷി, പൊതു ആസ്തികളുടെ പരിപാലനം, മരം വച്ച് പിടിപ്പിക്കൽ, പച്ചത്തുരുത്ത് നിർമ്മാണം തുടങ്ങിയവ ഉൾപ്പെടുത്തിയിട്ടുണ്ട്.

## അഭയകേന്ദ്രങ്ങൾ

311. തേവര മഹിളാ വികലാംഗ മന്ദിരം നിർമ്മാണം പൂർത്തീകരിച്ചു. ഈ വർഷം ചമ്പക്കര മഹിളാ മന്ദിരത്തിന്റെ പുനഃരുദ്ധാരണ പ്രവർത്തനം നടപ്പിലാക്കും. തെരുവിൽ അന്തിയുറങ്ങുന്നവർക്കും ട്രാൻസ്ജെന്റേഴ്സിനുമായി പുതിയ അഭയകേന്ദ്രം നിർമ്മിക്കും. പള്ളുരുത്തി റിലീഫ് സെറ്റിൽമെന്റിനായി പുതിയ കെട്ടിടം നിർമ്മിക്കുന്നതിനുള്ള പദ്ധതി നടപ്പിലാക്കും.

## നൈപുണ്യ പരിശീലനവും തൊഴിൽ നിയമനവും

312. വിദഗ്ധ പരിശീലനത്തിലൂടെ തൊഴിൽ പദ്ധതിയുടെ Employment Through Skill Training and Placement (ESTP) കീഴിൽ ദരിദ്രരായ യുവതീ യുവാക്കൾക്ക് നൈപുണ്യ പരിശീലനങ്ങളും തൊഴിലും നൽകുന്നുണ്ട്. സംസ്ഥാന കുടുംബശ്രീമിഷൻ എംപാനൽ ചെയ്ത ട്രെയിനിങ് ഏജൻസികൾ വഴിയാണ് നൈപുണ്യപരിശീലനങ്ങളും തൊഴിലും നൽകുന്നത്. പരിശീലനങ്ങൾ വിജയകരമായി പൂർത്തിയാക്കുന്നവർക്ക് യാത്രാബത്തയും നിയമനാനന്തര സഹായവും നൽകിവരുന്നു. പുതിയ സാമ്പത്തിക വർഷം പദ്ധതിയുടെ കീഴിൽ മുന്നൂറ് യുവതീ യുവാക്കൾക്ക് നൈപുണ്യപരിശീലനങ്ങളും നൂറ്റമ്പത് പേർക്ക് തൊഴിലും നൽകും. യാത്രാബത്തയും നിയമനാനന്തര സഹായവും ആയി അഞ്ച് ലക്ഷം രൂപയുടെ ചെലവ് പ്രതീക്ഷിക്കുന്നു. ട്രെയിനിങ് ഏജൻസികൾക്കുള്ള പരിശീലന തുക സംസ്ഥാന മിഷനിൽനിന്നും നേരിട്ടാണ് നൽകുന്നത്.

313. കഴിഞ്ഞ വർഷം പദ്ധതിയുടെ കീഴിൽ നൂറ്റിപ്പതിനേഴ് പേർ നൈപുണ്യ പരിശീലനങ്ങൾ പൂർത്തീകരിക്കുകയും നൂറ്റിമൂന്ന് പേരുടെ പരിശീലനങ്ങൾ നടന്നുവരുകയും ചെയുന്നുണ്ട്. കോവിഡ് വ്യാപനം മൂലം ഏഴ് മാസം ട്രെയിനിങ് സെന്ററുകൾ അടച്ചിടേണ്ട സാഹചര്യത്തിലും പരിശീലനങ്ങൾ പൂർത്തീകരിച്ച തൊണ്ണൂറ്റി ഏഴ് പേർക്ക് തൊഴിൽ ലഭ്യമാക്കി യാത്രാബത്തയും നിയമനാനന്തര സഹായവും ആയി നാല് ലക്ഷത്തിലധികം രൂപ ചെലവഴിച്ചിട്ടുണ്ട്.

### സ്വയം തൊഴിൽപദ്ധതി (എസ്.ഇ.പി.)

314. വ്യക്തിഗത സംരംഭങ്ങൾക്കും ഗ്രൂപ്പ് സംരംഭങ്ങൾക്കും കുറഞ്ഞ പലിശ നിരക്കിൽ ബാങ്ക് വായ്പ ലഭിക്കുന്നതിനുള്ള സാങ്കേതിക സഹായം നാഷണൽ അർബൻ ലീവെലിഹുഡ് മിഷൻ മഖാന്തിരം നടപ്പിലാകും. ഇപ്രകാരം അമ്പത് വ്യക്തിഗത സംരംഭങ്ങളും പത്ത് ഗ്രൂപ്പ് സംരംഭങ്ങളും ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കും. പലിശ സബ്സിഡി ഇനത്തിൽ അഞ്ച് ലക്ഷം രൂപ എൻ.യു.എൽ.എം. പദ്ധതിയിലും ചെലവഴിക്കും.

### കമ്മ്യൂണിറ്റി എന്റർപ്രൈസസ് ഫണ്ട് (സി.ഇ.എഫ്.)

315. കുടുംബശ്രീ സംരംഭകർക്ക് അവരുടെ സംരംഭം വികസിപ്പിക്കുന്നതിനും പുതിയതായി സംരംഭം തുടങ്ങുവാൻ താല്പര്യമുള്ളവർക്കും കുടുംബശ്രീ മിഷന്റെ സഹായത്തോടെ നടപ്പിലാക്കുന്ന പദ്ധതിയാണിത്. നാല് ശതമാനം നിരക്കിൽ കുടുംബശ്രീ സി.ഡി. എസ്. മുഖേനെ ഗുണഭോക്താക്കൾക്കു വായ്പ ലഭിക്കുന്നതാണ്. പദ്ധതിക്കായി ഇരുപത് ലക്ഷം രൂപ ചെലവഴിക്കും.

### പ്രധാനമന്ത്രി ഫോർമലൈസേഷൻ ഓഫ് മൈക്രോ എന്റർപ്രൈസസ് (പി.എം.എഫ്.എം.ഇ.)

316. ഭക്ഷ്യ മേഖലയുമായി പ്രവർത്തിച്ചു വരുന്ന കുടുംബശ്രീ സംരംഭകരെ കണ്ടെത്തി 'പ്രധാനമന്ത്രി ഫോർമലൈസേഷൻ ഓഫ് മൈക്രോ എന്റർപ്രൈസസ്' പദ്ധതി പ്രകാരം സഹായം നൽകുന്ന പദ്ധതി നടപ്പിലാക്കി വരുന്നു. കണ്ടെത്തുന്ന ഓരോ യൂണിറ്റിനും നാല്പ്പതിനായിരം രൂപ വരെ സാമ്പത്തിക സഹായം കുടുംബശ്രീ സി.ഡി.എസ്. ലൂടെ വായ്പയായി നൽകും. ആദ്യ ഘട്ടത്തിൽ നാല്പ്പത് കുടുംബശ്രീ സംരംഭകർക്ക് ഈ സഹായം ലഭ്യമാക്കും.

### കോഫി ഷോപ്പ്

317. നഗരത്തിൽ ജൻഡർ പാർക്കിന്റെ സഹായത്തോടെ മൂന്ന് സ്ഥലങ്ങളിൽ കോഫി ഷോപ്പ് പ്രവർത്തനം ആരംഭിക്കും. ഈ ഷോപ്പുകളിൽ

ലാട്രിൻ, വനിതകൾക്കുള്ള പ്രത്യേക വിശ്രമകേന്ദ്രം എന്നിവ ഉണ്ടാകും. ഇതിന്റെ എല്ലാം മേൽനോട്ടം കുടുംബശ്രീ വനിതകളുടെ നേതൃത്വത്തിൽ ആയിരിക്കും.

## ജോബ് ആപ്പ്

318. ജോലി ആവശ്യമുള്ള കുടുംബശ്രീ അംഗങ്ങൾക്കും ജോലിക്കാരെ ആവശ്യമുള്ളവർക്കുമായി ഒരു ജോബ് ആപ്പ് തയ്യാറാക്കും. എൻ.യു.എൽ.എം. സിറ്റി ലൈവ്‌ലിഹുഡ് സെന്റർ മുഖേന ഈ പ്രവർത്തനങ്ങൾ നടപ്പിലാക്കും.

## ലിങ്കേജ് ലോൺ വഴി സംരംഭം

319. കുടുംബശ്രീ അയൽക്കൂട്ടത്തിനു ലഭിക്കുന്ന ലിങ്കേജ് വായ്പ പ്രകാരം വിവിധ സംരംഭങ്ങൾ ആരംഭിക്കുന്നതിനും നിലവിൽ ഉള്ളത് വികസിപ്പിക്കുന്നതിനും ധനസഹായം ലഭ്യമാക്കും.

## വിദ്യാഭ്യാസ രംഗം

320. പൊതുവിദ്യാഭ്യാസ രംഗത്തെ കൂടുതൽ ശാക്തീകരിക്കുന്നതിനുള്ള നടപടികളാണ് കഴിഞ്ഞ ഒരു വർഷമായി ഈ കൗൺസിൽ എടുത്തത്. നഗരത്തിലെ മുഴുവൻ സ്കൂളുകളുടെയും കളിസ്ഥലങ്ങൾ അടക്കമുള്ളവ അടിസ്ഥാന സൗകര്യ വികസനത്തിന് പ്രത്യേക പ്രാധാന്യമുള്ള പ്രവർത്തനങ്ങളാണ് നടത്തിവരുന്നത്. കോവിഡിന്റെ പശ്ചാത്തലത്തിൽ ക്ലാസുകൾ ഓൺലൈൻ സംവിധാനത്തിലേക്ക് മാറ്റുന്നതിന് പ്രത്യേക പരിഗണന നൽകി പ്രവർത്തിച്ചിരുന്നു.

321. സ്കൂളുകളുടെ അടിസ്ഥാന സൗകര്യവികസനത്തിന്റെ ഭാഗമായി ഫർണിച്ചറുകളും കമ്പ്യൂട്ടർ, ലാപ്ടോപ്, പ്രിന്ററുകൾ തുടങ്ങിയവ നൽകുന്നതിനുള്ള പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമതയോടെ നടത്തും. ശുദ്ധമായ കുടിവെള്ള ലഭ്യതയ്ക്കായി 'വാട്ടർ പ്യൂരിഫയറുകൾ' എല്ലാ സ്കൂളുകളിലും സ്ഥാപിക്കും.

## വിദ്യാഭ്യാസ അവാർഡ്

322. നഗരത്തിലെ ഗവൺമെന്റ്, എയ്ഡഡ് വിദ്യാലയങ്ങളിൽ പഠിക്കുന്ന എസ്എസ്എൽസി, പ്ലസ് ടു പരീക്ഷയിൽ എല്ലാ വിഷയങ്ങൾക്കും എ+ നേടിയ വിദ്യാർഥികളെയും നൂറ് ശതമാനം വിജയം നേടിയ സ്കൂളുകളെയും തുല്യതാ പരീക്ഷയിൽ വിജയിച്ചവരെയും സ്പെഷ്യൽ സ്കൂളിൽ പഠിക്കുന്ന കുട്ടികളേയും വിദ്യാഭ്യാസ അവാർഡ് നൽകി ആദരിച്ചു. രണ്ടായിരത്തി എണ്ണൂറ്റമ്പത് വിദ്യാർഥികളും നാല്പ്പത്തൊമ്പത് സ്കൂളുകളുമാണ് അവാർഡിനർഹമായത്. ഈ മാതൃകയിൽ വിദ്യാർഥികൾക്കും അധ്യാപകർക്കുമുള്ള പ്രോത്സാഹനം എന്ന നിലയിൽ വിദ്യാഭ്യാസ അവാർഡിന് പ്രത്യേക പ്രാധാന്യമുണ്ട്. വിദ്യാഭ്യാസ അവാർഡുകൾ നൽകുന്നത് സ്ഥിരം സംവിധാനമായി മാറ്റും. കൂടുതൽ വിദ്യാർഥികൾക്കും അധ്യാപകർക്കും കൂടുതൽ പഠന മേഖലകളിലേക്കും അവാർഡ് നൽകുന്നത് വ്യാപിപ്പിക്കും.

## വിദ്യാർത്ഥികൾക്കുള്ള ടാബ് വിതരണം

323. കോവിഡിന്റെ പശ്ചാത്തലത്തിൽ ഓൺലൈൻ പഠനത്തിനായി കൊച്ചി നഗര പരിധിയിലെ ഗവൺമെന്റ്, എയ്ഡഡ് വിദ്യാലയങ്ങളിൽ ഡിജിറ്റൽ പഠനോപകരണങ്ങൾ ഇല്ലാത്ത നിർധനരായ വിദ്യാർത്ഥികൾക്കും ഭിന്നശേഷിക്കാരായ വിദ്യാർഥികൾക്കും ഉൾപ്പടെ ഇരുന്നൂറ്റി എൺപത്തൊമ്പത് കുട്ടികൾക്ക് ടാബുകൾ വിതരണം ചെയ്തു. അർഹരായ മുഴുവൻ വിദ്യാർത്ഥികൾക്കുമുള്ള ടാബ് വിതരണം ഈ സമ്പത്തിക വർഷം നടത്തും.

## സ്കൂളുകൾ ഭിന്നശേഷി സൗഹൃദമാക്കൽ

324. ഭിന്നശേഷി സൗഹൃദനഗരം പദ്ധതിയുടെ ഭാഗമായി നഗരസഭാ പരിധിയിലെ സ്കൂളുകളിൽ പഠിക്കുന്ന ഭിന്നശേഷിക്കാരായ കുട്ടികൾക്ക് വേണ്ടി പ്രത്യേക ക്ലാസ്സ് റൂം, ടോയ്ലെറ്റ്, റാമ്പ്, പഠനോപകരണങ്ങൾ തുടങ്ങിയ സജ്ജീകരണങ്ങൾ ഒരുക്കും.

## സ്കൂളുകളിൽ ആധുനിക ലാബ് സൗകര്യം ഒരുക്കൽ

325. നമ്മുടെ വിദ്യാലയങ്ങൾ ആധുനികവല്ക്കരിക്കുന്നതിന്റെ ഭാഗമായി നഗരസഭ പരിധിയിലെ എല്ലാ സർക്കാർ വിദ്യാലയങ്ങളിലും വിവിധ വിഷയങ്ങളിലുള്ള ആധുനിക ലാബുകൾ സജ്ജീകരിക്കുന്നതിന്റെ ഭാഗമായി ഇ.എം.ജി.എച്ച്.എസ്.എസ്.ഫോർട്ടുകൊച്ചി വെളി, ജി.വി.എച്ച്.എസ്.എസ്.നോർത്ത് ഇടപ്പള്ളി എന്നീ സ്കൂളുകളിൽ ഒരു കോടി രൂപ വീതം ചെലവഴിച്ച് ആധുനികരീതിയിലുള്ള ലാബുകളുടെ നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. മുഴുവൻ വിദ്യാലയങ്ങളിലും ആധുനിക രീതിയിലുള്ള ലാബ് സൗകര്യം ഒരുക്കും. പദ്ധതി ഘട്ടംഘട്ടമായി നടപ്പിലാക്കും.

## സ്കൂളുകളുടെ മാസ്റ്റർ പ്ലാൻ തയ്യാറാക്കൽ

326. ജി.എച്ച്.എസ്.എസ്. വെണ്ണല, ജി.ജി.എച്ച്.എസ്.എസ്. എറണാകുളം, ജി.വി.എച്ച്.എസ്.എസ്. നോർത്ത് ഇടപ്പള്ളി, മോഡൽ ടെക്നിക്കൽ എച്.എസ്.എസ്. കലൂർ എന്നീ സ്കൂളുകളുടെ മാസ്റ്റർ പ്ലാൻ തയ്യാറാക്കും.

## സ്മാർട്ട് ക്ലാസ് റൂമുകൾ

327. ശാരീരിക അവശതകൊണ്ടും മറ്റ് കാരണങ്ങൾ കൊണ്ടും സ്കൂളിൽ വന്നു പഠിക്കാൻ സാധിക്കാത്ത കുട്ടികൾക്ക് വീട്ടിനുള്ളിൽ തന്നെ സ്മാർട്ട് ക്ലാസ് റൂമുകൾ നിർമ്മിച്ച് ഓൺലൈൻ ആയി സ്കൂളുമായി ബന്ധിച്ച് പഠനം തുടരാൻ സഹായിക്കുന്ന പദ്ധതി ഈ സാമ്പത്തിക വർഷം നടപ്പിലാക്കും.

## വെണ്ണല സ്കൂൾ ഗ്രൗണ്ട്

328. വെണ്ണല സ്കൂൾ ഗ്രൗണ്ട് ആധുനിക സൗകര്യങ്ങളോടുകൂടിയ സ്പോർട്സ് സ്റ്റേഡിയം ആയി പുനർനിർമ്മിക്കും.

329. പൊതുവിദ്യാഭ്യാസ രംഗത്തെ പ്രവർത്തനങ്ങൾക്കായി അഞ്ച് കോടി രൂപ ചെലവഴിക്കും.

## അംഗനവാടികൾ

330. കൊച്ചി മുനിസിപ്പൽ കോർപ്പറേഷനു കീഴിലുള്ള മുഴുവൻ അംഗനവാടികളും സുസ്ത്യർഹമായ രീതിയിലാണ് പ്രവർത്തിച്ചു വരുന്നത്. അംഗനവാടി പ്രവർത്തനവുമായി ബന്ധപ്പെട്ട എല്ലാ ഉദ്യോഗസ്ഥരേയും ജീവനക്കാരേയും അഭിനന്ദിക്കുന്നു. സംസ്ഥാന സർക്കാരിന്റെ 'ഛായം' പദ്ധതിയിലുൾപ്പെടുത്തി ശിശുസൗഹൃദ കളിപ്പാട്ടങ്ങൾ ഒരുക്കിയ പനമ്പിള്ളിനഗർ അംഗനവാടിയുടെ മാതൃകയിൽ നഗരത്തിലെ മുഴുവൻ അംഗനവാടകളെയും നവീകരിക്കുകയും പുനർക്രമീകരണം ചെയ്യുന്ന പദ്ധതി നടപ്പിലാക്കും. സ്വന്തമായി കെട്ടിടമില്ലാത്ത അംഗൻവാടികൾക്ക് സ്വന്തമായി കെട്ടിടം നിർമ്മിച്ച് നൽകും. അനുപൂരക പോഷകാഹാര വിതരണ പദ്ധതി കൂടുതൽ കാര്യക്ഷമമായി നടപ്പിലാക്കും.

331. പദ്ധതിക്കായി അഞ്ച് കോടി രൂപ ചെലവഴിക്കും.

## പട്ടികജാതി - പട്ടികവർഗ ക്ഷേമം

332. പട്ടികജാതി-പട്ടികവർഗ വിഭാഗത്തിൽപ്പെട്ട ജനങ്ങളുടെ വിദ്യാഭ്യാസ, സാമൂഹ്യ, സാമ്പത്തിക വികസനത്തിന് നിരവധിയായ കർമ്മപദ്ധതികളാണ് കൊച്ചി മുൻസിപ്പൽ കോർപ്പറേഷൻ തയ്യാറാക്കി നടപ്പിലാക്കി വരുന്നത്. പദ്ധതികളെല്ലാം തന്നെ കൂടുതൽ കാര്യക്ഷമമായും അർഹരായ എല്ലാവരിലേക്കും എത്തുന്ന പുനക്രമീകരണം സമയബന്ധിതമായി പൂർത്തീകരിക്കുകയും ചെയ്യും.

333. പദ്ധതികൾക്കായി പത്ത് കോടി രൂപ ചെലവഴിക്കും.

## കലാ - കായിക മത്സരങ്ങൾ

334. നമ്മുടെ നഗരത്തിനെ ലോക സാംസ്കാരിക ഭൂപടത്തിൽ പ്രധാന ഇടം നേടിക്കൊടുത്ത ബിനാലെ അടക്കമുള്ള വിവിധ പദ്ധതികളാണ്

നിലവിൽ നടന്നുവരുന്നത്. ഈ പശ്ചാത്തലത്തിൽ വിദ്യാർത്ഥി സമൂഹത്തെ കലാരംഗത്തോട് കൂടുതൽ അടുപ്പിക്കുന്നതിന് കോർപ്പറേഷൻ സോൺ തലത്തിൽ കലാമേളകൾ സംഘടിപ്പിക്കും. അതിലെ വിജയികളെ പങ്കെടുപ്പിച്ച് ഇന്റർസോണൽ കൾച്ചറൽ ഫസ്റ്റ് സംഘടിപ്പിക്കുന്നതിന് തീരുമാനിക്കുന്നു. ഇതേ രീതിയിൽ കായിക മത്സരങ്ങളും സോണൽ തലത്തിലും തുടർന്ന് ഇന്റർസോണൽ തലത്തിലും സംഘടിപ്പിക്കും.

335. പദ്ധതിക്കായി ഇരുപത് ലക്ഷം രൂപ ചെലവഴിക്കും.

## മേയേർസ് കപ്പ് ഫുട്ബോൾ

336. കോവിഡിന്റെ പശ്ചാത്തലത്തിൽ നടത്തുവാൻ സാധിക്കാതിരുന്ന മേയേർസ് കപ്പ് ഇന്റർ സ്കൂൾ ഫുട്ബോൾ മത്സരങ്ങൾ ഈ സാമ്പത്തിക വർഷം ആരംഭിക്കും. കൂടാതെ, പ്രധാനപ്പെട്ട മറ്റ് വിഭാഗം കായിക മത്സരങ്ങൾ കൂടി മേയേഴ്സ് കപ്പിന്റെ ഭാഗമാക്കും.

337. പദ്ധതിക്കായി പത്ത് ലക്ഷം രൂപ ചെലവഴിക്കും.

## വെളി ഗ്രൗണ്ട്

338. ഫോർട്ടുകൊച്ചിയിലെ ചരിത്രപ്രസിദ്ധമായ വെളി ഗ്രൗണ്ടിന്റെ നവീകരണത്തിനുള്ള പ്രത്യേക പദ്ധതി നടപ്പിലാക്കും. ഗ്രൗണ്ടിന്റെ ദൃശ്യ മനോഹാരിത വർധിപ്പിക്കുന്നതിന് പ്രത്യേക ഊന്നൽ നൽകികൊണ്ടായിരിക്കും പദ്ധതി നടപ്പിലാക്കുക. കൂടാതെ, നിലവിലുള്ള പ്രധാന ഫുട്ബോൾ ഗ്രൗണ്ട് പുതുക്കി നിർമ്മിക്കുകയും ഒരു ടർഫ് ഗ്രൗണ്ട് സംവിധാനം ഒരുക്കുകയും ചെയ്യും. ആധുനിക ലൈറ്റിംഗ് സംവിധാനം ഏർപ്പെടുത്തും. കൊച്ചി നഗരത്തിലെ ഏറ്റവും പ്രധാനപ്പെട്ട കായിക കേന്ദ്രമായി വെളി ഗ്രൗണ്ട് വികസിപ്പിക്കും.

339. പദ്ധതിക്കായി കേന്ദ്ര-സംസ്ഥാന സർക്കാർ സഹായത്തോടെയും തനത് ഫണ്ടും ഉപയോഗിച്ച് അഞ്ചുകോടി രൂപ ചെലവഴിക്കും.

### പള്ളുരുത്തി ഗ്രൗണ്ട്

340. പള്ളുരുത്തി കച്ചേരിപ്പടി കോർപ്പറേഷൻ ഗ്രൗണ്ട് പുനർനിർമ്മിക്കുന്ന പദ്ധതി ഈ സാമ്പത്തിക വർഷം നടപ്പിലാക്കും.

341. പദ്ധതിക്കായി ഇരുപത് ലക്ഷം രൂപ ചെലവഴിക്കും.

### സ്പോർട്സ് കോംപ്ലക്സ്

342. പനമ്പിള്ളിനഗറിൽ കൊച്ചി മുനിസിപ്പൽ കോർപ്പറേഷന്റെ ഉടമസ്ഥതയിലുള്ള സ്ഥലത്ത് ആധുനിക നീന്തൽകുളവും നീന്തൽ പരിശീലന കേന്ദ്രവും റോളർ സ്കേറ്റിംഗിനായുള്ള യാർഡും ഉൾപ്പെടെയുള്ള ഒരു സ്പോർട്സ് കോംപ്ലക്സ് സ്ഥാപിക്കുന്നതിനുള്ള സാദ്ധ്യതാ പഠനം നടത്തും.

### നീന്തൽ പരിശീലന കേന്ദ്രം

343. ഇടക്കൊച്ചിയിലെ വലിയകുളം നവീകരിച്ച് നീന്തൽ പരിശീലന കേന്ദ്രമായി പുനർനിർമിക്കും.

344. പദ്ധതിക്കായി അഞ്ച് ലക്ഷം രൂപ ചെലവഴിക്കും.

### വെണ്ണല മിനി സ്റ്റേഡിയം

345. ഇപ്പോൾ നടന്നുവരുന്ന വേക്കന്റ് ലാന്റ് സർവ്വേയിലൂടെ അനുയോജ്യമായ സ്ഥലം കണ്ടെത്തി വെണ്ണലയിൽ ഒരു മിനി സ്റ്റേഡിയം നിർമ്മിക്കും.

346. പദ്ധതിയുടെ പ്രാരംഭ പ്രവർത്തനങ്ങൾക്കായി അമ്പത് ലക്ഷം രൂപ ചെലവഴിക്കും.

### മാരത്തൺ

347. കോവിഡിന്റെ പശ്ചാത്തലത്തിൽ നടത്താൻ സാധിക്കാതിരുന്ന കൊച്ചി ഇന്റർനാഷണൽ മാരത്തൻ നടത്തുന്നതിന് ഈ രംഗത്ത്

പ്രവർത്തിക്കുന്ന വിവിധ സംഘടനകളുമായി യോജിച്ച് പ്രവർത്തിച്ച് ഈ വർഷം മാരത്തൺ നടത്തും.

**കാർഷിക രംഗം**

348. താൻ ജീവിക്കുന്ന പരിസ്ഥിതിയുടെ സ്വഭാവികതയെ മാറ്റിമറിച്ചു കൊണ്ട് മനുഷ്യർ ആരംഭിച്ച കാർഷിക സംസ്കൃതിയാണ് മനുഷ്യ കുലത്തിന്റെ ഭൂമിയിലെ നിലനിൽപ്പ് സാധ്യമാക്കി തീർത്തത്. പാര മ്പര്യമായി തണ്ണീർതട കൃഷിയിടങ്ങൾ നിലനിന്നിരുന്നയിടങ്ങളിലാണ് ഇന്ത്യയിലെ കൊച്ചിയുൾപ്പെടെയുള്ള തീരപ്രദേശ പട്ടണങ്ങൾ വളർന്നുവന്നത്. നഗരവത്ക്കരണം ഇല്ലാതാക്കിയ കൃഷിയിടങ്ങളെ പറ്റി ഇനി വിലപിച്ചിട്ടു കാര്യമില്ല. നിലവിലെ സാഹചര്യങ്ങൾക്ക് അനുസരിച്ച് നഗരങ്ങളിലും പിന്തുടരാവുന്ന ആധുനിക കൃഷി രീതി കളെ ആശ്രയിക്കുക, നഗരവത്കരണം ഇപ്പോഴും ഇല്ലാതാക്കിയിട്ടി ല്ലാത്തതും തരിശായി കിടക്കുന്നതുമായ കൃഷി ഭൂമി സംരക്ഷിച്ച് അവിടങ്ങളിൽ കൃഷി ചെയ്യാനുള്ള പ്രോത്സാഹനം നൽകുക, നമ്മുടെ നഗരങ്ങളിൽ പലയിടങ്ങളിലും ഇപ്പോഴും തുടരുന്ന വീട്ടു തൊടി (ഹോം ഗാർഡൻ) സംസ്കാരം പ്രോത്സാഹിപ്പിക്കുകയും ശാസ്ത്രീയമായി നവീകരിക്കുകയും ചെയ്യുക എന്നിവയെല്ലാമാണ് നഗരങ്ങളിലെ നമ്മുടെ കാർഷിക സംസ്കൃതിയുടെ തുടർച്ചയ്ക്ക് ചെയ്യാനാവുന്നത്.

349. മട്ടുപാവ് കൃഷി, വെർട്ടിക്കൽ ഗാർഡൻ കൃഷി, ബയോ ഫ്ലോക്ക് മീൻ കൃഷി, അക്വാപോണിക്സ്, ഹൈഡ്രോപോണിക്സ്, സ്മാർട്ട് അഗ്രിക്കൾച്ചർ തുടങ്ങിയ നഗര കൃഷികളിലെ ആധുനിക രീതികളിൽ പരിശീലനം നൽകേണ്ടതുണ്ട്. ഇത്തരം മാതൃകാ കൃഷികൾ ചെയ്യു ന്നവർക്ക് സബ്സിഡിയും മറ്റ് വിപണന സംവിധാനങ്ങളും ഒരുക്കി നൽകും. അതിനായി കാർഷിക സർവ്വകലാശാലയുമായി ചേർന്ന് കുടുബശ്രീ സംഘങ്ങൾക്കായി പദ്ധതി തയ്യാറാക്കും.

350. ഇന്റാക്ട് ബയോ ജൈവ വൈവിധ്യ പദ്ധതിയുടെ ഭാഗമായി നടത്തിയ സർവേയിൽ കണ്ടെത്തിയ തരിശിട്ടിരിക്കുന്ന പൊക്കാളി കൃഷിയിടങ്ങളിൽ കൃഷിയിറക്കി ആ കൃഷിയിടങ്ങൾ സംരക്ഷിക്കുന്നതിനുള്ള പദ്ധതി തയാറാക്കും. നഗരത്തിലെ കൃഷിയോഗ്യമായ മറ്റ് പ്രദേശങ്ങൾ കണ്ടെത്താൻ പ്രത്യേക സർവ്വെയും പഠനങ്ങളും നടത്തും.

351. നമ്മുടെ പാരമ്പര്യ വീട്ടു തൊടികൾ കേരളത്തിലെ സുസ്ഥിര ജീവനത്തിന്റെ ഉദാത്ത മാതൃകയായാണ് വിലയിരുത്തപ്പെടുന്നത്. ഇന്റാക്ട് ബയോ ജൈവ വൈവിധ്യ പദ്ധതിയുടെ ഭാഗമായി ഐ.സി.എൽ. ഇ.ഐ. യും കേരള വനഗവേഷണ സ്ഥാപനവും ചേർന്ന് കൊച്ചി നഗര പ്രദേശത്തുള്ള വീട്ടുതൊടികളെ പറ്റിയുള്ള പഠനം വ്യക്തമാക്കുന്നത് നമ്മുടെ നഗരത്തിലും സജീവമായ വീട്ടു തൊടികളും വീട്ടു തൊടികൾ സംരക്ഷിക്കാൻ താല്പര്യമുള്ളവരും വീട്ടുതൊടികളുടെ നവ മാതൃകകളും ഏറെയുണ്ട് എന്നു തന്നെയാണ്. ഈ വീട്ടു തെടികളിൽ എൻഡമിക് സസ്യങ്ങളും വംശനാശ ഭീഷണി നേരിടുന്ന സസ്യങ്ങളും ഉൾപ്പെടെ 550 തോളം സ്പീഷ്യസുകളിൽപ്പെട്ട സസ്യങ്ങളുണ്ട് എന്ന അറിവ് ആശാവഹമാണ്. ശരിയായ പ്രോത്സാഹനവും കൃത്യമായ ശാസ്ത്രീയ പരിപാലന മുറകളും ലഭ്യമാക്കിയാൽ മറ്റ് നഗരങ്ങൾക്കു കൂടി മാതൃകയാകാവുന്ന രീതിയിൽ നമ്മുടെ നഗര വീട്ടു തൊടികളെ ഒരുക്കിയെടുക്കാൻ കഴിയും. കൊച്ചിയിലെ വിട്ടു തൊടികളുടെ പ്രോത്സാഹനത്തിനും ബോധവത്ക്കരണത്തിനുമായി കൃഷി വകുപ്പും മറ്റ് ഏജൻസികളുമായി ചേർന്ന് ഒരു പ്രത്യേക പദ്ധതി നടപ്പിൽ വരുത്തും.

352. കാർഷിക മേഖലയുടെ പ്രവർത്തനങ്ങൾക്കായി രണ്ട് കോടി രൂപ ചെലവഴിക്കും.

## മത്സ്യബന്ധന മേഖല

353. നമ്മുടെ നഗരത്തിന്റെ സാമ്പത്തിക വളർച്ചയിൽ ഏറ്റവും പ്രധാനപ്പെട്ട സംഭാവന നൽകുന്ന മേഖലയാണ് മത്സ്യമേഖല. സമുദ്രോല്പന്നങ്ങളുടെ കയറ്റുമതി മുതൽ കൊച്ചിയുടെ ചിഹ്നമായ ചൈനീസ് ഫിഷിംങ്ങ് നെറ്റ് വരെ ഈ മേഖലയുടെ പ്രാധാന്യം പ്രത്യേകം വിളിച്ചോതുന്നതാണ്. മത്സ്യമേഖലയുടെ പുരോഗതിക്കും തൊഴിലാളികൾ അടക്കമുള്ള മത്സ്യമേഖലയുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന എല്ലാ വിഭാഗം ആൾക്കാർക്കുമുള്ള ഗുണകരമായ നേട്ടങ്ങൾ ഉണ്ടാക്കാൻ സാധിക്കുന്ന പദ്ധതികൾക്കും പ്രവർത്തനങ്ങൾക്കും ഈ കൗൺസിൽ മുൻഗണന നൽകും.

354. കൊച്ചിയുടെ തനത് ജനസംഖ്യയുടെ നല്ലൊരു ശതമാനം മത്സ്യബന്ധനം, മത്സ്യ വിപണനം തുടങ്ങിയ മത്സ്യാനുബന്ധ തൊഴിലുകൾ ഉപജീവന മാർഗ്ഗമായി സ്വീകരിച്ചിട്ടുള്ളവരാണ്. സാമൂഹ്യവും സാമ്പത്തികവുമായി ഏറ്റവും താഴെ തട്ടിൽ പെടുന്നവരാണ് ഇവരിലേറെയും. കാലാവസ്ഥാ വ്യതിയാനവും പ്രകൃതി ദുരന്തങ്ങളും ജലമലിനീകരണവും കണ്ടൽ കാടുകളുടെ നാശവും ഏറ്റവും സാരമായി ബാധിച്ചിട്ടുള്ളത് ഈ ജനങ്ങളെയാണ്. പലരും ഈ തൊഴിൽ ഉപേക്ഷിക്കാൻ നിർബന്ധമാക്കപ്പെട്ടുകൊണ്ടുമിരിക്കുന്നു.

355. കൊച്ചിക്കായലിലേയും തീരപ്രദേശങ്ങളിലേയും മത്സ്യബന്ധന മേഖല നിലവിൽ അഭിമുഖീകരിക്കുന്നതും സമീപ ഭാവിയിൽ തന്നെ അഭിമുഖീകരിക്കാൻ സാധ്യതയുള്ളതുമായ പ്രശ്നങ്ങളും അവയുടെ പ്രായോഗിക പരിഹാര മാർഗ്ഗങ്ങളെക്കുറിച്ചുമുള്ള കാര്യക്ഷമമായ ഒരു ശാസ്ത്രീയ പഠനം അനിവാര്യമാണ്. കൊച്ചി ഏറ്റെടുക്കാൻ പോകുന്ന കലാവസ്ഥാ വ്യതിയാന പഠനങ്ങളുടെ ഭാഗമായി ഇത്തരമൊരു പഠനം കൂടി ഉൾപ്പെടുത്തും.

356. മത്സ്യബന്ധനവുമായി ബന്ധപ്പെട്ട തൊഴിലിലേർപ്പെട്ടിരിക്കുന്നവരുടെ

ജീവിതനിലവാരം ഉയർത്തുന്നതിനുള്ള യോജിച്ച ശ്രമങ്ങളും ആവശ്യമാണ്. മത്സ്യ ബന്ധന തൊഴിലിലേർപ്പെട്ടിരിക്കുന്നവരോ അവരുടെ കുടുംബാംഗങ്ങളോ ഉൾപ്പെട്ട കുടുംബശ്രീ യൂണിറ്റുകൾക്ക് മത്സ്യ വിഭവങ്ങളുടെ മൂല്യവർധിത ഉത്പന്ന നിർമാണത്തിനും വിപണനത്തിനുമുള്ള പരിശീലനം നല്കുന്നതിനും നിർമാണ യൂണിറ്റ് തുടങ്ങുന്നതിനും പദ്ധതി വിഭാവനം ചെയ്യും.

357. മത്സ്യത്തൊഴിലാളികളുടെ സാമ്പത്തിക ഉന്നമനത്തിനുള്ള വിവിധ പദ്ധതികൾ, വിദ്യാർത്ഥികളുടെ പഠന സഹായവും സൗകര്യങ്ങളും വീടുകളുടെയും കോളനികളുടെയും നവീകരണം, മത്സ്യബന്ധന ഉപകരണങ്ങളുടെ വിതരണം തുടങ്ങിയ പദ്ധതികൾ കൂടുതൽ കാര്യക്ഷമവും ശാസ്ത്രീയവുമായി നടപ്പിലാക്കും.

## ഫിഷ് ലാൻഡിങ് സെന്റർ

358. നഗരത്തിലെ മുഴുവൻ ഫിഷ് ലാൻഡിങ് സെന്ററുകളും നവീകരിക്കുന്നതിന് ഈ കൗൺസിൽ പ്രത്യേക ഊന്നൽ നൽകും. ആൽബുകർക്ക് ഫിഷ് ലാൻഡിങ് സെന്റർ ആധുനികരീതിയിൽ പുനർനിർമ്മിക്കുന്ന പ്രവർത്തനം ഈ സാമ്പത്തിക വർഷം ആരംഭിക്കും.

359. മത്സ്യ മേഖലയുടെ പ്രവർത്തനങ്ങൾക്കായി ഒന്നരക്കോടി രൂപ ചെലവഴിക്കും.

## അറവ് ശാലകൾ

360. കഴിഞ്ഞ ബജറ്റിൽ പ്രഖ്യാപിച്ച കലൂർ അറവ് ശാലയുടെ പുനർനിർമ്മാണവും മരക്കടവിൽ പുതിയ അറവുശാല സ്ഥാപിക്കുന്നതുമായ പ്രവർത്തികൾ പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കും.

361. പദ്ധതിക്കായി ഒരു കോടി രൂപ ചെലവഴിക്കും.

## ബി.പി.എൽ. ലിസ്റ്റിൽ നിന്നും ഒഴിവാക്കിയവർ

362. കഴിഞ്ഞ ബജറ്റിൽ പ്രഖ്യാപിച്ച, സാങ്കേതിക കാരണങ്ങളാൽ ബി.പി. എൽ. ലിസ്റ്റിൽനിന്നും ഒഴിവാക്കപ്പെട്ട അർഹരായ ആളുകൾക്ക്, ബി.പി.എൽ. ലിസ്റ്റിലുള്ളവർക്ക് കിട്ടുന്ന അതേ രീതിയിൽ റേഷനുകളും മറ്റ് സാധനങ്ങളും നൽകുന്ന പദ്ധതിക്ക് ഈ വർഷം തുടക്കം കുറിക്കും. സിവിൽ സപ്ലൈസ് കോർപ്പറേഷനുമായി ചേർന്ന് ഇതിനകം തന്നെ പദ്ധതി നടത്തിപ്പ് സംബന്ധിച്ച് ധാരണയിലെത്തിയിട്ടുണ്ട്

363. ഈ പദ്ധതിക്കായി അമ്പത് ലക്ഷം രൂപ നീക്കി വയ്ക്കുന്നു.

## ഫുഡ് ടെസ്റ്റിംഗ് ലാബുകൾ

364. നാം ഉപയോഗിക്കുന്ന ഭക്ഷ്യവസ്തുക്കൾ സുരക്ഷിതമാണെന്ന് ഉറപ്പുവരുത്തേണ്ടത് അനിവാര്യമായിരിക്കുകയാണ്. ഈ സാഹചര്യത്തിൽ പൊതുജനങ്ങൾക്ക് പ്രാപ്യമായ രീതിയിൽ മൊബൈൽ ഫുഡ് ടെസ്റ്റിംഗ് ലാബുകൾ സജ്ജീകരിക്കും. നിയോജൻ ലാബ്, സ്റ്റെർലിംഗ് ഗ്രൂപ്പ് എന്നിവരുടെ സഹായത്തോടെ സി.എസ.ആർ.ഫണ്ട് ഉപയോഗിച്ചു കൊണ്ട് ഫുഡ് ടെസ്റ്റിംഗ് ലാബുകൾ സ്ഥാപിക്കും.

## ക്യാമറകൾ

365. പൊതുസ്ഥലത്ത് മാലിന്യം നിക്ഷേപിക്കുന്നത് കണ്ടെത്തുന്നതിനും സുരക്ഷയുടെ ഭാഗമായും നഗരത്തിൽ തിരഞ്ഞെടുത്ത കേന്ദ്രങ്ങളിൽ സുരക്ഷാ ക്യാമറകൾ സ്ഥാപിക്കും.

366. വിവിധ ഏജൻസികളുടെ സഹായവും സ്പോൺസർഷിപ്പും ഇതിനായി ലഭ്യമാക്കും.

## സാമ്പത്തികരംഗം

367. സാമ്പത്തികരംഗത്തെ ആധുനികവും ശാസ്ത്രീയവുമായ രീതികൾ സ്വീകരിച്ചുകൊണ്ട് തികഞ്ഞ സാമ്പത്തിക അച്ചടക്കത്തോടെ

വികസന പദ്ധതികൾ നടപ്പിലാക്കുക എന്ന ഈ കൗൺസിലിന്റെ സാമ്പത്തിക നയം ആദ്യ ബജറ്റിൽ തന്നെ വ്യക്തമാക്കിയിട്ടുള്ളതാണ്.

368. പരസ്യ നികുതി കൃത്യമായി കണക്കാക്കുന്നതിനും പിരിച്ചെടുക്കുന്നതിനുമുള്ള കാര്യക്ഷമമായ സംവിധാനം നിലവിൽ വരുത്തുകയും പരസ്യങ്ങൾക്കായി ഒരു സൂപ്പർവൈസറി ചാർജ് ഈടാക്കുകയും ചെയ്യും. പ്രൊഫഷണൽ ടാക്സ് കാലാനുസൃതമായി പുതുക്കി കൃത്യമായി പിരിച്ചെടുക്കുന്നതിനുള്ള സംവിധാനവും കൊണ്ടുവരും. കൊച്ചി മുനിസിപ്പൽ കോർപ്പറേഷൻ വാടകയ്ക്ക് കൊടുത്തിരിക്കുന്ന കെട്ടിടങ്ങളുടെ വാടക കാലാനുസൃതമായി പുതുക്കി നിശ്ചയിക്കുകയും കുടിശ്ശിക പിരിച്ചെടുത്ത് വാടക കരാർ പുതുക്കിയ വ്യവസ്ഥകൾക്ക് ബാധകമാക്കുകയും ചെയ്യും. രണ്ടായിരം ചതുരശ്രഅടി വിസ്തീർണത്തിൽ കൂടുതലുള്ള റെസിഡൻഷ്യൽ കെട്ടിടങ്ങൾക്കും മുഴുവൻ കൊമേർഷ്യൽ കെട്ടിടങ്ങൾക്കും വസ്തുനികുതി പരിഷ്കരണത്തിന്റെ പരിധിയിൽ വരുത്തിയും മുഴുവൻ കുടിശ്ശിക പിടിച്ചെടുത്തും നാല്പ്പത് കോടിയോളം രൂപയുടെ അധിക വരുമാനം കണ്ടെത്തും.

369. മുനിസിപ്പൽ കോർപ്പറേഷൻ പരിധിയിലുള്ള മുഴുവൻ കേന്ദ്രസർക്കാർ കെട്ടിടങ്ങൾക്കും സർവീസ് ചാർജ് ഈടാക്കുന്നതിന് നടപടി സ്വീകരിക്കും. മുനിസിപ്പൽ കോർപ്പറേഷൻ പരിധിയിലേക്ക് വരുന്ന മരത്തടികൾക്ക് പുതുതായി ടിംബർ ടാക്സ് ഏർപ്പെടുത്തി വരുമാനം കണ്ടെത്തും. പരസ്യ ഹോർഡിംഗുകൾക്ക് സൂപ്പർവിഷൻ ചാർജ് ഏർപ്പെടുത്തി അധിക വരുമാനം കണ്ടെത്തും. ജി.എസ്.ടി. കോമ്പൻസേഷൻ സംസ്ഥാന സർക്കാരിൽ നിന്നും ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കും. വാടകക്കുടിശ്ശിക ഈടാക്കുന്നതിനും ലേലത്തിൽ പോകാത്ത മുറികൾ പ്രവർത്തനക്ഷമമാക്കി നൽകുന്നതിനും നടപടി സ്വീകരിക്കും. വ്യാപാര സ്ഥാപനങ്ങളിൽ നിന്നുള്ള ഫുഡ് വേസ്റ്റ്, മറ്റ് തദ്ദേശ സ്ഥാപനങ്ങളിൽ നിന്നുള്ള മാലിന്യവുമായി ബന്ധപ്പെട്ട ഫീസ് എന്നിവയുടെ യൂസർ ചാർജ്ജുകൾ കൃത്യമായി പിരിച്ചെടുക്കുന്നതിന് നടപടി സ്വീകരിക്കും.

370. ഇത്തരത്തിൽ തനത് വരുമാനത്തിലൂടെ നൂറ് കോടി രൂപയോളം അധിക വരുമാനം ഈ സാമ്പത്തിക വർഷം പ്രതീക്ഷിക്കുന്നു.

## ധനകാര്യ കമ്മീഷൻ ഗ്രാന്റ്

371. പതിനഞ്ചാം കേന്ദ്ര ധനകാര്യ കമ്മീഷൻ ഗ്രാന്റിനത്തിൽ കൊച്ചി മുൻസിപ്പൽ കോർപ്പറേഷൻ നേതൃത്വം നൽകുന്ന പതിമൂന്ന് പ്രാദേശിക സർക്കാരുകൾ ഉൾപ്പെടുന്ന കൊച്ചി നഗരത്തിനായി ഗ്രാന്റായി നാൽപ്പത്തഞ്ച് കോടി രൂപ ലഭ്യമാക്കും. ഇതിൽ മുപ്പത്തൊന്ന് കോടി പതിനാറ് ലക്ഷം രൂപ കൊച്ചി മുനിസിപ്പൽ കോർപ്പറേഷനുള്ള വിഹിതമാണ്. പതിമൂന്ന് കോടി എൺപത്തിമൂന്ന് ലക്ഷം രൂപ നഗര സഞ്ചയത്തിലുൾപ്പെട്ട മറ്റു പ്രാദേശിക സർക്കാരുകൾക്കുള്ളതാണ്.

## കെ.എസ്.ഡബ്ല്യു.എം.പി. ഗ്രാന്റ് (വേൾഡ് ബാങ്ക്)

372. വേൾഡ് ബാങ്ക് സഹായത്തോടെ നടപ്പിലാക്കുന്ന ‘കേരള സോളിഡ് വേസ്റ്റ് മാനേജ്മെന്റ്’ പദ്ധതിയുടെ ഭാഗമായി ഈ സാമ്പത്തിക വർഷം ഗ്രാന്റ് ഇനത്തിൽ എഴുപത്തൊന്ന് കോടിയോളം രൂപ കൊച്ചി മുനിസിപ്പൽ കോർപ്പറേഷന് ലഭ്യമാവും.

## ഉപസംഹാരം

373. കൊച്ചി മുനിസിപ്പൽ കോർപ്പറേഷന്റെ കഴിഞ്ഞ സാമ്പത്തിക വർഷത്തെ പ്രവർത്തനം പദ്ധതികളുടെ ശരിയായ നടത്തിപ്പിന് പശ്ചാത്തല സൗകര്യങ്ങളൊരുക്കുക എന്നതിന് പ്രത്യേക പ്രാധാന്യം നൽകികൊണ്ടുള്ളതായിരുന്നു. പദ്ധതികളുടെ നടത്തിപ്പിനായി ഒരുക്കേണ്ട ഏറ്റവും പ്രധാനപ്പെട്ട കാര്യങ്ങൾ വിവിധ സർക്കാർ വകുപ്പുകളുടേയും സർക്കാർ അർധ സർക്കാർ സർക്കാരിതര ഏജൻസികളുടെ കാര്യക്ഷമമായ ഏകോപനവും കൂട്ടായ പ്രവർത്തനങ്ങളും ഉറപ്പുവരുത്തുക എന്നതും കൊച്ചിയുടെ വികസനത്തിന് ആവശ്യമായ

കേന്ദ്ര-സംസ്ഥാന സർക്കാർ വകുപ്പുകളുടെ പിന്തുണ ഉറപ്പു വരുത്തുക എന്നതുമായിരുന്നു. നിലവിൽ നടക്കുന്ന പ്രൊജക്ടുകൾക്ക് മാത്രമല്ല ആ പ്രൊജക്ടുകളുടെ തുടർ ഘട്ടങ്ങൾക്കും പുതിയ പ്രൊജക്ടുകൾ ആരംഭിക്കുന്നതിനും ഈ പശ്ചാത്തലം അത്യന്താപേക്ഷിതമാണ്. ഇങ്ങനെയൊരു സാഹചര്യം ഒരുക്കിക്കൊണ്ട് നമ്മുടെ നഗരത്തിൽ നടക്കുന്ന വികസന പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കി എന്നതാണ് ഈ കൗൺസിലിന്റെ സുപ്രധാന നേട്ടങ്ങളിലൊന്ന്. നഗര പിതാവ് എന്ന നിലയിൽ മേയറുടേയും എഴുപത്തിനാല് കൗൺസിലർമാരുടേയും വിവിധ വകുപ്പുകളിലെ ഉദ്യോഗസ്ഥരുടേയും കൂട്ടായ നിരന്തര പരിശ്രമം ഫലം കണ്ടു തുടങ്ങി എന്നത് കൊച്ചിയിലെ വികസന പ്രവർത്തനങ്ങൾ നിരീക്ഷിക്കുന്ന ഏവർക്കും വ്യക്തമാകും. സ്മാർട്ട് സിറ്റി മിഷൻ അടക്കമുള്ള ഏജൻസികളുടെ പ്രവർത്തനങ്ങൾക്കുണ്ടായ പുത്തനുണർവിൽ മുകളിൽ സൂചിപ്പിച്ച പശ്ചാത്തലമൊരുക്കലാണ് അടിസ്ഥാനമായത്. ഏറെ ശ്രമകരമായി നാം ഒരുക്കിയെടുത്തിട്ടുള്ള എല്ലാവരേയും യോജിപ്പിച്ചുകൊണ്ടുള്ള പ്രവർത്തന മികവ് നമുക്ക് മുന്നോട്ട് കൊണ്ടുപോകേണ്ടതുണ്ട്.

374. കൊച്ചിയുടെ വികസനക്കുതിപ്പിന് നേതൃത്വം നൽകുന്ന നമ്മുടെ പ്രിയങ്കരനായ മുഖ്യമന്ത്രി ശ്രീ.പിണറായി വിജയനും മന്ത്രിമാർക്കും നമ്മുടെ എം.പി., എം.എൽ.എ.മാർ, വിവിധ സ്ഥാപന മേധാവികൾ, നമ്മുടെ നഗരത്തിൽ പ്രവർത്തിക്കുന്ന വിവിധ ഏജൻസികൾ എന്നിവരോടെല്ലാം പ്രത്യേക നന്ദി അറിയിക്കുന്നു.

375. കേന്ദ്രാവിഷ്കൃത പദ്ധതികളിലൂടെ നഗരവികസനത്തിന് പിന്തുണ നൽകുന്ന ബഹുമാനപ്പെട്ട കേന്ദ്രസർക്കാരിനുള്ള പ്രത്യേക നന്ദി അറിയിക്കുന്നു.

376. കേന്ദ്ര-സംസ്ഥാന സർക്കാർ സെക്രട്ടറിമാർ, വിവിധ സർക്കാർ വകുപ്പ് തലവന്മാർ, വിവിധ രാഷ്ട്രീയ കക്ഷി നേതാക്കൾ, വിവിധ സംഘ

ടനകൾ, വാണിജ്യ വ്യവസായ വിദ്യാഭ്യാസ സ്ഥാപനങ്ങൾ, കലാ സാഹിത്യ രംഗങ്ങളിൽ പ്രവർത്തിക്കുന്ന സംഘടനകൾ, റെസിഡന്റ് അസോസിയേഷനുകൾ എന്നിവരുടെ പിന്തുണക്കും നന്ദി അറിയിക്കുന്നു.

377. കൊച്ചിൻ പോർട്ട് ട്രസ്റ്റ് ചെയർമാൻ ഡോ. എം. ബീന ഐ.എ.എസ്, എറണാകുളം ജില്ലാ കളക്ടർ ശ്രീ. ജാഫർ മാലിക് ഐ.എ.എസ്., മുൻ ജില്ലാ കളക്ടർ ശ്രീ. എസ്. സുഹാസ് ഐ.എ.എസ്., കെ.എം.ആർ.എൽ. ഡയറക്ടർ ശ്രീ. ലോക്നാഥ് ബഹ്റ, സതേൺ നേവൽ കമാണ്ട് ചീഫ് വൈസ് അഡ്മിറൽ എം.എ. ഹമ്പി ഹോളി, കൊച്ചി സ്മാർട്ട് മിഷൻ ലിമിറ്റഡ് സി.ഇ.ഒ. ശ്രീ. എസ്. ഷാനവാസ്, സിറ്റി പോലീസ് കമ്മിഷണർ ശ്രീ. നാഗരാജു, കൊച്ചിൻ ഷിപ്പ്യാർഡ് ലിമിറ്റഡ് ചെയർമാൻ ആൻഡ് മാനേജിംഗ് ഡയറക്ടർ ശ്രീ. മധു എസ്. നായർ, ജി.സി.ഡി.എ. ചെയർമാൻ ശ്രീ. കെ. ചന്ദ്രൻ പിള്ള, മുൻ മേയർമാർ, മുൻ ഡെപ്യൂട്ടി മേയർമാർ എന്നിവരോട് കൊച്ചി ജനതയുടെ നന്ദി അറിയിക്കുന്നു.

378. ഇന്ത്യൻ നേവി, കൊച്ചിൻ പോർട്ട് ട്രസ്റ്റ്, കൊച്ചിൻ ഷിപ്പ്യാർഡ് ലിമിറ്റഡ്, ബി.പി.സി.എൽ., കെ.ഡബ്ല്യു.എ., കെ.എസ്.ഇ.ബി, ബി.എസ്.എൻ.എൽ., കെ.എസ്.ഐ.എൻ.സി., കെ.എം.ആർ.എൽ., കൊച്ചി സ്മാർട്ട് മിഷൻ ലിമിറ്റഡ്, എസ്.സി.എം.എസ്. ഗ്രൂപ്പ്, മുത്തൂറ്റ് ഫിനാൻഷ്യൽ സർവ്വീസസ് ലിമിറ്റഡ് തുടങ്ങിയ സ്ഥാപനങ്ങളുടെ പിന്തുണക്കുള്ള നന്ദി ഞാൻ പ്രത്യേകം രേഖപ്പെടുത്തുന്നു.

379. എന്റെ സഹകൗൺസിലർമാരോടും മുഴുവൻ ജീവനക്കാരോടും പ്രിയ മാധ്യമ സുഹൃത്തുക്കളോടും സ്നേഹത്തിന്റെ ഭാഷയിൽ നന്ദി രേഖപ്പെടുത്തുന്നു.

380. ജനപക്ഷ വികസന വഴികളിൽ അഭിമാന സ്ഥാപനമായി കൊച്ചി മുനിസിപ്പൽ കോർപ്പറേഷൻ തുടർന്നും നിലനിൽക്കേണ്ടതുണ്ട്. എല്ലാ

വിഭാഗം ജനങ്ങളേയും ഉൾക്കൊണ്ടുകൊണ്ടുള്ള ഒരു വികസന പ്രവർത്തന മാതൃക തന്നെയാകും വരും വർഷങ്ങളിലും ഈ കൗൺസിൽ തുടരുക. അതിനായുള്ള കൂട്ടായ പ്രവർത്തനങ്ങൾ ഒരിക്കൽ കൂടി അഭ്യർത്ഥിച്ചുകൊണ്ട് ഈ ബജറ്റ് കൗൺസിലിന്റെ അംഗീകാരത്തിനായി സമർപ്പിക്കുന്നു.

സ്നേഹാദരങ്ങളോടെ,

**ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റിക്കുവേണ്ടി,**

**ചെയർപേഴ്സൺ**

**കെ.എ. അൻസിയ**

**ഡെപ്യൂട്ടി മേയർ**